# ഇസ്‌ലാമിനെ അടുത്തറിയാൻ

## അടിസ്ഥാന തത്വങ്ങൾ, മൂല്യങ്ങൾ, പാരമ്പര്യം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരണം

ഈ സത്യാസത്യ വിവേചകഗ്രന്ഥം (അൽ ഫുർഖാൻ) തന്റെ ദാസന്ന് അവതരിപ്പിച്ചു കൊടുത്തവൻ അളവറ്റ അനുഗ്രഹമുടയവനത്രെ. ആ ദാസൻ ലോകർക്കൊക്കെയും മുന്നറിയിപ്പുകാരൻ ആയിരിക്കേണ്ടതിന്.

(ഖുർആൻ 25:1)

# ഇസ്‌ലാമിനെ അടുത്തറിയാൻ

## അടിസ്ഥാന തത്വങ്ങൾ, മൂല്യങ്ങൾ, പാരമ്പര്യം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരണം

നാലാം എഡിഷൻ: റമദാൻ 1447/മാർച്ച് 2026

ഇസ്‌ലാമിനെ മനസ്സിലാക്കാൻ സഹായകമാകും വിധം, സൗജന്യ വിതരണത്തിന് വേണ്ടി ഏതു ഭാഷയിലും ഈ പുസ്തകം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാവുന്നതാണ്; ഇതിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുകയോ, പുസ്തകം വിൽപ്പന നടത്തുകയോ ചെയ്യരുത്.

**പ്രസാധനം**
ഇസ്‌ലാമിക് ഇൻഫർമേഷൻ സെന്റർ
സുൽത്താൻ ഖാബൂസ് ഗ്രാന്റ് മസ്ജിദ്
മസ്കറ്റ്, ഒമാൻ
Mail : info@iicoman.om | www.iicoman.com




**പരമ കാരുണികനും**
**കരുണാനിധിയുമായ**
**അല്ലാഹുവിന്റെ നാമത്തിൽ**

# ഉള്ളടക്കം


- ആമുഖം

1. ഇസ്‌ലാം ചരിത്ര വഴികളിൽ
2. അർഥവും അടിസ്ഥാന തത്വങ്ങളും
3. അല്ലാഹുവിന്റെ സ്വത്വം, ഗുണങ്ങൾ
4. മുഹമ്മദ് നബിയുടെ വ്യക്തിത്വം
5. പ്രവാചകത്വത്തിന്റെ ആധികാരികത
6. ഖുർആൻ: ചരിത്രവും സന്ദേശവും
7. ഖുർആനിന്റെ ആധികാരികത
8. പ്രവാചകന്റെ പാരമ്പര്യം
9. മരണാനന്തര ജീവിതം
10. ഇതര മതങ്ങളോടുള്ള സമീപനം
11. യേശു ഇസ്‌ലാമിൽ
12. മതങ്ങളെല്ലാം സത്യമല്ലേ?
13. നിരീശ്വരവാദത്തെ കുറിച്ച താക്കീത്
14. സ്ത്രീയുടെ സ്ഥാനം
15. മതാതിവാദവും അക്രമവും
16. ജിഹാദ്
17. ഇസ്‌ലാമിക നിയമസംഹിത
18. വ്യത്യസ്ത ധാരകൾ
19. അടിസ്ഥാന മനുഷ്യാവകാശങ്ങൾ
20. സാംസ്കാരിക വൈവിധ്യത
21. എന്തുകൊണ്ട് മതം?
22. ഇസ്‌ലാമിൽ പ്രവേശിക്കാൻ

- ശബ്ദാവലി
- കുറിപ്പുകൾ
- അവലംബം

# ആമുഖം

മനുഷ്യ സൃഷ്ടിപ്പിന്റെ അതിപ്രധാന ലക്ഷ്യം അല്ലാഹുവിന് വിധേയപ്പെടുകയും അവന്റെ കൽപ്പനയനുസരിച്ച് ജീവിക്കുകയും ചെയ്യലാണ്. ഈ ലക്ഷ്യത്തോടെ, അവന്റെ ഇച്ഛകൾക്കനുസരിച്ച് നമ്മുടെ സമർപ്പണത്തെ ക്രമീകരിക്കാനായി അവൻ നമുക്കൊരു ജീവിതക്രമം രൂപപ്പെടുത്തിയിട്ടുണ്ട്; ഇതിനെ അറബിയിൽ ഇസ്‌ലാം എന്ന് വിളിക്കുന്നു. മനുഷ്യരാശിയെ സന്മാർഗത്തിലേക്ക് നയിക്കാൻ അല്ലാഹു ദൂതന്മാരെ നിയമിക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അതിനാൽ, മുഴുവൻ മനുഷ്യർക്കും തങ്ങളുടെ സ്രഷ്ടാവിന്റെ സന്ദേശം അറിയാനും തെരഞ്ഞെടുക്കാനുമുള്ള അവസരമുണ്ട്. ഇത് അനിഷേധ്യമായ അവകാശമാണ്. എന്നാൽ, പ്രാരംഭ കാലം മുതൽ തന്നെ വിമർശകർ ഇസ്‌ലാമിക ആശയങ്ങൾ വക്രീകരിച്ച് അവതരിപ്പിച്ചു വരുന്നതിനാൽ, ദൈവിക ദർശനത്തെ കുറിച്ച് ഏറെ തെറ്റിദ്ധാരണകൾ നിലനിൽക്കുന്നുണ്ട്. ഇസ്‌ലാമിക സത്യം അന്വേഷിക്കുന്നവർക്ക് മുന്നിൽ ഇതൊരു വെല്ലുവിളി തന്നെയാണ്. ഇസ്‌ലാം ചർച്ചയാകുന്ന ഇടങ്ങളിലെല്ലാം സ്വയം പ്രഖ്യാപിത 'വിദഗ്ധർ' പക്ഷപാതപരമായ മുൻവിധികൾ നിരത്തുമ്പോൾ പലർക്കും സത്യം അന്യമായിത്തീരുന്നു. പാശ്ചാത്യ എഴുത്തുകാർ ഇത്രയേറെ വിമർശിച്ച് എഴുതിയതും നിഷേധാത്മകതയും തെറ്റിദ്ധാരണകളും പരത്തിയതുമായ മറ്റൊരു മതവും ഇസ്‌ലാമല്ലാതെ ഇല്ലെന്നു തന്നെ പറയാം. ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന എഴുത്തുകൾ ധാരാളമുണ്ട്.

എന്നാൽ, ആധികാരികവും വസ്തുതാപരവുമായി തന്നെ, ലളിതമായി ഇസ്‌ലാമിനെ അവതരിപ്പിക്കുന്ന, ധ്രുവീകരണങ്ങൾ തടയുകയും ഉൾക്കൊള്ളലിന്റെ പാരമ്പര്യത്തെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന കൃതികൾ വിരളമാണ്.

ഈ മഹദ് ദൈവിക ദർശനത്തിന്റെ വെളിച്ചം പ്രസാരണം ചെയ്യുകയും തെറ്റിദ്ധാരണകളും വികല വിചാരങ്ങളും തിരുത്തുകയും ചെയ്യുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. മനുഷ്യലോകത്തിന് ഇസ്‌ലാമിന്റെ യഥാർത്ഥ ചിത്രവും വിശ്വാസത്തിന്റെ സത്യവും സത്തയൊട്ടും ചോർന്നു പോകാതെ അവതരിപ്പിക്കുകയാണ് ഈ കൃതി. വിശ്വാസം പലപ്പോഴും നമ്മുടെ സാംസ്കാരിക ബോധത്തോട് ചേർന്നു നിൽക്കുന്നതായിരിക്കും. എന്നാൽ, കൃത്യമായ പഠനത്തിലൂടെയും ശരിയായ അറിവിലൂടെയും മാത്രമേ നമുക്ക് സത്യം തിരിച്ചറിയാൻ സാധിക്കുകയുള്ളൂ.




ഇസ്തംബൂളിലെ സുലൈമാനിയ പള്ളിയുടെ ഉൾഭാഗം - തുർക്കി

# ചരിത്രത്തിലെ ഇസ്‌ലാം

ഇസ്‌ലാം ഒരു മതത്തിനപ്പുറം നാഗരികസംസ്കാരം കൂടിയാണ്. പതിനാല് നൂറ്റാണ്ടിലേറെയായി വ്യത്യസ്ത ഭൂഖണ്ഡങ്ങളിലെ ഭൂമിശാസ്ത്രപരമായ വൈവിധ്യങ്ങളിൽ വ്യാപിച്ചുകിടക്കുകയാണ് ഇസ്‌ലാമിക ചരിത്രം. നാഗരികതയുടെ വികാസത്തിൽ പ്രധാന പങ്കുവഹിക്കാനും കോടാനുകോടി മനുഷ്യരുടെ ആത്മീയവും സാമൂഹികവും ഉൾപ്പെടെ മുഴുവൻ ജീവിതത്തെയും പരിവർത്തിപ്പിക്കാനും ഇസ്‌ലാമിന് സാധിച്ചിട്ടുണ്ട്. വ്യത്യസ്ത വംശത്തിലും സംസ്കാരത്തിലും പശ്ചാത്തലത്തിലുമുള്ള ഏകദേശം രണ്ടു ബില്യൺ ആളുകൾ ഇന്ന് ഇസ്‌ലാമിക വിശ്വാസം പിന്തുടരുന്നവരാണ്. ഇസ്‌ലാമിന് ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രാധാന്യമുണ്ട് എന്നത് മാത്രമല്ല, ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ ഏറെ സ്വാധീനം ചെലുത്താനും സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ മാനവികതയെക്കുറിച്ച് ആശങ്കപ്പെടുന്നവർക്കും പാശ്ചാത്യൻ ആത്മീയ, സാംസ്കാരിക ചരിത്രങ്ങളിൽ താല്പര്യമുള്ളവർക്കും ഇസ്‌ലാമിനെ കുറിച്ച അറിവ് ഏറെ പ്രധാനമാണ്.

ഉമ്മത്ത് എന്ന സങ്കല്പത്തിന്റെ ആഴവും ഇസ്‌ലാമിനെ ഉൾക്കൊള്ളുന്നവരുടെ സമഗ്രതയും മനസ്സിലാക്കാത്തിടത്തോളം ഒരാൾക്ക് ഇസ്‌ലാമിനെ കുറിച്ച് ശരിയായി മനസ്സിലാക്കാൻ സാധിക്കില്ല. ഇസ്‌ലാമിൽ ഉമ്മത്ത് എന്നാൽ, ഏക രക്ഷിതാവായ അല്ലാഹുവിൽ അചഞ്ചലമായി വിശ്വസിക്കുകയും മുഹമ്മദ് നബിയുടെ (അദ്ദേഹത്തിന് അല്ലാഹിവന്റെ രക്ഷയു സാധാനവും ലഭിക്കട്ടെ) പ്രവാചക

ത്വത്തെ അംഗീകരിച്ച് അനുധാവനം ചെയ്യുകയും ഖുർആനിക സന്ദേശം ഉൾക്കൊള്ളുകയും, ഇസ്‌ലാമിക നിയമമായ ശരീഅത്ത് മുറുകെ പിടിക്കുകയും ചെയ്തുകൊണ്ട് ഇസ്‌ലാമിനെ പിന്തുടരുന്ന ആഗോള മുസ്‌ലിം സമൂഹമാണ്. മുസ്‌ലിമായിരിക്കുക എന്ന ശക്തമായ സാഹോദര്യ ബന്ധത്തിൽ ആദർശ വിശ്വാസികൾ ഒന്നായിത്തീരുന്നു. അകന്നുപോയേക്കാവുന്ന സാമൂഹിക തിന്മകൾക്കിടയിലും പരസ്പര സാഹോദര്യത്തിന്റെ ആ ബന്ധം നിലനിൽക്കുന്നതു കാണാം. രാഷ്ട്രീയമായി മുസ്‌ലിം സമൂഹത്തിനിടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും മതപരമായി 'ഉമ്മത്ത്' എന്ന ആശയത്തിൽ അവർ പരസ്പരം ഇഴ ചേർന്നു നിൽക്കുന്നു. ഒരു



ഏകദൈവമായ അല്ലാഹുവിനെ ആരാധിക്കുന്നതിനായി ഭൂമിയിൽ നിർമ്മിക്കപ്പെട്ട ആദ്യത്തെ ഭവനമാണ് മക്കയിലെ കഅ്ബ (ഖുർആൻ 3:96).

ആദർശത്തിൽ ഇങ്ങനെ ചേർന്നു നിൽക്കുന്ന മറ്റൊരു വിഭാഗവും ലോകത്ത് ഇല്ലെന്നുതന്നെ പറയാം. ഇസ്ലാം അതിന്റെ ആരംഭ ഘട്ടത്തിൽ തന്നെ എല്ലാതരം വംശീയതയെയും വിഭാഗീയതയെയും ഗോത്രവാദത്തെയും ശക്തമായി എതിർത്തിട്ടുണ്ട്. അപ്രകാരം ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, വടക്കേ അമേരിക്ക, ഓസ്ട്രേലിയ എന്നിങ്ങനെ എല്ലാ ഭൂഖണ്ഡങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന മുഴുവൻ വംശജരെയും മുസ്ലിം ഉമ്മത്ത് ഒരുപോലെ ഉൾക്കൊള്ളുന്നതും കാണാം.

മുസ്ലിം സമൂഹത്തിന്റെയും നാഗരികതയുടെയും സ്ഥാപനങ്ങളുടെയും ചരിത്രത്തെ കൂടി ഉൾവഹിക്കുന്നതാണ് ഇസ്ലാമിക ചരിത്രം. ഇവ പരസ്പരം വേർതിരിച്ചെടുക്കാൻ പറ്റാത്തതാണ്. മദീനയിലെ ആദ്യത്തെ ഇസ്ലാമിക സമൂഹത്തിന്റെ രൂപീകരണം, മക്കയിൽ നിന്ന് മദീനയിലേക്കുള്ള പ്രവാചകന്റെ ഹിജ്റയുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. പ്രവാചകന്റെ പലായനവും മരണവും, തുടർന്നു വന്ന സച്ചരിതരായ നാല് ഖലീഫമാരുടെ ഭരണവുമടങ്ങിയ കാലഘട്ടം (AD 622 - AD 661) ഇസ്ലാമിക ചരിത്രത്തിൽ ഏറ്റവും പ്രധാനമാണ്. പിൽക്കാല ഇസ്ലാമിക ചരിത്രത്തിലുടനീളം മുസ്ലിംകൾ മാർഗനിർദേശം തേടിയ ആദർശ കാലഘട്ടം കൂടിയാണിത്.

ഇസ്ലാമിക സമൂഹത്തിന്റെ പരിപാലകരായ നാല് ഖലീഫമാരെ തുടർന്ന് അധികാരത്തിൽ വന്ന ഭരണാധികാരി, ഡമസ്കസിനെ അധികാര കേന്ദ്രമാക്കി വലിയൊരു സാമ്രാജ്യം സ്ഥാപിച്ചു. അവരാണ് ആദ്യത്തെ മുസ്ലിം രാജവംശമായ ഉമവികൾ. സെൻട്രൽ ഏഷ്യ മുതൽ സ്പെയിൻ, ഫ്രാൻസ് എന്നിവിടങ്ങളിലെല്ലാം ഭരണ കേന്ദ്രങ്ങളും സൈനിക സ്ഥാപനങ്ങളും ആശയവിനിമയ സംവിധാനങ്ങളും ഉമവികൾ സ്ഥാപിച്ചു. ഈ സംവിധാനങ്ങളിൽ പലതും നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇന്നും നിലനിൽക്കുന്നവയാണ്. ഉമവീ ഭരണകാലത്ത് പൊതുഭരണ മേഖലയിലും കൃഷിയിലും പോസ്റ്റൽ സർവീസിലും ഉൾപ്പെടെ പല ഭരണപരിഷ്കാരങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഉമവീ രാജവംശം വളർച്ചയുടെ ഉന്നതിയിൽ എത്തിയപ്പോഴാണ് അറബിയെ മുസ്ലിം ലോകത്തിന്റെ ഔദ്യോ

ഗിക ഭാഷയായി പ്രഖ്യാപിക്കുന്നതും സ്വന്തമായി സ്വർണം, വെള്ളി നാണയങ്ങൾ അച്ചടിച്ച് ഒറ്റ കറൻസി നടപ്പാക്കാൻ തീരുമാനിക്കുന്നതും. ഡമസ്കസിലെ ഉമവി പള്ളി, ജറുസലേമിലെ ഡോം ഓഫ് ദ റോക്ക് മുതലായവ വാസ്തുവിദ്യയിൽ ഉമവീ രാജവംശത്തിനുണ്ടായിരുന്ന താൽപര്യത്തെയും പ്രാവീണ്യത്തെയുമാണ് അടയാളപ്പെടുത്തുന്നത്.

ക്രിസ്ത്വാബ്ദം 750 - ൽ അബ്ബാസികൾ ഉമവികളെ അടിച്ചമർത്തുകയും ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ആസ്ഥാനമായി ബാഗ്ദാദിനെ തീരുമാനിക്കുകയും അവിടേക്ക് തലസ്ഥാനം പറിച്ചുനടുകയും ചെയ്തു. ഇസ്‌ലാമിക നാഗരികതയും സംസ്കാരവും ഔന്നത്യത്തിലെത്തിയ കാലഘട്ടമായിരുന്നു അബ്ബാസി ഭരണത്തിന്റേത്. കലയും ശാസ്ത്രവും തത്വചിന്തയും അബ്ബാസി ഭരണാധികാരികളുടെ കരങ്ങളിൽ ഭദ്രമായിരുന്നു. ഈ സമയത്ത് തന്നെയാണ് ഇസ്‌ലാമിക ശാസ്ത്രവും തത്വചിന്തയും പൂർണവളർച്ചപ്രാപിക്കുന്നത്. ക്ലാസിക്കൽ റോമിനെയും ഗ്രീസിനെയും വെല്ലും വിധത്തിൽ പ്രൗഢമായൊരു സംസ്കാരം തന്നെ അബ്ബാസികൾ അവിടെ സൃഷ്ടിച്ചു. കാലം കടന്നു പോകുന്നതിനനുസരിച്ച് ഇസ്‌ലാമിക ലോകത്തിന്റെ അധികാര കേന്ദ്രം ബാഗ്ദാദിൽ നിന്ന് പുതിയ ഇടങ്ങളിലേക്ക് വികസിക്കാനാരംഭിച്ചു. അവിടങ്ങളിൽ പഠനഗവേഷണ സ്ഥാപനങ്ങളും വളരാൻ തുടങ്ങി. ലോകമെമ്പാടുമുള്ള ജ്ഞാനാന്വേഷകർ ബാഗ്ദാദ്, ഡമസ്കസ്, ബുഖാറ, കെയ്റോ, ഫാസ്, കോർഡോവ, ഷിറാസ് തുടങ്ങിയ നഗരങ്ങളിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. അൽകിന്ദി, അൽഫാറാബി, ഇബ്നു സീന, ഇബ്നു റുഷ്ദ്, ഇബ്നുൽ ഹൈത്തം, അൽബിറൂനി, അൽ ഖവാരിസ്മി പോലെയുള്ള പണ്ഡിതന്മാർ അറിവ് തേടിയെത്തുന്നവർക്കിടയിൽ നക്ഷത്രങ്ങളായി തിളങ്ങി നിന്നു. ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയെല്ലാം അക്കാലത്ത് മുസ്‌ലിം ലോകം കൈകാര്യം ചെയ്തിരുന്നു. അന്ന് വ്യവഹാരത്തിലുണ്ടായിരുന്ന പണ്ഡിതഭാഷയായ അറബിയിലായിരുന്നു അവയുടെ കൈമാറ്റം. ഉമവീ കാലഘട്ടത്തിൽ ആരംഭിച്ച ഇസ്‌ലാമിക നിയമത്തിന്റെ (ശരീഅത്ത്) കേന്ദ്രീകരണം അവസാ

നിപ്പിക്കുകയും, ഇന്ന് നിലവിലുള്ള പരമ്പരാഗത ഇസ്‌ലാമിക നിയമ വ്യവസ്ഥ (സുന്നി, ശീഈ, ഇബാദി) സ്ഥാപിക്കപ്പെടുകയും ചെയ്തത് ഈ കാലഘട്ടത്തിലാണ്. ബുഖാരി, മുസ്‌ലിം തുടങ്ങിയ നിർണായക ഹദീസ് സമാഹാരങ്ങൾ ശേഖരിക്കപ്പെട്ട കാലഘട്ടം കൂടിയാണിത്. ഒമ്പത്, പത്ത് നൂറ്റാണ്ടുകളിലെ ബാഗ്ദാദിലെയും കൊർഡോവയിലെയും ഇസ്‌ലാമിക നാഗരിക സംസ്കാരം ലോകത്തിനുതന്നെ മാതൃകയായിരുന്നു. പരിഷ്കൃത നഗരങ്ങളെ പറ്റിയും മറ്റും അറിയാനാഗ്രഹിക്കുന്നവരെയും സാംസ്കാരിക പഠിതാക്കളെയും ആകർഷിക്കുന്ന കാന്തിക ശക്തിയായി ഇവിടങ്ങൾ മാറിയിരുന്നു. ഫ്രാൻസ്, ഇറ്റലി, ഇംഗ്ലണ്ട് എന്നിവിടങ്ങളിലെ ഭരണാധികാരികൾക്ക് ഒരു കൺസൾട്ടന്റിനെ വേണമെങ്കിലും ആർക്കിടെക്റ്റ്, സംഗീതജ്ഞർ, സർജൻ, നെയ്ത്ത് വിദ്യക്കാരൻ എന്നിങ്ങനെ ആരെ ആവശ്യമായി വന്നാലും അവരെല്ലാം ബാഗ്ദാദിനെയോ, കോർഡോവയെയോ ആശ്രയിക്കുമായിരുന്നു.

സ്പെയിനിലെ ഗ്രാനഡയിൽ നിലനിൽക്കുന്ന അൽഹംറ കൊട്ടാരം



കല്ലുകൊണ്ട് നിർമിച്ച വീടുകളും കൊട്ടാരങ്ങളും വെളിച്ചം നിറഞ്ഞ നടപ്പാതകളും സർവകലാശാലകളും ഫാർമസികളും ആർട്ട് ഗ്യാലറികളും അന്ന് മുസ്‌ലിം ലോകത്ത് നിലവിലുണ്ടായിരുന്നു. മധ്യകാല മുസ്‌ലിംകൾ സൗന്ദര്യവർധക വസ്തുക്കൾ, ശുചീകരണ ഉൽപ്പന്നങ്ങൾ തുടങ്ങിയവ ആ കാലഘട്ടത്തിൽ തന്നെ ഉപയോഗിച്ചിരുന്നു. ശാസ്ത്രത്തിലും ജീവിതനിലവാരത്തിലും ആധുനികശാസ്ത്രം കൈകാര്യം ചെയ്യുന്നതിലും അബ്ബാസി കാലഘട്ടം മുസ്‌ലിംകളുടെ 'സുവർണ കാലഘട്ട'ത്തെ പ്രതിനിധീകരിക്കുന്നത് കാണാം.

അബ്ബാസി രാജവംശത്തിന്റെ ശക്തി ക്രമേണ ക്ഷയിക്കാൻ തുടങ്ങുകയും 1517 - ൽ ഖിലാഫത്ത് ഏറ്റെടുത്ത ഉസ്മാനികൾ അത് അവസാനിപ്പിക്കുകയും ചെയ്തു. മുൻ ബൈസന്റയിൻ നഗരമായ കോൺസ്റ്റന്റിനോപ്പിൾ (ഇന്നത്തെ ഇസ്തംബൂൾ) ഭരിച്ചിരുന്ന സുൽത്താൻ സുലൈമാൻ രാജാവിന്റെ കീഴിൽ ഉസ്മാനി സാമ്രാജ്യം അതിന്റെ ഔന്നത്യത്തിലെത്തി. അദ്ദേഹത്തിന്റെ മരണസമയത്ത് സിറിയ, ഈജിപ്ത്, വടക്കേ ആഫ്രിക്ക, അറേബ്യൻ ഉപദ്വീപ്, കിഴക്കൻ യൂറോപ്പിന്റെ ചില ഭാഗങ്ങൾ എന്നിവയെല്ലാം ഉസ്മാനി സാമ്രാജ്യത്തിന്റെ നിയന്ത്രണത്തിലായിരുന്നു. അക്കാലത്തെ മറ്റൊരു ഭരണകൂടത്തിനും കഴിയാത്ത വിധം ഏറ്റവും കാര്യക്ഷമതയോടെ ഉസ്മാനീ സുൽത്താന്മാർ അവരുടെ സാമ്രാജ്യം ഭരിച്ചു. അവരുടെ സാമ്രാജ്യത്തിന്റെ വൈവിധ്യങ്ങളെ ഒരൊറ്റ സംസ്കാരത്തിലേക്ക് ഒതുക്കാൻ അവർ തയ്യാറായിരുന്നില്ല. ഉസ്മാനികൾ തികച്ചും സഹിഷ്ണുതയും ബഹുസ്വരതയും കാത്തുസൂക്ഷിക്കുന്നവരായിരുന്നു. വ്യത്യസ്ത വിഭാഗങ്ങൾക്ക് സമാധാനപരമായി ഒരുമിച്ച് ജീവിക്കുവാൻ കഴിയുന്ന സാമൂഹിക സംസ്കാരമാണ് ഉസ്മാനികൾ രാജ്യത്ത് പരിപാലിച്ചിരുന്നത്. ഓരോരുത്തർക്കും തങ്ങളുടെ വിശ്വാസം, സംസ്കാരം, നിയമവ്യവസ്ഥ, നേതൃത്വത്തോടും അംഗങ്ങളോടുമുള്ള വിശ്വസ്തത എന്നിവ നിലനിർത്താനും സാധിച്ചിരുന്നു. ആറ് നൂറ്റാണ്ടുകൾ നിലനിന്ന വിജയകരമായ ഒരു സാമ്രാജ്യം നിർമിച്ചെടുക്കാൻ ഉസ്മാനീ ഭരണാധികാരികൾക്ക് സാധിക്കുകയുണ്ടായി. പതിനേഴാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ട് വരെ യൂറോപ്യൻ കൊളോണിയൽ അധികാരത്തിന്റെ

ഭാഗമായി യൂറോപ്യൻ വ്യാപാരികളും മിഷനറിമാരും പട്ടാളക്കാരും കൊളോണിയൽ ഭരണാധികാരികളും മുസ്‌ലിം രാജ്യങ്ങളുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ആധിപത്യം സ്ഥാപിച്ചിരുന്നു. പോർച്ചുഗൽ, സ്പെയ്ൻ, ഹോളണ്ട്, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളെല്ലാം കൊളോണിയൽ സാമ്രാജ്യങ്ങൾ വികസിപ്പിച്ചു കൊണ്ടിരുന്നു. ചൈനക്കാരും റഷ്യക്കാരും മുസ്‌ലിം ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർത്ത് തങ്ങളുടെ രാജ്യാതിർത്തികൾ വികസിപ്പിച്ചു. ഇത്തരത്തിലുള്ള വിദേശാധിപത്യം നിരവധി മുസ്‌ലിംകളുടെ നിലനിൽപ്പിനെ ഹനിക്കുകയുണ്ടായി. യൂറോപ്യൻ ഭരണാധികാരികൾ പരമ്പരാഗത മുസ്‌ലിം വിദ്യാഭ്യാസ, നിയമ, ഭരണ സ്ഥാപനങ്ങളെ പാശ്ചാത്യ നിയമങ്ങളനുസരിച്ച് പുനഃസ്ഥാപിച്ചതോടെ, ഇസ്‌ലാമിക സമൂഹത്തിന്റെ അടിത്തറയ്ക്ക് അതൊരു ഭീഷണിയായി മാറി. ക്രിസ്ത്യൻ മതസ്വാധീനം, മതേതര ഭൗതിക സാംസ്കാരിക മൂല്യങ്ങൾ എന്നിവക്ക് മുൻഗണന നൽകിക്കൊണ്ടാണ് യൂറോപ്യൻമാർ മുസ്‌ലിം പ്രദേശങ്ങളുടെ മതപരമായ ആചാരങ്ങളെ ദുർബലപ്പെടുത്താനാരംഭിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, ഒന്നാം ലോകയുദ്ധത്തിന് ശേഷം പരാജയപ്പെട്ട്, ഇല്ലാതാകുന്നതുവരെ ദുർബലമായ ഉസ്മാനീ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം ഇന്നത്തെ തുർക്കി, ഒരു സ്വതന്ത്ര റിപ്പബ്ലിക്കായത് പാശ്ചാത്യ മതേതര മാതൃകയിലാണ്. ബാക്കിയുള്ള ഉസ്മാനിയ കോൺഫെഡറേറ്റുകൾ സ്വാതന്ത്ര്യം നേടി.

ആധുനികകാലത്ത് ഇസ്‌ലാമിന്റ പാരമ്പര്യ ചിന്തകൾക്കെതിരെ നാനാവിധ കടന്നുകയറ്റങ്ങൾ ഉണ്ടായിരുന്നിട്ടും ഭൂരിഭാഗം മുസ്‌ലിംകളും തങ്ങളുടെ പാരമ്പര്യം മുറുകെ പിടിച്ചു കൊണ്ടു തന്നെ ഇന്നും ജീവിക്കുന്നത് നമുക്ക് കാണാം. ഇന്ന് ഇസ്‌ലാമിനെ മനസ്സിലാക്കാൻ ഏറ്റവും പ്രധാനമായിട്ടുള്ളത്, വ്യത്യസ്ത മതങ്ങൾക്ക് വ്യത്യസ്ത ചരിത്രമാണെന്നും അവ ഒരേ പാത പിന്തുടരുന്നില്ലെന്നുമുള്ള തിരിച്ചറിവാണ്. പതിനാറാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിന് നവീകരണ പ്രസ്ഥാനമുണ്ടായി, അത് പിന്നീട് പ്രൊട്ടസ്റ്റന്റ് ആശയങ്ങളിലേക്ക് വളർന്നു. ജൂതമതവും പരിഷ്കരണത്തിന് വിധേയമായിട്ടുണ്ട്. എന്നാൽ, ഇസ്‌ലാം നിയമപരമായോ, ദൈവശാസ്ത്ര

പരമായോ പരിവർത്തനത്തിന് വിധേയമായിട്ടില്ല. അല്ലെങ്കിൽ, ഇസ്‌ലാമിനെ അങ്ങനെ മാറ്റാൻ സാധ്യതയില്ലെന്ന് തന്നെ പറയാം. ഇസ്‌ലാം മതവും ചിന്തയും അതിന്റെ പാരമ്പര്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ തന്നെ തുടരുന്നത് കാണാൻ സാധിക്കും. ഇസ്‌ലാമിക സമൂഹത്തിന്റെ ചില മേഖലകളിലും പ്രദേശങ്ങളിലും പ്രകടമാകുന്ന ആധുനികതയും മൗലികവാദവും പരമ്പരാഗത ഇസ്‌ലാമിക ജീവിതത്തെ തകർക്കുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ, പ്രവാചകന്റെ കാലത്തും മാർഗദർശികളായ നാല് ഖലീഫമാരുടെ കാലത്തും നിർമിക്കപ്പെട്ട ആദർശപാരമ്പര്യത്തെ വെല്ലുവിളിക്കാനുതകുംവിധം ദൈവ ശാസ്ത്രപരമായോ, നിയമപരമായോ ഒരു ലോകവീക്ഷണവും രൂപപ്പെടുത്താൻ അവയ്ക്ക് കഴിഞ്ഞിട്ടില്ല. മുൻ വിവരണ പ്രകാരം ആദർശപരമായ പരമ്പരാഗത രീതികൾ മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷവും ഇപ്പോഴും ആചരിക്കുന്നുണ്ട്. പരമ്പരാഗതമായി ലഭിച്ച അറിവുകളാൽ മുസ്‌ലിംകളുടെ ജീവിതം സവിശേഷമായിരിക്കുന്നു. കൂടാതെ ഇസ്‌ലാമിക വിദ്യാഭ്യാസത്തിനും നിയമവ്യവസ്ഥയ്ക്കുംമേൽ ബാഹ്യസ്വാധീനം ചെലുത്തിയ അധാർമികതകൾക്കിടയിലും ഖുർആൻ, ശരീഅത്ത്, ഹദീസ് തുടങ്ങിയ പരമ്പരാഗത ഇസ്‌ലാമിക ശാസ്ത്രങ്ങൾ നൂറ്റാണ്ടുകളായി അവർ പിന്തുടരുന്നതും കാണാം.

# ഇസ്‌ലാം: അർഥവും അടിസ്ഥാന തത്വങ്ങളും

സ്രഷ്ടാവിന്റെ ഏകത്വം, അവന്റെ അന്ത്യപ്രവാചകൻ, അദ്ദേഹത്തിന് നൽകിയ വേദഗ്രന്ഥം തുടങ്ങിയവയിലുള്ള ശരിയായ വിശ്വാസമാണ് ഇസ്‌ലാമിന്റെ അടിത്തറ.

അല്ലാഹുവിനുള്ള സമ്പൂർണ സമർപ്പണമാണ് ഇസ്‌ലാം. അഥവാ, അല്ലാഹുവിന്റെ ഇഛകൾക്ക് ആത്മാർത്ഥമായും പരിപൂർണമായും വിധേയപ്പെടലാണ് ഇസ്‌ലാം. ഈ സമർപ്പണം സ്രഷ്ടാവിനോടുള്ള ഭക്തി, ആരാധനാ മനസ്സ്, ധാർമികത തുടങ്ങിയവ നമ്മിൽ ഉളവാക്കും. സാക്ഷാൽ ദൈവത്തോടും സ്വന്തത്തോടും മറ്റുള്ളവരോടും ഈ പ്രകൃതിയോടും സമാധാനപൂർണം വർത്തിക്കാൻ നമ്മെ പര്യാപ്തമാക്കുന്നതും ഈ അടിസ്ഥാന തത്വങ്ങളാണ്. സത്യദൈവത്തിൽ വിശ്വസിക്കുകയും അവന്റെ കൽപ്പനകൾക്ക് വിധേയപ്പെടാൻ തീരുമാനിക്കുകയും ഇസ്‌ലാമിനെ പിന്തുടരുകയും ചെയ്യുന്നവനെയാണ് മുസ്‌ലിം എന്ന് വിളിക്കുന്നത്.

ഇസ്‌ലാം പുതിയൊരു മതമല്ല. സത്യ ദൈവത്തിന്റെ എല്ലാ ദൂതൻമാർക്കും നൽകിയ അതേ ജീവിത ദർശനമാണ് ഇസ്‌ലാം. ആദം, നൂഹ്, ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, മൂസാ, ഈസാ, അന്ത്യപ്രവാചകൻ മുഹമ്മദ് നബി (ഇവർക്കെല്ലാം അല്ലാ

ഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും ലഭിക്കട്ടെ) ഉൾപ്പെടെ എല്ലാവർക്കും നൽകിയ അതേ ദൈവിക സന്ദേശം. ഈ പ്രവാചകൻമാരെല്ലാം മുസ്‌ലിംകളാണ്. കാരണം, അവരെല്ലാം അല്ലാഹുവിനെ മാത്രമാണ് ആരാധിച്ചിരുന്നത്, അവന്റെ ശാസനകൾക്ക് മാത്രമാണ് വഴിപ്പെട്ടിരുന്നത്[2]. അപ്രകാരം, ഈ പ്രവാചകന്മാർ കൊണ്ടുവന്ന ദൈവിക ജീവിതവ്യവസ്ഥ പിന്തുടർന്നവരെല്ലാം മുസ്‌ലിംകൾ തന്നെയാണ്. വിശുദ്ധ ഖുർആനിൽ (അധ്യായം 3: വചനം 19) അല്ലാഹു 'ഇസ്‌ലാം' എന്ന് പ്രഖ്യാപിച്ചത് ഈ ആശയങ്ങളെല്ലാം ഉൾക്കൊണ്ടു കൊണ്ടാണ്.

## ഇസ്‌ലാം ദൈവേച്ഛക്കുള്ള സമർപ്പണം

ആറ് വിശ്വാസ പ്രമാണങ്ങളും (ഈമാൻ) അഞ്ച് അനുഷ്ഠാന രൂപങ്ങളും (ഇസ്‌ലാം) ചേർന്നതാണ് ഇസ് ലാമിക ദർശനത്തിന്റെ അടിസ്ഥാന രൂപകം. ദൈവിക തീർപ്പുകളിലുള്ള ശരിയായ ബോധ്യവും അംഗീകാരവുമാണ് വിശ്വാസം. ഈ വിശ്വാസത്തിന്റെ പ്രയോഗ രൂപങ്ങളാണ് ഇസ്‌ലാമിക ജീവിതക്രമം. യഥാർത്ഥത്തിൽ, ജീവിതക്രമത്തിന്റെ മുന്നുപാധിയായാണ് ഇസ് ലാം വിശ്വാസത്തെ സ്ഥാനപ്പെടുത്തിയിട്ടുള്ളത്. കാരണം, സ്രഷ്ടാവിന്റെ ദിവ്യത്വത്തെയും (Divinity), ആധിപത്യത്തെയും (Lordship), അവന് വഴിപ്പെടാനുള്ള അവകാശത്തെയും (The right of servitude) സർവാത്മനാ അംഗീകരിക്കുകയാണ് യാർത്ഥ ദൈവ വിശ്വാസം. (അറബിയിൽ ഇതിന് യഥാക്രമം ഉലൂഹിയ്യ, റുബൂബിയ്യ, ഉബൂദിയ്യ എന്ന് പറയും).

## ആറ് വിശ്വാസ പ്രമാണങ്ങൾ

വിശുദ്ധ ഖുർആനിലെ[3] വ്യത്യസ്ത സൂക്തങ്ങളിലായി ഇസ്‌ലാമിലെ ആറ് വിശ്വാസ പ്രമാണങ്ങൾ പരിചയപ്പെടുത്തിയിട്ടുണ്ട്. നൂറ്റിപന്ത്രണ്ടാം അധ്യായം ഒന്നാമത്തെ പ്രമാണം, അല്ലാഹുവിലുള്ള വിശ്വാസത്തെയും ഉൾക്കൊള്ളുന്നു.

### ഒന്നാം പ്രമാണം

**"പരമകാരുണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. പ്രവാചകരേ പറഞ്ഞുകൊടുക്കുക: അവൻ ഏകനായ അല്ലാഹുവാകുന്നു. അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു. അവന് സന്തതിയേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല. അവന് തുല്യനായി ആരുമില്ല."**
**(അൽ ഇഖ്‌ലാസ് 1 - 4).**

അല്ലാഹുവല്ലാതെ യഥാർഥത്തിൽ ആരാധനക്ക് അർഹനായി മറ്റാരുമില്ല എന്ന് വിശ്വസിക്കുക. പ്രപഞ്ചത്തിലെ മഹോന്നതൻ അവനാകുന്നു. ഒരേയൊരു അല്ലാഹു. അവന്റെ ഗുണവിശേഷങ്ങൾ അതുല്യവും അവിഭാജ്യവുമാണ്. അവന് യാതൊരു പങ്കാളിയുമില്ല തന്നെ. ഈ വിശ്വാസമാണ് ഏകദൈവത്വം എന്ന് വിളിക്കപ്പെടുന്നത് (അറബിയിൽ തൗഹീദ് എന്ന് പറയും).

ഈ വിശ്വാസ പ്രമാണത്തിന്റെ പ്രാധാന്യം: സൃഷ്ടിപ്പിന്റെ ലക്ഷ്യം, ദൈവിക നിയമവ്യവസ്ഥ, ജീവിത ദർശനം തുടങ്ങിയവയുടെയെല്ലാം ഏകത്വത്തിന്റെ അടിസ്ഥാനം സ്രഷ്ടാവിന്റെ ഏകത്വമാണ്. ജീവിതത്തിന് ഏകമുഖ ലക്ഷ്യം ഇല്ലാത്തതിനാൽ, മനുഷ്യസമൂഹത്തിലെ മഹാഭൂരിപക്ഷവും ഇഛാഭംഗത്തിലും അസമാധാനത്തിലുമാണ് ജീവിക്കുന്നത്, സത്യദൈവത്തിന്റെ അവകാശങ്ങൾ മറ്റുള്ളവർക്ക് നൽകുന്നത്, തെറ്റായ ഭയം, അഴിമതി, ചൂഷണം എന്നിവക്ക് കാരണമാകുന്ന അന്ധവിശ്വാസങ്ങൾക്ക് വഴി തുറക്കും.

**രണ്ടാം പ്രമാണം**

മാലാഖമാരിലുള്ള വിശ്വാസം. അല്ലാഹുവിന്റെ ആത്മീയ സേവകരും ഏജന്റുമാരുമാണ് മാലാഖമാർ. സ്വമേധയാ അല്ലാഹുവിന് വഴിപ്പെടലും അവന്റെ കൽപ്പനകൾ ശിരസാവഹിക്കലുമാണ് അവരുടെ പ്രകൃതം.

ഈ വിശ്വാസ പ്രമാണത്തിന്റെ പ്രാധാന്യം: നമ്മുടെ മാനുഷിക ശാരീരിക പ്രകൃതത്തിന് അതീതമായ മാലാഖമാരിൽ വിശ്വസിക്കുന്നത് ഇസ്‌ലാമിക വിശ്വാസ പ്രമാണത്തിൽ ഉൾപ്പെടുന്നു. നമ്മുടെ ശാരീരിക പ്രകൃതത്തെ അതിജീവിക്കുന്ന സ്വഭാവത്തിൽ മാലാഖമാരെ സൃഷ്ടിച്ചത് യാഥാർഥ്യമായി മനസ്സിലാക്കാനും അല്ലാഹുവെ വാഴ്ത്തുവാനുമുള്ള ബൗദ്ധിക ശേഷി, മലക്കുകളിലുള്ള വിശ്വാസം മനുഷ്യർക്ക് നൽകുന്നു. ആത്മീയമായ തിരിച്ചറിവുകളും ഉൾക്കാഴ്ചയും തുറന്നു തരാനും ഈ വിശ്വാസം മനുഷ്യനെ പ്രാപ്തനാക്കുന്നു.

**മൂന്നാം പ്രമാണം**

ദൈവദൂതൻമാർക്ക് നൽകിയിട്ടുള്ള എല്ലാ വിശുദ്ധ വേദങ്ങളിലും രേഖകളിലുമുള്ള വിശ്വാസം. ദാവൂദിന് നൽകിയ വേദസങ്കീർത്തനം അഥവാ സബൂർ, മോസസിന് നൽകിയ തോറ അഥവാ തൗറാത്ത്, ഈസാക്ക് നൽകിയ സുവിശേഷം അഥവാ ഇഞ്ചീൽ, മുഹമ്മദിന് നൽകിയ ഖുർആൻ എന്നിവ ഉദാഹരണം (ഈ ദൂതൻമാരിലെല്ലാം ദൈവത്തിന്റെ സമാധാനവും അനുഗ്രഹങ്ങളും വർഷിക്കുമാറാകട്ടെ).

ഈ വിശ്വാസ പ്രമാണത്തിന്റെ പ്രാധാന്യം: യുക്തിപൂർണമായ ഒരു തത്വമാണിത്. എല്ലാ വേദഗ്രന്ഥങ്ങളും ഒരേ സ്രഷ്ടാവിൽ നിന്ന്, ഒരേ വിശ്വാസത്തിന്റെയും മൂല്യങ്ങളുടെയും അടിസ്ഥാനങ്ങളിൽ ഊന്നിയാണ് അവതീർണമായിട്ടുള്ളത്. അതിനാൽ, ഒരു വേദഗ്രന്ഥത്തിൽ മാത്രം വിശ്വസിക്കുകയും മറ്റുള്ളവയെ നിരാകരിക്കുകയും ചെയ്യുന്നത് വൈരുധ്യമാണ്. സ്രഷ്ടാവ് തന്റെ സൃഷ്ടികൾക്ക് വൈരുധ്യപൂർണമായവ അയക്കുക എന്നത് അസാധ്യമാണ്. മുൻ വേദഗ്രന്ഥങ്ങളെല്ലാം മനുഷ്യർക്കുള്ള ദൈവത്തിന്റെ സന്ദേശങ്ങളാണെന്നും, മുൻ വേദങ്ങളിൽ മനുഷ്യർ നടത്തിയ കൈകടത്തലുകളെ ശരിയായ വിധത്തിൽ തിരുത്തുന്നുവെന്നും വിശുദ്ധ ഖുർആൻ കൃത്യപ്പെടുത്തുന്നുണ്ട്.

**നാലാം പ്രമാണം**

പ്രഥമ പ്രവാചകൻ ആദം മുതൽ, അന്ത്യദൂതൻ മുഹമ്മദ് നബി ഉൾപ്പെടെയുള്ളവരിൽ വിശ്വസിക്കുക. (ഈ ദൂതൻമാരിലെല്ലാം ദൈവത്തിന്റെ സമാധാനവും അനുഗ്രഹങ്ങളും വർഷിക്കുമാറാകട്ടെ).

## *ഈ വിശ്വാസ പ്രമാണത്തിന്റെ പ്രാധാന്യം*

*ഇതും യുക്തിഭദ്രമായൊരു വിശ്വാസ അടിത്തറയാണ്. കാരണം, ഒരേയൊരു സ്രഷ്ടാവിൽ നിന്ന്, ഒരേയൊരു അടിസ്ഥാന സന്ദേശം വഹിച്ചുകൊണ്ടാണ് എല്ലാ പ്രവാചകൻമാരും ആഗതരായിട്ടുള്ളത്. ഒരു ദൂതനെ അംഗീകരിക്കുകയും മറ്റൊരാളെ നിരാകരിക്കുകയും ചെയ്യുന്നതും വൈരുധ്യമാണ്. മാത്രമല്ല, ഏകദൈവത്തിന്റെ ഏക ജീവിതക്രമത്തെ വിഭജിക്കാനും ഇത് കാരണമാകും.*

**അഞ്ചാം പ്രമാണം**

വിധിദിനത്തിലെ വിശ്വാസം. മാലാഖമാരെപ്പോലെയല്ല, ദൈവം മനുഷ്യർക്ക് തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഒരാൾക്ക്, അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കാം, ധിക്കരിക്കാം. അല്ലാഹുവിനോടുള്ള ഉത്തരവാദിത്തം, കണക്ക് ബോധിപ്പിക്കാനുള്ള ബാധ്യത എന്നിവ അടിസ്ഥാനമാക്കിയാണ് ഈ സ്വാതന്ത്ര്യം. ജീവിതത്തിൽ നാം നടത്തിയ തെരഞ്ഞെടുപ്പിന്, വിധിദിനത്തിൽ നാം ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടതുണ്ട്. ശരിയായ തെരഞ്ഞെടുപ്പ് നടത്തുകയും അല്ലാഹുവിന്റെ സന്ദേശം പിന്തുടരുകയും ചെയ്തവർക്ക് ശാശ്വതമായ സ്വർഗമുണ്ട്. എന്നാൽ, തെറ്റായ വഴി തെരഞ്ഞെടുക്കുകയും അല്ലാഹുവിന്റെ സന്ദേശം ധിക്കരിക്കുകയും ചെയ്തവർക്ക് ശാശ്വതമായ നരക ശിക്ഷയുമുണ്ട്.

## *ഈ വിശ്വാസ പ്രമാണത്തിന്റെ പ്രാധാന്യം*

*ദൈവത്തോടുള്ള ഉത്തരവാദിത്തത്തെ, ഈ ലോകത്തെ നമ്മുടെ കർമങ്ങളിൽ നമുക്കുള്ള ബാധ്യതയെ ഈ വിശ്വാസ പ്രമാണം ഓർമപ്പെടുത്തുന്നു. വിധി ദിനത്തിൽ ദൈവിക നീതി പുലരുമ്പോൾ, പരമമായ നീതിക്കും നിതാന്തമായ സംതൃപ്തിക്കും വേണ്ടിയുള്ള നമ്മുടെ പ്രതീക്ഷയും തീവ്രാഭിലാഷവും സഫലമാകും.*

**ആറാം പ്രമാണം**

ദൈവകൽപ്പിതമായ വിധിനിർണയത്തിലും തീർപ്പുകളിലുമുള്ള വിശ്വാസം. ഈ ലോകത്ത് നല്ലതോ, തിയ്യതോ ആയ എല്ലാം സംഭവിക്കുന്നത് അല്ലാഹുവിന്റെ നിയമവും ഗണനകളും (ഖദാ, ഖദ്ർ) അനുസരിച്ചാണ്. അല്ലാഹുവിന്റെ അനന്തമായ അറിവും വിവേകയുക്തിയുമാണ് ഇതിന്റെ ആധാരം. അല്ലാഹുവിന്റെ അധികാരത്തിനും നിയന്ത്രണത്തിനും പുറത്ത് യാതൊരു സൃഷ്ടിയുമില്ല. എല്ലാം അല്ലാഹുവിന്റെ നിയമത്തിനും കണക്ക് കൂട്ടലുകൾക്കും അകത്തു തന്നെയാണ്. അല്ലാഹു തന്റെ നിയമങ്ങൾ വഴി അധികാരപ്രയോഗങ്ങൾ നടത്തുക മാത്രമല്ല ചെയ്യുന്നത്. സമയ, സ്ഥലഭേദമില്ലാതെ സർവതിനെ കുറിച്ചുമുള്ള ശരിയായ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാം ചെയ്യുന്നത്. ഭൂത, വർത്തമാന, ഭാവികാലങ്ങളിൽ സംഭവിക്കുന്നതെല്ലാം അവൻ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിശുദ്ധ ഖുർആനിൽ നമുക്കിത് വായിക്കാം:

**"അതിഭൗതിക രഹസ്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കൽ തന്നെയാകുന്നു. അവനല്ലാതാരും അതറിയുന്നില്ല. കരയിലും കടലിലുമുള്ളതൊക്കെയും അവൻ അറിയുന്നു. അവനറിയാതെ മരത്തിൽനിന്ന് ഒരില കൊഴിയുന്നില്ല. അവന്റെ ജ്ഞാനത്തിൽപ്പെടാതെ ഭൂമിയുടെ ഇരുണ്ട മൂടുപടങ്ങളിൽ ഒരു ധാന്യമണിയുമില്ല. പച്ചയും ഉണങ്ങിയതുമെല്ലാം ഒരു തെളിഞ്ഞ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്" (6:59).**

മനുഷ്യ ജീവിതത്തിന്റെ ഗതി-വിഗതികൾ, ഉത്ഥാന-പതനങ്ങൾ എല്ലാം അല്ലാഹുവിന് നന്നായി അറിയാം. മനുഷ്യന്റെ കർമങ്ങളെ കുറിച്ച് അല്ലാഹുവിന് മുൻകൂട്ടി അറിയാനാകും എന്നത്, ആ പ്രവൃത്തികൾ ചെയ്യാൻ മനുഷ്യനെ നിർബന്ധിക്കുന്നതല്ല. ജ്യോതിശ്ശാസ്ത്രജ്ഞന്, തന്റെ അറിവിന്റെയും നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ ചന്ദ്രന്റെ ഉദയാസ്തമയങ്ങൾ മുൻകൂട്ടി പറയാൻ കഴിയുന്ന പോലെയാണിത്. ശാസ്ത്രജ്ഞന്റെ അറിവിന്റെ അടിസ്ഥാനത്തിലല്ല ചന്ദ്രന് വൃദ്ധിക്ഷയങ്ങൾ സംഭവിക്കുന്നത്. അപ്രകാരം, സമയ സ്ഥലഭേദമില്ലാത്ത അനന്തമായ അറിവിന്റെ ഉടമയാണ് അല്ലാഹു. ഈ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ, മനുഷ്യൻ

ഭാവിയിൽ ചെയ്യാനിരിക്കുന്ന കാര്യങ്ങൾ വരെ അല്ലാഹുവിന് മുൻകൂട്ടി അറിയാനാകും. പക്ഷേ, ഈ അറിവ് ആ കർമങ്ങൾ ചെയ്യാൻ മനുഷ്യനെ നിർബന്ധിക്കുന്നതല്ല.

അതിനാൽ, മനുഷ്യന് നൽകപ്പെട്ട തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തെ ഈ വിധിവിശ്വാസം എന്ന പ്രമാണം തിരസ്കരിക്കുന്നില്ല. ഇതിനർഥം തെരഞ്ഞെടുപ്പിനുള്ള നമ്മുടെ സ്വാതന്ത്ര്യം മൂന്ന് കാര്യങ്ങളെ ആസ്പദിച്ചിരിക്കുന്നു; ഒന്ന്, അല്ലാഹുവിന്റെ നിയമം. രണ്ട്, നമ്മുടെ തെരഞ്ഞെടുപ്പിന്റെ അനന്തര ഫലം അല്ലാഹുവിന്റെ ഗണനക്ക് അനുസൃതമാണ്. മൂന്ന്, നമ്മുടെ തെരഞ്ഞെടുപ്പും കർമങ്ങളും അല്ലാഹുവിന് മുൻകൂട്ടി അറിയാനാകും. പക്ഷേ നമ്മുടെ കർമങ്ങൾക്ക് നാം തന്നെയാണ് ഉത്തരവാദി[4]. അഥവാ, മനുഷ്യന് തെരഞ്ഞെടുപ്പിന് പൂർണ സ്വാതന്ത്ര്യമുണ്ട്, തങ്ങളുടെ തെരഞ്ഞെടുപ്പിന്റെയും പ്രവർത്തനങ്ങളുടെയും കൈകാര്യകർത്താവ് അവനവൻ തന്നെയാണ്.

**"നിങ്ങളെയും നിങ്ങൾ നിർമിക്കുന്ന വസ്തുക്കളെയും സൃഷ്ടിച്ചിട്ടുള്ളത് അല്ലാഹുവാണ്" (ഖുർആൻ 37: 96).**

മനുഷ്യന്റെ തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തെ ആദരിക്കുന്നതോടൊപ്പം, ദൈവികനിശ്ചയങ്ങൾക്ക് പാകപ്പെടാവുന്ന വിധത്തിലാണ് മനുഷ്യന്റെ ഇച്ഛയെ അല്ലാഹു പരുവപ്പെടുത്തിയിരിക്കുന്നത് എന്ന് കൂടിയാണ് ഇതിന്റെ അർഥം. അഥവാ, മനുഷ്യൻ ചെയ്യാനാഗ്രഹിക്കുന്ന കാര്യങ്ങൾ അല്ലാഹു പൂർത്തീകരിച്ച് കൊടുക്കുന്നു, പൂർത്തീകരിക്കാൻ അവൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ. മനുഷ്യന്റെ ഇഛകൾ, ദൈവിക നിശ്ചയങ്ങൾക്കകത്ത് പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. നന്മ-തിന്മകളുടെ സൃഷ്ടിപരമായ ഭാഗം അല്ലാഹുവിലേക്കാണ് ചേരുന്നത്. എന്നാൽ, തിന്മകൾ മനുഷ്യന്റെ തെരഞ്ഞെടുപ്പിലൂടെയാണ് സംഭവിക്കുന്നത്. തങ്ങളുടെ തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം ഉപയോഗിക്കാതിരിക്കുകയോ, ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ ഉണ്ടാകുന്ന പ്രത്യാഘാതമാണ് ഇത്. കർമവും അതിന്റെ പരിണിത പ്രത്യാഘാതങ്ങളും സൃഷ്ടിക്കുന്നത് അല്ലാഹുവാകുന്നു.

**"മനുഷ്യാ, നിനക്കു ലഭിക്കുന്ന ഏതൊരു നന്മയും അല്ലാഹുവിന്റെ ഔദാര്യത്താൽ ലഭിക്കുന്നതാകുന്നു. നിന്നെ ബാധിക്കുന്ന തിന്മയോ, അതു നിന്റെ കർമഫലമായും" (ഖുർആൻ 4:79).**

അല്ലാഹുവിന്റെ പരിപ്രേക്ഷ്യത്തിൽ, തിന്മയുടെ വഴി തെരഞ്ഞെടുക്കുക എന്നതാണ് അടിസ്ഥാനപരമായ തെറ്റ്. തിന്മ ചെയ്യുകയോ, അതിന് വഴിയൊരുക്കുകയോ ചെയ്യുന്നതല്ല യഥാർത്ഥ തെറ്റ്. അത് തെരഞ്ഞെടുക്കലും തീരുമാനിക്കലുമാണ്. ദൈവം തിന്മ തെരഞ്ഞെടുക്കില്ല, മനുഷ്യനാണ് തിന്മ തെരഞ്ഞെടുക്കുന്നത്.

ഈ വിശ്വാസ പ്രമാണത്തിന്റെ പ്രാധാന്യം: സ്രഷ്ടാവായ അല്ലാഹുവിനാണ് സൃഷ്ടിപ്പിന്റെയും പരിപാലനത്തിന്റെയും സമ്പൂർണമായ നിയന്ത്രണം എന്ന വിശ്വാസം, നമ്മുടെ മനസ്സിൽ അല്ലാഹുവിന്റെ പരമാധികാരത്തെ ഉറപ്പിക്കുന്നതാണ്. തന്റെ സൃഷ്ടികളോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും കരുതലിന്റെയും തലങ്ങളോടൊപ്പം, ഈ വിശ്വാസം മനുഷ്യന് ആന്തരിക സമാധാനവും പ്രതീക്ഷയും നൽകുകയും വിശ്വാസി ഹൃദയങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്നു.

**മനുഷ്യബുദ്ധിയെ, ആത്മീയാനുഭവങ്ങളിലേക്കും ഉൾക്കാഴ്ചയിലേക്കും നയിക്കുന്നത് ഈ ആറ് വിശ്വാസ കാര്യങ്ങളാണ്. ഒരു സമ്പൂർണ വിശ്വാസിയെ ഇവ നിർവചിക്കുന്നു. ഒരു പ്രവാചകനിൽ വിശ്വസിക്കുകയും മറ്റുള്ളവരെ നിരാകരിക്കുകയും ചെയ്യുന്നത് പോലെ, ഈ വിശ്വാസ സ്തംഭങ്ങളിൽ ഒന്നിനെ നിരാകരിക്കുന്നത്, ഒരാളെ അവിശ്വാസിയാക്കി മാറ്റും.**

# പ്രാർഥനക്കുള്ള ആഹ്വാനം

അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാ
ഹുവാണ് ഏറ്റവും വലിയവൻ.

അല്ലാഹു അല്ലാതെ ആരാധനയ്ക്ക്
യോഗ്യനായ ഒരു ദൈവവുമില്ലെന്ന്
ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

അല്ലാഹു അല്ലാതെ ആരാധനയ്ക്ക്
യോഗ്യനായ ഒരു ദൈവവുമില്ലെന്ന്
ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന്
ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന്
ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

പ്രാർഥനയിലേക്ക് വരൂ,
പ്രാർഥനയിലേക്ക് വരൂ.
വിജയത്തിലേക്ക് വരൂ,
വിജയത്തിലേക്ക് വരൂ.
അല്ലാഹുവാണ് ഏറ്റവും വലിയവൻ,
അല്ലാഹുവാണ് ഏറ്റവും വലിയവൻ.
അല്ലാഹു അല്ലാതെ, ആരാധനയ്ക്ക്
യോഗ്യനായ ഒരു ദൈവവുമില്ല.

പ്രാർഥനക്കുള്ള ആഹ്വാനം മനുഷ്യരുടെ
ആത്യന്തിക വിജയത്തിലേക്കുള്ള ക്ഷണമാണ്.
അല്ലാഹുവല്ലാതെ, ആരാധനക്ക് അർഹനായ
മറ്റൊരു യഥാർഥ ദൈവം ഇല്ലെന്ന് മനുഷ്യനെ
നിരന്തരം ഓർമപ്പെടുത്തുകയാണ് ഈ വിളിയാളം.
അപ്രകാരം, മുഹമ്മദ് - അദ്ദേഹത്തിന് അല്ലാഹു
വിന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ
- ദൈവത്തിന്റെ പ്രവാചകനാണെന്നും
ഇത് പഠിപ്പിക്കുന്നു.

# ഇസ്‌ലാമിന്റെ അഞ്ച് വ്യവസ്ഥകൾ

വിശുദ്ധ ഖുർആൻ വ്യത്യസ്ത സന്ദർഭങ്ങളിൽ ഇസ്‌ലാമിന്റെ അഞ്ച് വ്യവസ്ഥകൾ അവതരിപ്പിച്ചിട്ടുണ്ട്[5]. ഉദാഹരണമായി, ഒന്നാമത്തെ വ്യവസ്ഥയെ കുറിച്ച് ഖുർആൻ പറയുന്നു:

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ ثُمَّ لَمْ
يَرْتَابُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ
أُو۟لَٰٓئِكَ هُمُ ٱلصَّٰدِقُونَ ﴿١٥﴾

**"യഥാർഥ സത്യവിശ്വാസികളോ, അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീടതിൽ അശേഷം സംശയിക്കാതിരിക്കുകയും സ്വന്തം ജീവ-ധനാദികളാൽ ദൈവിക മാർഗത്തിൽ സമരത്തിലേർപ്പെടുകയും ചെയ്തവരത്രെ. അവരാകുന്നു സത്യവാന്മാർ." (ഖുർആൻ 49:15).**

**ഒന്നാം വ്യവസ്ഥ**

അല്ലാഹു അല്ലാതെ ആരാധനക്ക് യോഗ്യനായ മറ്റൊരു ദൈവവും ഇല്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഹൃദയത്തിലും മനസ്സിലും പ്രഖ്യാപിക്കുക. സ്രഷ്ടാവിന്റെ ഏകത്വ

ത്തിലുള്ള വിശ്വാസവും (ഏകദൈവ വിശ്വാസം), മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ അന്ത്യദൂതനാണെന്നും ഈ പ്രഖ്യാപനം സ്ഥിരീകരിക്കുന്നു. ഇതിനെ 'ശഹാദത്ത്' എന്ന് വിളിക്കുന്നു. പ്രഖ്യാപിത സത്യത്തെ സാക്ഷ്യപ്പെടുത്തുക, കൈക്കൊള്ളുക, സ്ഥാപിക്കുക എന്നർഥമുള്ള അറബി പദമാണിത്.

ഒരാളുടെ വിശ്വാസം പ്രഖ്യാപിച്ചുകഴിഞ്ഞാൽ, ആ വിശ്വാസത്തിന്റെ പ്രായോഗിക സ്ഥിരീകരണമായി താഴെ പറയുന്ന കാര്യങ്ങൾ നിറവേറ്റാൻ ഒരു മുസ്‌ലിം ബാധ്യസ്ഥനാണ്.

**രണ്ടാമത്തെ വ്യവസ്ഥ**

പ്രതിദിനം അഞ്ച് തവണ അല്ലാഹുവിനോട് ആചാരപരമായ പ്രാർഥനകൾ അനുഷ്ഠിക്കുക. (അറബിയിൽ സ്വലാത്ത് എന്ന് പറയും). പ്രഭാതത്തിലും മധ്യാഹ്നത്തിലും ഉച്ചകഴിഞ്ഞും സൂര്യാസ്തമയത്തിനു ശേഷവും രാത്രിയിലുമാണ് ഈ നിശ്ചിത പ്രാർഥനകൾ നിർവഹിക്കേണ്ടത്. മധ്യസ്ഥനില്ലാതെ, അല്ലാഹുവുമായി നേരിട്ടുള്ള ആശയവിനിമയമാണ് നമസ്കാരങ്ങൾ. അതിൽ അല്ലാഹുവിനുള്ള സ്തുതി കീർത്തനങ്ങളും അവനോടുള്ള പ്രാർഥനകളും ഉൾപ്പെടുന്നു.

## *ഇസ്‌ലാമിൽ ഇതിന്റെ പ്രാധാന്യം*

*ദൈവസ്മരണയായും, അവനോട് അനുസരണക്കേട് കാണിക്കുന്നതിൽ നിന്നുള്ള സംരക്ഷണമായുമാണ് പ്രാർത്ഥനകളെ അല്ലാഹു പരിചയപ്പെടുത്തുന്നത് (ഖുർആൻ 20: 14, 29: 45). അങ്ങനെ, പതിവ് പ്രാർഥനകൾ ദൈവബോധം വികസിപ്പിക്കാനും നിലനിർത്താനും നമ്മെ സഹായിക്കുന്നു (അറബിയിൽ ഇതിനെ തഖ്‌വ എന്ന് പറയുന്നു)[6].*

### മൂന്നാമത്തെ വ്യവസ്ഥ

ദരിദ്രർക്ക് ദാനം ചെയ്യുക (അറബിയിൽ ഇതിന് സകാത്ത് എന്ന് പറയും). ഒരു വർഷം തികഞ്ഞ വ്യക്തിഗത സമ്പത്തിന്റെ 2.5% തുക ഒരു മുസ്‌ലിം നിശ്ചിത അവകാശികൾക്ക് നൽകണം. ഉദാഹരണത്തിന് പണം, വെള്ളി, സ്വർണം എന്നിങ്ങനെയുള്ള

സമ്പാദ്യം. കാർഷിക ഉൽപ്പന്നങ്ങൾ, വിപണി ഓഹരികൾ മുതലായവയ്ക്കും ദാനം നൽകൽ നിർബന്ധമാണ്. അവയുടെ അളവുകൾ വ്യത്യസ്തമായിരിക്കും.

## *ഇസ്‌ലാമിൽ ഈ വ്യവസ്ഥയുടെ പ്രാധാന്യം*

*സകാത്ത് സ്ഥാപനം സമൂഹത്തിൽ സമ്പത്ത് പങ്കുവെപ്പ് ഉറപ്പാക്കുന്നു. അതുവഴി സമൂഹത്തിലെ ദാരിദ്ര്യം, അസൂയ, വിദ്വേഷം എന്നിവ ഇല്ലാതാക്കുന്നു. 'സകാത്ത്' എന്ന വാക്കിന്റെ അർത്ഥം - 'ശുദ്ധീകരിക്കുക' എന്നാണ്. അതിനാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് നമ്മുടെ സമ്പത്തിനെയും ആത്മാവിനെയും ശുദ്ധീകരിക്കുന്നു.*

## നാലാമത്തെ വ്യവസ്ഥ

ഇസ്‌ലാമിക ചാന്ദ്ര കലണ്ടറിലെ ഒമ്പതാം മാസമായ റമദാനിൽ പ്രഭാതം മുതൽ പ്രദോഷം വരെ ഉപവാസം അനുഷ്ഠിക്കുക. ഈ വ്രതമാസത്തിൽ പകൽ സമയത്ത് ഭക്ഷണം, പാനീയം, ലൈംഗിക പ്രവർത്തനങ്ങൾ എന്നിവയിൽ നിന്ന് വിട്ടുനിൽക്കണം. അപ്രകാരം, മതത്തിൽ നിഷിദ്ധമായ എല്ലാ കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കണം. അതായത് പരദൂഷണം, വ്യാജ സാക്ഷ്യം മുതലായവ.

## *ഇസ്‌ലാമിൽ ഈ വ്യവസ്ഥയുടെ പ്രാധാന്യം*

*ഒരാളുടെ ഇച്ഛാശക്തി, ക്ഷമ, ആത്യന്തികമായ വിശ്വാസം, ദൈവബോധം (തഖ്‌വ) എന്നിവ വികസിപ്പിക്കാനും ശക്തിപ്പെടുത്താനും സഹായിക്കുന്ന അനുഷ്ഠാനമാണ് ഉപവാസം. നമ്മെക്കാൾ ഭാഗ്യം കുറഞ്ഞവരെ, ഒരു ദിവസം ഒരു നേരം ഭക്ഷണം കഴിക്കാൻ പോലും കഴിയാത്ത ആളുകളെ ഓർമിക്കാൻ ഇത് സഹായിക്കുന്നു.*

## അഞ്ചാമത്തെ വ്യവസ്ഥ

സാമ്പത്തികവും ശാരീരികവുമായ ശേഷിയുള്ളവർക്ക് ജീവിതത്തിൽ ഒരിക്കലെങ്കിലും മക്കയിലേക്കുള്ള തീർഥാടനം (അറബിയിൽ ഇതിന് 'ഹജ്ജ്' എന്ന് പറയുന്നു).

***ഇസ്‌ലാമിൽ ഈ വ്യവസ്ഥയുടെ പ്രാധാന്യം***

*ലോക മുസ്‌ലിംകളുടെ മഹത്തായ വാർഷിക സമ്മേളനമാണ് ഹജ്ജ് തീർഥാടനം. മനുഷ്യരാശിയുടെയും മതത്തിന്റെയും ഐക്യത്തിന്റെ സ്ഥിരീകരണവും പ്രകടനവുമാണ് ഇത്. ദൈവം ഒന്നാണ്, മനുഷ്യർ ഒന്നാണ്, അവരുടെ മതം ഒന്നാണ് - ഇതാണ് ഹജ്ജിന്റെ സന്ദേശം.അല്ലാഹുവിനുള്ള ആരാധനയുടെയും മഹത്വപ്പെടുത്തലിന്റെയും പ്രായോഗികരൂപമാണ് തീർഥാടനം. അതുപോലെ പ്രവാചകൻ അബ്രഹാമിന്റെയും മകൻ ഇസ്മാഈലിന്റെയും - അവർക്ക് അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും ഉണ്ടാകട്ടെ - ആരാധനകളുടെയും ത്യാഗങ്ങളുടെയും സ്മരണാർഥം കൂടിയാണ് ഈ തീർഥാടനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.*



ഇബ്റാഹീമിന്റെ സ്ഥാനം- (മഖാം ഇബ്രാഹീം). മക്കയിൽ കഅ്ബ പണിയുമ്പോൾ അബ്രഹാം നിന്ന മക്കയിലെ സ്ഥലം.

**ഇസ്‌ലാമിന്റെ ഈ തത്വങ്ങൾ മുസ്‌ലിമിന്റെ ഹൃദയ ത്തെയും മനസ്സിനെയും ഭൗതികാസക്തിയിൽ നിന്നും ദേഹേഛയുടെ അടിമത്ത്വത്തിൽ നിന്നും അകറ്റി, ആത്മീയ ബോധത്തിലേക്കും വികാസത്തിലേക്കും നയിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവ നമ്മെ ഭൗതികതലത്തിൽ നിന്ന് നമ്മുടെ അസ്തിത്വത്തിന്റെ ആത്മീയ തലത്തിലേക്ക് ഉയർത്തു ന്നു. അതുവഴി സ്രഷ്ടാവിനെക്കുറിച്ചും, അവനോടുള്ള നമ്മുടെ കടമയും ഉത്തരവാദിത്തവും, മനുഷ്യരാശി യോടുള്ള നമ്മുടെ ഉത്തരവാദിത്തത്തെയും കുറിച്ച് നാം ബോധവാന്മാരായിത്തീരും.**



ഒമാനിലെ മസ്കറ്റിലുള്ള സുൽത്താൻ ഖാബൂസ് ഗ്രാൻഡ് മോസ്കിലെ മിനാരത്തിന്റെ ഒരു ദൃശ്യം. പണ്ട്, പ്രാർഥനകൾക്കുള്ള വിളികൾ മിനാരങ്ങളിൽ നിന്നാണ് ഉയർന്നിരുന്നത്. ഇന്ന് ഈ മിനാരങ്ങൾ പള്ളിയെ അടയാളപ്പെടുത്തുന്ന വാസ്തുവിദ്യാ രൂപമായി നിലനിൽക്കുന്നു.

# അല്ലാഹുവിന്റെ സ്വത്വം ഗുണവിശേഷണങ്ങൾ

ഓരോ വ്യക്തിക്കും പേരുള്ളതുപോലെ, സ്രഷ്ടാവും പ്രപഞ്ചത്തിന്റെ നാഥനുമായ സാക്ഷാൽ ദൈവം 'അല്ലാഹു' എന്ന നാമത്തിൽ അറിയപ്പെടുന്നു. ലിംഗഭേദമോ, ബഹുവചനമോ, വ്യുൽപ്പന്നങ്ങളോ ഇല്ലാത്ത അതുല്യ നാമമാണിത്. അല്ലാഹു പുരുഷനോ സ്ത്രീയോ അല്ല. അവൻ ഒരു പിതാവിൽ നിന്നും ഒരു മാതാവിൽ നിന്നും ഉണ്ടായവനുമല്ല. അവന് പ്രതിരൂപമോ, തനിപ്പകർപ്പോ, തുല്യമോ, സമാന്തരമോ ഇല്ല. അവന്റെ പദവി വളരെ ആദിയും പങ്കാളികൾ ഇല്ലാത്തതുമാണ്. അതിനാൽ, അവൻ മാത്രമാണ് അൽ-വാഹിദ്, ഏകൻ എന്ന് വിളിക്കപ്പെടാൻ യോഗ്യൻ. 'ഒരേ ഒരുവൻ, അവൻ മാത്രം!' അല്ലാഹു അതുല്യനാണ്.

1. അല്ലാഹുവിന്റേത് സ്വതന്ത്രമായ അസ്തിത്വമാണ്, സ്വയം നിലനിൽക്കുന്നവൻ, അവന് തുടക്കവും അവസാനവുമില്ല. ഇങ്ങനെ അതീന്ദ്രിയതയുടെ അതുല്യമായ ഗുണങ്ങൾ അവന് മാത്രം ഉള്ളതാണ്. അവന്റെ സ്വഭാവത്തെയും സമ്പൂർണ കഴിവുകളെയും ഉൾക്കൊള്ളുന്ന അനുപമമായ ഗുണങ്ങൾ. ഉദാഹരണത്തിന്, അവൻ സൃഷ്ടികളിൽ നിന്ന് വ്യത്യസ്തനാണ്. അവൻ നിത്യജീവനുള്ളവനും ജീവൻ നൽകുന്നവനുമാണ്. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനും ഈ കഴിവുകളുടെ പ്രാപ്തി നൽകുന്നവ

നുമാണ്. അവൻ സർവശക്തനും അവന്റെ ഇഷ്ടം നടപ്പിലാക്കാൻ കഴിവുള്ളവനുമാണ്. അങ്ങനെ പലതും അവന്ന് മാത്രമുള്ളതാണ്. ഈ ഗുണങ്ങളെല്ലാം അതുല്യമാണ്, ഈ പ്രപഞ്ചത്തിൽ മറ്റൊരാളും ഇവ പങ്കിടുന്നില്ല.

2. അല്ലാഹുവിന് അവന്റെ ഗുണങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന നിരവധി മനോഹരമായ നാമങ്ങളുണ്ട്. ഈ പേരുകളിൽ പരമ കാരുണികൻ, ക്ഷമിക്കുന്നവൻ, എക്കാലവും കരുണാമയൻ, സർവജ്ഞൻ എന്നിവയെല്ലാം ഉൾപ്പെടുന്നു.
3. അല്ലാഹുവിന്റെ ദിവ്യത്വം, കർത്തൃത്വം, അടിമത്താവകാശം (അറബിയിൽ - ഉലൂഹിയ്യത്ത്, റുബൂബിയ്യത്ത്, ഉബൂദിയ്യത്ത്) എന്നിവ ഈ പ്രപഞ്ചത്തിൽ മറ്റൊന്നുമായും പങ്കിടാൻ കഴിയില്ല.
4. ഈ ദിവ്യത്വവും മഹത്വങ്ങളും മുൻനിർത്തുമ്പോൾ, അല്ലാഹു എന്ന പേരിന്റെ അർഥം നമ്മുടെ സമ്പൂർണ അനുസരണവും സ്നേഹവും അർഹിക്കുന്നതും, നമുക്ക് സമ്പൂർണ സംരക്ഷണവും അഭയവും നൽകുന്നവനും എന്നാണ്.

അതനുസരിച്ച്, അല്ലാഹുവിന്റെ നാമത്തിന്റെ അർഥം യഥാർഥ ഏകദൈവ വിശ്വാസത്തെ അടയാളപ്പെടുത്തുന്നു. അല്ലാഹു എന്ന അവന്റെ നാമത്തിന്റെ ഈ ആശയത്തെ കുറിക്കാൻ, അവനെ വിശേഷിപ്പിക്കാൻ 'ദൈവം' എന്ന പദം പര്യാപ്തമല്ല. എങ്കിലും ഇസ്‌ലാമിക സാഹിത്യത്തിൽ രണ്ട് പദങ്ങളും പലപ്പോഴും പര്യായമായി ഉപയോഗിക്കാറുണ്ട്.

പ്രപഞ്ചത്തിന്റെയും അതിലെ എല്ലാ ജീവജാലങ്ങളുടെയും സ്രഷ്ടാവും പരിപാലകനുമായ അല്ലാഹു, അവനോടുള്ള നമ്മുടെ നന്ദിയുടെ സാക്ഷ്യമായി, അവനിലുള്ള നമ്മുടെ വിശ്വാസവും അവനോടുള്ള നമ്മുടെ അനുസരണവും ആവശ്യപ്പെടുന്നു. അല്ലാഹുവിന്റെ പ്രകൃതം, ഗുണങ്ങൾ, നാമങ്ങൾ എന്നിവ നിഷേധിക്കുന്നത് അല്ലെങ്കിൽ അവയെ മറ്റേതെങ്കിലും ജീവിയുമായി ബന്ധപ്പെടുത്തുന്നത് അവനോട് ചെയ്യുന്ന കടുത്ത നന്ദികേടാണ് (അതിനെ അറബിയിൽ ശിർക്ക് എന്ന് വിളിക്കുന്നു). അതിനാൽ ഒരാൾ പശ്ചാത്തപിക്കുന്നതു വരെ, അല്ലാഹു ഒരിക്കലും ക്ഷമിക്കാത്ത ഏറ്റവും വലിയ പാപമാണിത്.

**അല്ലാഹു പറയുന്നു: "തന്നിൽ പങ്കാളിത്തം ആരോപിക്കുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതല്ലാത്ത ഏതു പാപവും താനിച്ഛിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും. അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നവൻ വമ്പിച്ച വ്യാജവും ഭയങ്കരമായ കുറ്റവുമാണ് ചമച്ചിരിക്കുന്നത്" (ഖുർആൻ 4:48).**



**'കോർഡോവയിലെ വലിയ പള്ളി' എന്ന് അറിയപ്പെടുന്ന മസ്ജിദ്.'കത്തീഡ്രൽ ഓഫ് ഔവർ ലേഡി ഓഫ് ദി അസംപ്ഷൻ' എന്ന സഭാ നാമമുള്ള മെസ്ക്വിറ്റ- ഇത് കോർഡോബ രൂപതയുടെ കത്തോലിക്കാ കത്തീഡ്രലാണ്. മൂറിഷ് വാസ്തുവിദ്യയുടെ ഏറ്റവും മികച്ച സ്മാരകങ്ങളിലൊന്നാണ് ഇതിന്റെ നിർമിതി.**

# മുഹമ്മദ് നബിയുടെ വ്യക്തിത്വവും ജീവിതവും

മുഹമ്മദ് നബി (സ) എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള അല്ലാഹുവിന്റെ പ്രവാചകനാണ്. മുഹമ്മദ് നബിക്ക് മുമ്പ്, അല്ലാഹു നൂഹ്, അബ്രഹാം, മോശ, യേശു തുടങ്ങിയ നിരവധി പ്രവാചകന്മാരെ അയച്ചു. (അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും അവർക്കെല്ലാം ഉണ്ടാകട്ടെ.) എല്ലാ പ്രവാചകന്മാരെയും ഒരു പ്രത്യേക ജനതയിലേക്കും ഒരു പ്രത്യേക കാലഘട്ടത്തിലേക്കുമാണ് നിയോഗിച്ചിരുന്നത്. മുസ്‌ലിംകൾ അല്ലാഹുവിന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുകയും എല്ലാവരെയും ബഹുമാനിക്കുകയും ചെയ്യുന്നു. മനുഷ്യരാശിക്ക് ഒന്നാകെ ശാശ്വത സന്ദേശം കൈമാറാൻ അയച്ച അവസാനത്തെ പ്രവാചകൻ ആയതിനാൽ മുഹമ്മദ് നബിയെ മുസ്‌ലിംകൾ കൂടുതൽ ഓർമിക്കുകയും ഏറെ ബന്ധം പുലർത്തുകയും ചെയ്യുന്നു.[7]

## പ്രവാചകന്റെ പാരമ്പര്യം

മുഹമ്മദ് നബി അറബിയും അബ്രഹാമിന്റെ മകനായ ഇസ്മായേലിന്റെ പിൻഗാമിയുമാണ്. മക്കയിലെ പ്രബലമായ ഖുറൈശ് ഗോത്രത്തിലെ കുടുംബങ്ങളിൽ ഒന്നായ ബനൂ ഹാശിമിന്റെ പരമ്പരയിൽ പെട്ടയാളാണ് അദ്ദേഹം.

## ജനനം


മുഹമ്മദ് നബി (സ) ക്രിസ്ത്വാബ്ദം 570-ൽ മക്കയിലാണ് ജനിച്ച

ത്. യേശുവിന്റെ ജനനത്തിന് ഏകദേശം ആറ് നൂറ്റാണ്ടുകൾക്ക് ശേഷമാണ് ഇത്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ രണ്ടുപേരും കുലീന കുടുംബാംഗങ്ങളായിരുന്നു.അദ്ദേഹത്തിന്റെ പിതാവ് അബ്ദുല്ല. അവരുടെ പിതൃ പരമ്പര ഇങ്ങനെ പിറകോട്ട് പോകുന്നു: അബ്ദുൽ മുത്തലിബ്- ഹാശിം - അബ്ദു മനാഫ് - ഖുസയ്യ് - കിലാബ് - മുർറ. അദ്ദേഹത്തിന്റെ മാതാവ് ആമിന. അവരുടെ പിതാവ് വഹബ്. അവരുടെ പിതൃപരമ്പര ഇങ്ങനെ പിറകോട്ട് പോകുന്നു: അബ്ദുമനാഫ് - സുഹ്റ -കിലാബ് - മുർറ.

മുഹമ്മദ് നബി ജനിക്കുന്നതിന് മുമ്പ് തന്നെ അദ്ദേഹത്തിന്റെ പിതാവ് മരണപ്പെടുകയുണ്ടായി. അദ്ദേഹത്തിന് ആറ് വയസ്സു ള്ളപ്പോൾ മാതാവും മരണപ്പെട്ടു. പിതാമഹനായ അബ്ദുൽ മു ത്തലിബാണ് അദ്ദേഹത്തെ വളർത്തിയത്. അബ്ദുൽമുത്തലിബ് മരിച്ചതിനുശേഷം ബനൂ ഹാശിം കുടുംബത്തിന്റെ തലവനായി വന്ന പിതൃവ്യൻ അബൂത്വാലിബിന്റെ സംരക്ഷണയിലായി പിന്നീട് മുഹമ്മദ് നബി.

## മുഹമ്മദ് നബിയുടെ വ്യക്തിത്വവും സ്വഭാവവും

പ്രവാചകത്വത്തിനു മുമ്പ് മുഹമ്മദ് (സ) ലാളിത്യമുള്ള, സദ്‌വൃത്തനായ വ്യക്തിയായി, ശക്തമായ ധാർമിക സ്വഭാവ ഗുണങ്ങളോടെയാണ് വളർന്നു വന്നത്. അദ്ദേഹം നിരക്ഷരനായിരുന്നു. വിഗ്രഹാരാധന അദ്ദേഹത്തിന്റെ നാട്ടിൽ പതിവായിരുന്നപ്പോഴും, അദ്ദേഹം ഒരിക്കലും വിഗ്രഹങ്ങളെ ആരാധിച്ചിരുന്നില്ല. പകരം, സ്രഷ്ടാവിനെയാണ് ആരാ



മുഹമ്മദ് (അല്ലാഹുവിന്റെ അനുഗ്രഹവും, രക്ഷയും അദ്ദേഹത്തിന്റെ മേൽ ഉണ്ടാകട്ടെ)

ധിച്ചിരുന്നത്. ഏകനായ സ്രഷ്ടാവിനെ ധ്യാനിക്കാൻ മക്കയിലെ ഹിറാ ഗുഹയിൽ ദിവസങ്ങളോളം അദ്ദേഹം ഏകാന്തവാസം അനുഷ്ഠിച്ചിരുന്നു.

'സത്യസന്ധനും വിശ്വസ്തനും' എന്നാണ് മുഹമ്മദ് നബി അറിയപ്പെട്ടിരുന്നത്, (അറബിയിൽ അസ്സാദിഖുൽ അമീൻ). അദ്ദേഹം വളരെ സത്യസന്ധനായിരുന്നു. പലരും അവരുടെ സ്വത്തുക്കൾ കച്ചവടത്തിനോ, സൂക്ഷിക്കുന്നതിനോ വേണ്ടി അദ്ദേഹത്തെയാണ് ഏൽപ്പിച്ചിരുന്നത്.

ദരിദ്രരെയും പിന്നാക്കക്കാരെയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്ത നബി ഇതിനായി ഒരു സഖ്യത്തിൽ ഏർപ്പെടുകയുണ്ടായി. വ്യത്യസ്ത രീതികളിൽ പ്രവാചകൻ തന്റെ ജനങ്ങളെ പരിപാലിച്ചിട്ടുണ്ട്.

## വെളിപാട്

ഹിറാ ഗുഹയിൽ വെച്ച് മുഹമ്മദ് നബിക്ക് ജിബ്രീൽ മാലാഖയിലൂടെ അല്ലാഹുവിൽ നിന്ന് ആദ്യത്തെ വെളിപാട് ലഭിച്ചു. ക്രിസ്ത്വാബ്ദം 610-ൽ, അദ്ദേഹത്തിന് നാൽപ്പത് വയസ്സുള്ളപ്പോഴായിരുന്നു ഇത്. ആ വെളിപാട് ഇങ്ങനെയാണ്:

**"വായിക്കുക! സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ. അവൻ മനുഷ്യനെ കട്ടപിടിച്ച രക്തത്തിൽ നിന്ന് സൃഷ്ടിച്ചു. വായിക്കുക! നിന്റെ നാഥൻ അത്യധികം ഔദാര്യവാനാകുന്നു. പേനയുടെ ഉപയോഗം പഠിപ്പിച്ചവൻ, മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചു" (ഖുർആൻ 96:1–5).**

**വിശ്വാസത്തിന്റെ അടിസ്ഥാനം അറിവും യുക്തിയുമാണെന്ന് ഈ ആദ്യ വെളിപാട് പ്രഖ്യാപിപ്പിക്കുന്നത് ശ്രദ്ധേയമാണ്.**

പ്രവാചകന്റെ ജീവിതത്തിലെ അടുത്ത ഇരുപത്തിമൂന്ന് വർഷങ്ങളിൽ ജിബ്രീൽ മാലാഖയിലൂടെയുള്ള വെളിപാടുകൾ തുടർന്നുകൊണ്ടേയിരുന്നു. ആദ്യത്തെ പതിമൂന്ന് വർഷങ്ങളിൽ അദ്ദേഹം

മക്കയിൽ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിച്ചു. അവിടെ അദ്ദേഹവും അനുയായികളും വലിയ എതിർപ്പും പീഡനവും നേരിട്ടു. എന്നാൽ, ക്രിസ്ത്വാബ്ദം 622-ൽ, പീഡനങ്ങൾ തുടർച്ചയായി വർധിച്ചതു കാരണം, പ്രവാചകനും അനുയായികളും മക്കയിൽ നിന്ന് ഏകദേശം 400 കിലോമീറ്റർ വടക്ക് സ്ഥിതി ചെയ്യുന്ന മദീനയിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതനായി. മദീനയിലെ ജനങ്ങൾ അവരെ ബഹുമാനത്തോടെയും ഉദാരതയോടെയുമാണ് സ്വീകരിച്ചത്. അടുത്ത പത്ത് വർഷത്തേക്ക് പ്രവാചകൻ മദീനയിൽ അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുകയും, അവിടെ ഇസ്‌ലാമിക രാഷ്ട്രം പണിതുയർത്തുകയും ചെയ്തു.

## മുഹമ്മദ് നബിയുടെ മരണം

ക്രിസ്തുവർഷം 632-ൽ, 63-ാം വയസ്സിൽ മുഹമ്മദ് നബി (സ) രോഗബാധിതനാവുകയും തുടർന്ന് മരണപ്പെടുകയും ചെയ്തു. മദീനയിൽ, പത്നി ആയിഷയുടെ വീട്ടിൽ അദ്ദേഹത്തെ അടക്കം ചെയ്തു.

**"അതിനാൽ നീ അല്ലാഹുവിൽ ഭരമേൽപിക്കുക. തീർച്ചയായും നീ വ്യക്തമായ സത്യത്തിൽ തന്നെയാണ്" (ഖുർആൻ 27:79).**



# പ്രവാചകന്റെ ആധികാരികത

മനുഷ്യ ചരിത്രത്തിലുടനീളം, ദൈവത്തിന്റെ എല്ലാ പ്രവാചകന്മാരുടെയും ആധികാരികത എല്ലായ്പ്പോഴും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. മുഹമ്മദ് നബിയും അതിൽ നിന്ന് വ്യത്യസ്തനല്ല. ദൈവത്തിന്റെ പ്രവാചകന്മാരുടെ ആധികാരികത അവരുടെ ഉദാത്തമായ വ്യക്തിത്വഗുണത്തിലും അവർ തങ്ങളുടെ നാഥനിൽ നിന്ന് കൊണ്ടുവരുന്ന സന്ദേശത്തിന്റെ സത്യത്തിലുമാണെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിന്റെ ആധികാരികത തെളിയിക്കുന്ന നാല് അടിസ്ഥാനങ്ങളുണ്ട്.

**ഒന്ന്**

നാലാം അധ്യായത്തിൽ നാം കണ്ടതുപോലെ, മുഹമ്മദ് നബി വളരെ സത്യസന്ധനും ജനങ്ങളുടെ വലിയ ബഹുമാനം ലഭിച്ച വ്യക്തിയുമായിരുന്നു. 'സത്യസന്ധനും വിശ്വസ്തനും' എന്ന വിളിപ്പേരുകളിൽ അദ്ദേഹം അറിയപ്പെട്ടു. അദ്ദേഹം തന്റെ പ്രവാചകദൗത്യം ആരംഭിച്ചത് നാല്പതാമത്തെ വയസ്സിലാണ്. ഇത്രയും മാന്യമായ സ്വഭാവത്തോടെ ഇക്കാലമത്രയും സമൂഹമധ്യേ ജീവിച്ച ഒരു വ്യക്തിക്ക് ഈ പ്രായത്തിൽ പെട്ടെന്ന് ഒരു നുണയനും വഞ്ചകനുമായി മാറാൻ കഴിയുമെന്നത് സങ്കൽപ്പിക്കുന്നത് പോലും എല്ലാ യുക്തിക്കും വിരുദ്ധമാണ്.

ഒരുപക്ഷേ, അദ്ദേഹം തന്റെ സാമൂഹിക പദവി മെച്ചപ്പെടുത്താൻ ആഗ്രഹിച്ചിരിക്കാമെന്ന് ഒരാൾക്ക് വാദിക്കാം. എന്നാൽ, അദ്ദേഹം

ഇതിനകം തന്നെ മക്കയിലെ ഖുറൈശി ഗോത്രത്തിൽ ഏറ്റവും ശക്തനും ആദരണീയനും ബഹുമാന്യനുമായ വ്യക്തിയായി മാറി യിരുന്നു. വാസ്തവത്തിൽ, പ്രവാചക ദൗത്യത്തിന്റെ തുടക്കത്തിൽ തന്നെ ഇസ്‌ലാമിക സന്ദേശം പ്രഖ്യാപിക്കുന്നതിൽ നിന്ന് അദ്ദേ ഹത്തെ പിന്തിരിപ്പിക്കാൻ അദ്ദേഹത്തിന് വലിയ നേതൃസ്ഥാനം തന്നെ വാഗ്ദാനം ചെയ്യപ്പെടുകയുണ്ടായി. പക്ഷേ, അദ്ദേഹം അത് നിരസിക്കുകയായിരുന്നു.[8] അദ്ദേഹം ഒരു സാമൂഹിക പദവിയും ആഗ്രഹിച്ചിരുന്നില്ലെന്ന് ഇത് തെളിയിക്കുന്നു.

## രണ്ട്

ദൈവദൂതന്മാർക്ക് അവതരിച്ച ദിവ്യസന്ദേശം അവർക്ക് പി ന്തുണയായി ഉണ്ടാകും. മുഹമ്മദ് നബിക്ക് വിശുദ്ധ ഖുർആൻ എന്ന മഹദ് ഗ്രന്ഥത്തിന്റെ സാക്ഷ്യമുണ്ടായിരുന്നു. അധ്യായം ഏഴിൽ കാണിച്ചിരിക്കുന്നതു പോലെ, ഖുർആൻ പ്രവാചകൻ എഴുതിയതല്ല; അത് തീർച്ചയായും ദൈവിക വെളിപ്പെടുത്തലാണ്. വാസ്തവത്തിൽ, പ്രവാചകൻ എഴുതിയതാണെന്ന് ആർക്കെങ്കി ലും ധാരണയുണ്ടെങ്കിൽ, ഖുർആനിൽ തന്നെ ഇതുപോലുള്ള എന്തെങ്കിലും നിർമിക്കാൻ മനുഷ്യരാശിയെ വെല്ലുവിളിച്ചിട്ടുണ്ട്. എല്ലാറ്റിനുമുപരി, നേരത്തെ സൂചിപ്പിച്ചതുപോലെ, അത്തരമൊരു പുസ്തകം എഴുതാൻ കഴിയുന്ന ഒരു പണ്ഡിതനായ പ്രവാചകൻ ആയിരുന്നില്ല. ഖുർആൻ പ്രവാചകന്റെ ആധികാരികതയുടെ ജീ വിക്കുന്ന തെളിവാണ്. വാസ്തവത്തിൽ, അത് പ്രവാചകൻ അവ കാശപ്പെടുന്ന ഒരേയൊരു അത്ഭുതമാണ്.[9]

## മൂന്ന്

മനുഷ്യ ചരിത്രത്തിലെ മറ്റേതൊരു പ്രസ്ഥാനത്തേക്കാളും സമ ഗ്രവും വേഗവുമാർന്ന രീതിയിൽ മനുഷ്യ നാഗരികതയെ പരിവർ ത്തനം ചെയ്ത ഒരു പ്രസ്ഥാനത്തിന് മുഹമ്മദ് നബി തുടക്കമിട്ടു. മാത്രമല്ല, ഇസ്‌ലാമിനേക്കാൾ സുസ്ഥിരമായ സ്വാധീനം മറ്റൊരു മതത്തിനും മനുഷ്യ നാഗരികതയുടെ വികാസത്തിൽ ഉണ്ടാക്കാ നായിട്ടില്ല. മനുഷ്യ നാഗരികതയുടെ ദ്രുതവും സുസ്ഥിരവുമായ

ഈ പരിവർത്തനം ഒരു വഞ്ചകൻ നയിച്ച പ്രസ്ഥാനത്തിന് നേടാൻ കഴിയില്ല. അങ്ങനെ സംഭവിക്കുമെന്ന ചിന്ത തന്നെ യുക്തിയെയും ബുദ്ധിയെയും വെല്ലുവിളിക്കുന്നതാണ്.

## നാല്

യഹൂദമതം, ക്രിസ്തുമതം, ഹിന്ദുമതം, ബുദ്ധമതം തുടങ്ങി എല്ലാ പ്രധാന മതങ്ങളുടെയും വേദഗ്രന്ഥങ്ങളിൽ പ്രവാചകൻ മുഹമ്മദ് നബിയെ കുറിച്ച പ്രവചനങ്ങളുണ്ട്:

ജൂതമതം, ക്രിസ്തുമതം എന്നിവയുടെ ഗ്രന്ഥങ്ങളിൽ മുഹമ്മദ് നബിയെക്കുറിച്ച് പറഞ്ഞിട്ടുണ്ടെന്ന് ഖുർആൻ ഉണർത്തിയിട്ടുണ്ട്.

**"അക്ഷരജ്ഞാനമില്ലാത്ത ദൈവ ദൂതനെ പിന്തുടരുന്നവർ, തങ്ങളുടെ സ്വന്തം വേദഗ്രന്ഥങ്ങളിൽ, തോറയിലും ഇഞ്ചീലിലും അദ്ദേഹത്തെ കുറിച്ച് പരാമർശിച്ചിരിക്കുന്നതായി അവർ കാണുന്നു" (ഖുർആൻ 7:157).**

ആവർത്തനപുസ്തകത്തിൽ (18:18) നമുക്ക് ഇങ്ങനെ വായിക്കാം:

**"നിന്നെപ്പോലെ (മോശ) ഒരു പ്രവാചകനെ ഞാൻ അവർക്കും എഴുന്നേൽപ്പിക്കും. എന്റെ വചനങ്ങൾ അവന്റെ നാവിൽ ആക്കും. ഞാൻ അവനോട് കല്പിക്കുന്നതെല്ലാം അവൻ അവരോടു പറയും".**

മുഹമ്മദ് നബി ഒഴികെ, മോശയ്ക്ക് ശേഷം വന്ന ഒരു പ്രവാചകനും പഴയ നിയമത്തിലെ ഈ വാക്യത്തിന് അനുസൃതമായി ജീവിച്ചിട്ടില്ല. ഒന്നാമതായി, യഹൂദന്മാരുടെ സഹോദരന്മാർ അറബികളാണ്. ഇസ്രായേൽ മക്കൾ യിസ്ഹാക്കിൽ നിന്നും അറബികൾ ഇസ്മായേലിൽ നിന്നും ഉത്ഭവിച്ചവരാണ്. യിസ്ഹാക്കും ഇസ്മായേലും അബ്രഹാമിന്റെ പുത്രന്മാരാണ്. അതിനാൽ, അവരുടെ പിൻഗാമികൾ സഹോദരന്മാരാണ്. രണ്ടാമതായി, മു

ഹമ്മദ് മോശയെപ്പോലെയാണ്. എന്നാൽ, യേശു അങ്ങനെയല്ല. (1) മോശയ്ക്കും മുഹമ്മദിനും അച്ഛനും അമ്മയും ഉണ്ടായിരുന്നു. യേശുവിന് അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അച്ഛനില്ല. (2) മോശയും മുഹമ്മദും സ്വാഭാവികമായും അവരുടെ അമ്മമാരുടെ ഗർഭപാത്രത്തിൽ പിതാവിൽ നിന്ന് ഗർഭം ധരിച്ചു. യേശു തന്റെ അമ്മയുടെ ഗർഭപാത്രത്തിൽ ഒരു അത്ഭുതത്താൽ ഗർഭം ധരിച്ചു. (3) മോശയും മുഹമ്മദും വിവാഹിതരായി, കുട്ടികളുണ്ടായി. എന്നാൽ യേശുവിന് അങ്ങനെ സംഭവിച്ചില്ല. (5) മോശയും മുഹമ്മദും സ്വാഭാവിക മരണമാണ് വരിച്ചത്. ഇസ്‌ലാമിക വിശ്വാസവും ക്രിസ്ത്യൻ വിശ്വാസവും അനുസരിച്ച് യേശു ഈ ഭൂമിയിൽ നിന്ന് സ്വാഭാവികമായി പോയിട്ടില്ല. മൂന്നാമതായി, ഖുർആൻ നമ്മെ പഠിപ്പിക്കുന്നതനുസരിച്ച്, മുഹമ്മദ് നബി സ്വയം സംസാരിച്ചതല്ല, മറിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ ദൈവത്തിൽ നിന്നുള്ള നേരിട്ടുള്ള വെളിപ്പെടുത്തലോ, പ്രചോദനമോ ആയിരുന്നു (ഖുർആൻ 53:3-4).

ബൈബിൾ പുതിയ നിയമത്തിലേക്ക് വരുമ്പോൾ, യോഹന്നാന്റെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു:

**"എനിക്ക് നിങ്ങളോട് ഇനിയും വളരെ കാര്യങ്ങൾ പറയാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അവ സഹിക്കാൻ കഴിയില്ല. എന്നാൽ സത്യത്തിന്റെ ആത്മാവായ അവൻ വരുമ്പോൾ, അവൻ നിങ്ങളെ സകല സത്യത്തിലേക്കും നയിക്കും. കാരണം, അവൻ തന്നെക്കുറിച്ചു സംസാരിക്കുകയില്ല. മറിച്ച്, അവൻ കേൾക്കുന്നത് സംസാരിക്കുകയും വരാനിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യും. അവൻ എന്നെ മഹത്വപ്പെടുത്തും, കാരണം അവൻ എനിക്കുള്ളതിൽ നിന്ന് സ്വീകരിച്ച് നിങ്ങൾക്ക് കാണിച്ചുതരും". (യോഹന്നാൻ 16:12-14).**

ഈ വാക്യങ്ങൾ, 'സത്യത്തിന്റെ ആത്മാവിനെ'ക്കുറിച്ചാണ് സംസാരിക്കുന്നത്. അവൻ, വീണ്ടും സ്വയം സംസാരിക്കില്ല. സത്യത്തിന്റെ ആത്മാവ് പരിശുദ്ധാത്മാവാകാൻ കഴിയില്ല, കാരണം

പരിശുദ്ധാത്മാവ് ഇതിനകം യേശുവിനോട് ഒപ്പമുണ്ടായിരുന്നു (ലൂക്കോസ് 4:1, 3:22, യോഹന്നാൻ 20:22 , പ്രവൃത്തികൾ 2:4 മുതലായവ). കൂടാതെ, ഈ സത്യത്തിന്റെ ആത്മാവ് യേശുവിനെ മഹത്വപ്പെടുത്തും. യേശുവിനു ശേഷം വന്ന, അദ്ദേഹത്തെ മഹത്വപ്പെടുത്തിയ പ്രവാചകൻ മുഹമ്മദ് നബിയല്ലാതെ മറ്റൊരാളുമില്ല. (അധ്യായം 11 കാണുക). യേശുവിനു ശേഷം വരാനിരിക്കുന്ന 'സത്യത്തിന്റെ ആത്മാവ്' മുഹമ്മദ് നബി ആണെന്നതിൽ യാതൊരു സംശയവുമില്ല. എല്ലാ പ്രവാചകൻമാർക്കും ദൈവത്തിന്റെ സമാധാനം ഉണ്ടാകട്ടെ.



ഇസ്താംബൂൾ നഗരത്തിന്റെ ഏഷ്യൻ ഭാഗത്തുള്ള മിനാരങ്ങളുടെ ആകാശ ദൃശ്യം.

ബൈബിളിൽ മുഹമ്മദ് നബിയെക്കുറിച്ച് പ്രവചിച്ചിരിക്കുന്നത് കാണാം - യെശയ്യാവ് ഭാഗം 29:12, യോഹന്നാൻ 14:16, യോഹന്നാൻ 16:7, മത്തായി 21:43, പ്രവൃത്തികൾ 3:22 എന്നിവ കാണുക.

ഈ ബൈബിൾ വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്ന 'ആശ്വാസകൻ' എന്ന പദം, 'പാരക്ലെറ്റോസ്' എന്ന ഗ്രീക്ക് പദത്തിന്റെ വിവർത്തനമാണ്. ഈ പദം 'പ്രവാചകൻ' അല്ലെങ്കിൽ അറബിയിൽ 'അഹ്മദ്' അല്ലെങ്കിൽ 'മുഹമ്മദ്' എന്ന് വിവർത്തനം ചെയ്യുന്ന 'പെ

രിക്ലിറ്റോസ്' എന്ന ഗ്രീക്ക് പദത്തിന്റെ രൂപമാണ്. [10]

നീതിയുക്തമായ പഠനത്തിൽ നിന്ന് മനസ്സിലാകുന്നത് മുഹമ്മദ് നബിയെക്കുറിച്ച് ഹിന്ദു, ബുദ്ധ മത ഗ്രന്ഥങ്ങളിൽ പ്രവചിച്ചിട്ടുണ്ട് എന്നാണ്. 'ഹിന്ദു തിരുവെഴുത്തുകളിലെ മുഹമ്മദ്' എന്ന തന്റെ പുസ്തകത്തിൽ ഡോ. വേദ് പ്രകാശ് ഉപാധ്യായ, ഹിന്ദു വേദങ്ങളിൽ പ്രവാചകനെക്കുറിച്ചുള്ള നിരവധി പരാമർശങ്ങൾ ഉള്ളതായി തെളിവുകൾ സഹിതം രേഖപ്പെടുത്തിയിട്ടുണ്ട്. മുഹമ്മദ് നബിയെ കുറിച്ച് അവയിലുള്ള വിവരണത്തിന് അനുയോജ്യമായ, വരാനിരിക്കുന്ന ഒരു മുനിയെക്കുറിച്ച് വേദങ്ങൾ പറയുന്നുണ്ട്. സംസ്കൃത ഭാഷയിലുള്ള അദ്ദേഹത്തിന്റെ വിവരണത്തിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുന്നു:

1. നരഷാഗ്സ - 'സ്തുതിക്കപ്പെട്ടവൻ' എന്നാണ് ഇതിന്റെ അർഥം. പ്രവാചകന്റെ അഹ്മദ്, മുഹമ്മദ് എന്നീ രണ്ട് പേരുകളുടെയും അർഥം ഇതാണ്. കൂടാതെ, നരഷാഗ്സയുടെ ജനനസ്ഥലവും ഗുണങ്ങളും മുഹമ്മദ് നബിയുമായി കൃത്യമായി യോജിക്കുന്നുമുണ്ട്.
2. അന്തിം ഋഷി അല്ലെങ്കിൽ 'അവസാന ഋഷി'. മുഹമ്മദ് നബി മനുഷ്യരാശിക്കുള്ള അവസാന ദൂതനാണ്.
3. കൽക്കി അവതാരം, അതാണ് അവസാന തലമുറയിലേക്ക് വരുന്ന ഋഷി. മുഴുവൻ മനുഷ്യരാശിക്കും വേണ്ടിയുള്ള അവസാന ദൂതനായണ് മുഹമ്മദ് നബിയെ അയച്ചത്.
4. കൗരം, അതായത് ഒരു കുടിയേറ്റക്കാരൻ. മുഹമ്മദ് നബി മദീനയിലെ പ്രവാസിയായിരുന്നു (അധ്യായം 4 കാണുക).
5. അദ്ദേഹത്തിന്റെ പിതാവിനെ 'ദൈവത്തിന്റെ അടിമ' എന്നർഥം വരുന്ന 'വൈഷ്ണുവേഷ്' എന്നും അമ്മയെ 'സമാധാനം' എന്നർഥം വരുന്ന 'സുമതി' എന്നും പരാമർശിക്കുന്നു. ഈ രണ്ട് പേരുകളും അറബിയിൽ ‘അബ്ദുല്ല’, ‘ആമിന’ എന്നിവയുമായി യോജിക്കുന്നതാണ്. ഇവ രണ്ടും പ്രവാചകന്റെ പിതാവിന്റെയും മാതാവിന്റെയും പേരുകളാണ്.
6. വരാനിരിക്കുന്ന ഒരു സന്യാസിയുടെ പേര് മാമഹ എന്നാണ്. ഇത് ഒരു സംസ്കൃത പദമല്ല. എന്നാൽ, ഇത് മുഹമ്മദ് എന്ന

അറബി നാമത്തിന്റെ സംസ്കൃത രൂപമാണെന്ന് തോന്നുന്നു.

ബുദ്ധമത ഗ്രന്ഥമായ 'ഗൗതമ ബുദ്ധ' അന്തിമ ബുദ്ധന്റെ, അഥവാ മൈത്രേയ എന്ന പരമജ്ഞാനിയുടെ വരവിനെക്കുറിച്ച് ഒരു പ്രവചനം നടത്തിയിട്ടുണ്ട് (കാറൂസിന്റെ ബുദ്ധ സുവിശേഷം, പേജ് 217). മൈത്രേയനെ കുറിച്ചുള്ള ഈ വിവരണം പ്രവാചകൻ മുഹമ്മദ് നബിയുടെ വിവരണവുമായി യോജിക്കുന്നുണ്ട്.

1. പ്രവാചകൻ മുഹമ്മദ് അവസാന ദൂതനായിരുന്നു, പരമജ്ഞാനി.
2. മൈത്രേയ എന്നാൽ 'കരുണയുള്ളവൻ' എന്നാണ്. പ്രവാചകൻ മുഹമ്മദ് നബിയെ ഖുർആനിൽ (21:107) ലോകജനതയോട് 'കരുണയുള്ളവൻ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.
3. മൈത്രേയക്ക് ഒരു ബുദ്ധന്റെ എല്ലാ സ്വഭാവസവിശേഷതകളും ഉണ്ടായിരിക്കും. അവൻ ഒരു പ്രഭുകുടുംബത്തിൽ നിന്ന് വരും, ഒരു ഗുഹയിൽ വിശ്രമിക്കും, മാലാഖമാർ സന്ദർശിക്കും, ഭാര്യമാരും കുട്ടികളും ഉണ്ടാകും. ഉപജീവനത്തിനായി ജോലി ചെയ്യും, അവൻ തന്റെ സാധാരണ ജീവിതം പൂർത്തിയാക്കും, അതായത് അവൻ സ്വാഭാവിക മരണം പ്രാപിക്കും. ഈ വിവരണമെല്ലാം പ്രവാചകൻ മുഹമ്മദ് നബിയുമായി യോജിക്കുന്നു.
4. മൈത്രേയ ഒരു ഭരണാധികാരിയായിരിക്കും. മുഹമ്മദ് ഒരു പ്രവാചകൻ മാത്രമായിരുന്നില്ല, മദീനയിലെ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭരണാധികാരി കൂടിയായിരുന്നു.
5. മൈത്രേയ മുൻ ബുദ്ധന്മാരെക്കുറിച്ച് സംസാരിക്കും. മുഹമ്മദ് നബി മുൻ പ്രവാചകൻമാരെ കുറിച്ച് വിശദമായി സംസാരിച്ചു. മുഹമ്മദ് നബിക്ക് മുമ്പ് വന്ന ഇരുപത്തിനാല് പ്രവാചകന്മാരുടെ കഥകൾ ഖുർആനിൽ പരാമർശിക്കുന്നുണ്ട്.
6. മൈത്രേയയ്ക്ക് ലോകത്ത് ഒരു അധ്യാപകൻ ഉണ്ടാകില്ല. മുഹമ്മദ് നബിക്ക് അക്ഷരജ്ഞാനമേ ഇല്ലായിരുന്നു, അദ്ദേഹത്തിന് അധ്യാപകനും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ

എല്ലാ അറിവും ദൈവത്തിൽ നിന്നുള്ള വെളിപാടിലൂടെയാണ് ലഭിച്ചത്.

ഈ ചർച്ച സംഗ്രഹിക്കുമ്പോൾ, പ്രവാചകന്റെ മാന്യമായ സ്വഭാവം, അദ്ദേഹം കൊണ്ടുവന്ന സന്ദേശം, അദ്ദേഹത്തിന്റെ പ്രസ്ഥാനം സാധിച്ച മനുഷ്യ നാഗരികതയുടെ സുസ്ഥിരമായ പരിവർത്തനം, എല്ലാ പ്രധാന മതങ്ങളുടെയും തിരുവെഴുത്തുകളിൽ കാണപ്പെടുന്ന അദ്ദേഹത്തിന്റെ വരവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവയിലാണ് അദ്ദേഹത്തിന്റെ യോഗ്യതയും ആധികാരികതയും കുടികൊള്ളുന്നത്.



**മദീനയിലെ പ്രവാചകന്റെ പള്ളി (മസ്ജിദുന്നബവി). ക്രി. 622-ൽ പ്രവാചകൻ തന്റെ വീടിനോട് ചേർന്നുള്ള സ്ഥലത്താണ് ഈ പള്ളി നിർമിച്ചത്. വർഷങ്ങളായി നിരവധി വികസനങ്ങൾക്ക് ശേഷം, ഇന്നിത് ലോകത്തിലെ ഏറ്റവും വലിയ പള്ളികളിൽ ഒന്നാണ്. കൂടാതെ മക്കയിലെ വലിയ പള്ളിക്ക് (മസ്ജിദുൽ ഹറാം) ശേഷം രണ്ടാമത്തെ ഏറ്റവും പവിത്രമായ പള്ളിയുമാണ്.**

# ഖുർആൻ: ചരിത്രവും സന്ദേശവും

ജിബ്രീൽ മാലാഖവഴി അല്ലാഹു മുഹമ്മദ് നബിക്ക് അവതരിപ്പിച്ച വിശുദ്ധ ഗ്രന്ഥമാണ് ഖുർആൻ. അന്ത്യനാൾ വരെയുള്ള എല്ലാ മനുഷ്യർക്കുമായി അല്ലാഹുവിന്റെ അവസാനത്തെ ദിവ്യവെളിപാടാണിത്. മനുഷ്യകുലത്തിനുള്ള അല്ലാഹുവിന്റെ സന്ദേശത്തിന്റെ പൂർത്തീകരണവും മുൻ വേദഗ്രന്ഥങ്ങളുടെ സ്ഥിരീകരണവും എന്നതിനൊപ്പം, മുൻ വേദഗ്രന്ഥങ്ങളുടെ ശേഷിപ്പുകളിൽ മനുഷ്യർ വരുത്തിയ മാറ്റത്തിരുത്തലുകളെ ശരിപ്പെടുത്താൻ കൂടിയാണിത്.[11]

## അവതരണം

ക്രിസ്തുവർഷം 610 മുതൽ 632 വരെയുള്ള 23 വർഷങ്ങളിൽ ഘട്ടംഘട്ടമായാണ് ഖുർആൻ അവതരിക്കുന്നത്. സവിശേഷ സാഹചര്യങ്ങളിൽ ക്രമാനുഗതമായി പ്രവാചകന് ലഭിച്ച ഈ ദൈവിക വെളിപാട് പടിപടിയായി വിശ്വാസികളെ സംസ്കരിച്ചു. വിശ്വാസികളുടെ ജീവിതത്തിൽ അല്ലാഹുവിന്റെ ശാസനകളുടെ ഫലപ്രദമായ സ്വാംശീകരണവും കൽപനകളുടെ കൃത്യമായ പ്രയോഗവൽക്കരണവും ഇതുവഴി സാധ്യമായി.

## രേഖപ്പെടുത്തലും സംരക്ഷണവും

ദിവ്യവെളിപാടുകൾ ലഭിക്കുന്ന മുറക്ക് തന്റെ മേൽനോട്ടത്തിൽ നിർദേശങ്ങൾ പാലിച്ച് അവ എഴുതി സൂക്ഷിക്കാൻ പ്രവാചകൻ പകർപ്പെഴുത്തുകാരെ ചുമതലപ്പെടുത്തി. ഇതിനൊപ്പം പ്രവാചക

നും തന്റെ അനുയായികളിൽ പുരുഷ- സ്ത്രീ ഭേദമന്യേ നിരവധി പേരും ഈ ദിവ്യവെളിപാടുകൾ അവതരിച്ച അതേ രൂപത്തിൽ മനഃപാഠമാക്കുകയും ചെയ്തു. ഇങ്ങനെ, പ്രവാചകന്റെ കാലത്തു തന്നെ ഖുർആൻ ലിഖിത രൂപത്തിൽ സൂക്ഷിക്കപ്പെടുകയും ഒപ്പം വിശ്വാസികൾ അത് ഹൃദിസ്ഥമാക്കുകയും ചെയ്തു. ഖുർആൻ മനഃപാഠമാക്കുന്ന ഈ പ്രക്രിയ ഇപ്പോഴും തുടരുന്നു. ഇസ്‌ലാമിക ചരിത്രത്തിലെ ഏതു ഘട്ടത്തിലും ഖുർആൻ സമ്പൂർണമായി മനഃപാഠമാക്കിയ ദശലക്ഷക്കണക്കിന് മുസ്‌ലിംകൾ ഉണ്ടാകും. വേറെയും ദശലക്ഷങ്ങൾ ഭാഗികമായി മനഃപാഠമാക്കുകയും പഠിക്കുകയും ചെയ്തവരുണ്ടാകും.

## ഉള്ളടക്കവും പൊതു ആശയങ്ങളും

114 അധ്യായങ്ങളാണ് ഖുർആനിലുള്ളത്. ഓരോ അധ്യായത്തിലും മൂന്ന് മുതൽ (അധ്യായം 103-ലും 108-ലും) 286 വരെ (അധ്യായം രണ്ട്) സൂക്തങ്ങൾ ഉണ്ടായിരിക്കും. ഖുർആൻ മാർഗദർശനവും മുന്നറിയിപ്പും സുവിശേഷവും നൽകുന്ന ഗ്രന്ഥമാണ്. മുൻകാല സമൂഹങ്ങളെയും അവരുടെ പ്രവാചകന്മാരെയും അത് പരിചയപ്പെടുത്തുന്നു. പൊതുവായി, നാല് വിഷയങ്ങളാണ് ഖുർആൻ ഉൾക്കൊള്ളുന്നത്:

ഒന്നാമതായി, അല്ലാഹുവിനെ കുറിച്ചും അവന്റെ സ്വഭാവം, വിശേഷണങ്ങൾ എന്നിവയെ കുറിച്ചും പറയുന്നു. ഉദാഹരണത്തിന്: 112-ാം അധ്യായം അവന്റെ ഏകത്വം (തൗഹീദ്) വിശദീകരിക്കുന്നു. മറ്റാർക്കുമില്ലാത്ത അവന്റെ അദ്വിതീയമായ ഗുണവിശേഷങ്ങൾ അതിൽ പരിചയപ്പെടുത്തുന്നു. ആയത്തുൽ കുർസിയ്യ് അഥവാ, 'സിംഹാസന സൂക്തം' എന്നു പേരുള്ള വാക്യം അല്ലാഹുവിന്റെ വിശേഷണങ്ങൾ വിശദീകരിക്കുന്നു.

**"അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല. എന്നെന്നും ജീവിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമാണ് അവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കില്ല. പ്രപഞ്ചത്തിലുള്ളതെല്ലാം അവന്റെതാണ്. അവന്റെ സമ്മതമില്ലാതെ**

**ആ സന്നിധിയിൽ ശിപാർശ ചെയ്യാൻ ആരുണ്ട്? അവരുടെ മുന്നിലും പിന്നിലുമുള്ളത് അവനറിയുന്നു. താനുദ്ദേശിച്ച തൊഴികെ അവന്റെ ജ്ഞാനത്തിൽ നിന്ന് യാതൊന്നും അവരറിയില്ല. അവന്റെ അധികാര പീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാണ്. അവ രണ്ടും കാത്തുരക്ഷി ക്കുക അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ അത്യുന്നതനും മഹാനുമാകുന്നു" (ഖുർആൻ 2:255).**



രണ്ടാമതായി, അല്ലാഹുവുമായുള്ള നമ്മുടെ ബന്ധം വിശദീക രിക്കുന്നു. അഥവാ അവൻ നമ്മെ എന്തിന് സൃഷ്ടിച്ചു, അവനോട് നമുക്കുള്ള കടപ്പാടുകൾ എന്തൊക്കെ എന്നിങ്ങനെയുള്ള വിഷയ ങ്ങൾ. ഉദാഹരണത്തിന്, അല്ലാഹു പറയുന്നു:

**"ഞാൻ ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചത്, അവർ എന്നെ ആരാധിക്കാൻ വേണ്ടി മാത്രമാണ്" (ഖുർആൻ 51:56).**

ഇവിടെ 'ആരാധന' എന്ന വാക്കിനർഥം സ്രഷ്ടാവിനെ സേവിക്കലും അവന്റെ കൽപനകൾ പാലിച്ച് ജീവിതം നയിക്കലുമാണ്. അതുകഴിഞ്ഞ്, ഇതര സൃഷ്ടികളായ മാലാഖമാർ, ജിന്നുകൾ, ജന്തുലോകം, ഭൗതിക ലോകത്തിലെ മറ്റു വിഭാഗങ്ങൾ എന്നിവയുമായി നമ്മുടെ ബന്ധം എങ്ങനെയെന്നും ഖുർആൻ വിശദീകരിക്കുന്നു. നമ്മുടെ നിലനിൽപിൽ അവയുടെ പ്രസക്തിയെന്തെന്നും അവരുമായി എങ്ങനെ ഇടപഴകണമെന്നും ഖുർആൻ പറയുന്നു.[12]

മൂന്നാമതായി, നിയമങ്ങൾ, നിർദേശങ്ങൾ എന്നിവയിലൂടെ ഖുർആൻ നമുക്ക് മാർഗനിർദേശം നൽകുന്നു. ധാർമികത, ഉത്തമ ജീവിതം എന്നിവയുടെ മാനകങ്ങളും അത് നിർണയിക്കുന്നു. അല്ലാഹുവിനെ നാം എങ്ങനെ ആരാധിക്കണം, എങ്ങനെ ജീവിതം നയിക്കണം എന്നതൊക്കെ ഖുർആൻ പറഞ്ഞുതരുന്നു. ഈ മാർഗനിർദേശം പാലിക്കുന്നവർക്ക് ശാശ്വത മോക്ഷവും ഇതിനെ തള്ളിക്കളയുന്നവർക്ക് ശാശ്വത ശിക്ഷയും വാഗ്ദാനം ചെയ്യുന്നു. [13]

അവസാനമായി, പ്രവാചകന്മാർ വഴി എല്ലാ സമൂഹങ്ങൾക്കും മാർഗനിർദേശം നൽകിയിട്ടുണ്ടെന്ന് ഖുർആൻ നമ്മെ ഉണർത്തുന്നു. ഉദാഹരണത്തിന് അല്ലാഹു പറയുന്നു:

**"ഓരോ ജനപദത്തിനും ഒരു ദൂതനുണ്ട്. ആ ദൂതൻ വന്നുകഴിഞ്ഞാൽ അവർക്കിടയിൽ നീതിപൂർവം വിധി കൽപിക്കപ്പെടുന്നതാണ്. അവരോട് അനീതി കാണിക്കപ്പെടുന്നില്ല" (ഖുർആൻ 10: 47).**

മനുഷ്യ സമൂഹത്തിന് പാഠമായി, മുൻകാല സമൂഹങ്ങളെ അല്ലാഹു എങ്ങനെ കൈകാര്യം ചെയ്തുവെന്ന് ഖുർആൻ വിശദീകരിക്കുന്നുണ്ട്. ഉദാഹരണത്തിന്, പ്രവാചകൻ നൂഹ് തന്റെ സമൂഹത്തിൽനിന്ന് നേരിട്ട തിക്താനുഭവങ്ങളും തുടർന്നുണ്ടായ പ്രളയവും ഖുർആൻ വിവരിക്കുന്നത് കാണാം. മൂസാ പ്രവാചകൻ തന്റെ സമൂഹത്തിൽനിന്നും ഫറോവയിൽനിന്നും അനുഭവിച്ച പ്രയാസങ്ങളും വിശദീകരിക്കുന്നുണ്ട്. "കഥകളിൽ ഏറ്റവും മികച്ചതായി" പ്രവാചകൻ യൂസുഫിന്റെ ജീവിത കഥയും പങ്കുവെക്കുന്നു.


വിവിധ കാലഘട്ടങ്ങളിൽ മനുഷ്യരിലേക്ക് അയച്ച ആയിരക്കണക്കിന് പ്രവാചകന്മാരിൽ ഇരുപത്തിയഞ്ച് പ്രവാചകന്മാരുടെ കഥകൾ മൊത്തത്തിൽ ഖുർആൻ പറഞ്ഞുതരുന്നുണ്ട്.[14]

## ഖുർആനും ആധുനിക ശാസ്ത്രവും

ഖുർആൻ അവതരിക്കപ്പെടുന്നത് പതിനാല് നൂറ്റാണ്ട് മുമ്പാണ്. എന്നിട്ടും, വളരെ സമീപകാലത്ത് മാത്രം ആധുനിക ശാസ്ത്രം കണ്ടെത്തിയ നിരവധി ശാസ്ത്രീയ കാര്യങ്ങൾ അതിൽ നമുക്ക് കാണാനാകും. പ്രകൃതിശാസ്ത്ര ശാഖകളായ ജ്യോതിശ്ശാസ്ത്രം, ഭൂഗർഭശാസ്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം തുടങ്ങിയവയിൽ പലതും ഖുർആനിന്റെ വിഷയങ്ങളായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ പരിശോധിക്കാം:

## പ്രപഞ്ച സൃഷ്ടിപ്പ്

അല്ലാഹു പറയുന്നു:



ഖുർആൻ പാരായണം ഇസ്‌ലാമിലെ ആരാധനാകർമങ്ങളിൽ പ്രധാനമാണ്. ഇന്ന് ലോകത്ത് ഏറ്റവുമധികം പേർ പാരായണം ചെയ്യുന്ന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

**'സത്യനിഷേധികൾ മനസ്സിലാക്കുന്നില്ലേ? ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നു, എന്നിട്ട് നാമവയെ വേർപ്പെടുത്തി. സർവ ജീവവസ്തുക്കളെയും നാം ജലത്തിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ടും അവർ സത്യവിശ്വാസം കൈക്കൊള്ളുന്നില്ലേ?" (ഖുർആൻ 21:30).**

മറ്റൊരു സൂക്തം ഇങ്ങനെ:

**വലിയ ശക്തി കൊണ്ടാണ് നാം ആകാശം സൃഷ്ടിച്ചത്. തീർച്ചയായും നാമത് വികസിപ്പിക്കുക തന്നെ ചെയ്യും (അഥവാ, അതിനെ വിശാലമാക്കികൊണ്ടിരിക്കും)" (ഖുർആൻ 51: 47).**

പ്രപഞ്ചം ആരംഭത്തിൽ ദ്രാവകാവസ്ഥയിലുള്ള ഒരു പിണ്ഡമായിരുന്നെന്നും അതാണ് ഗാലക്സികളായി വികസിച്ചത് എന്നുമുള്ള ആധുനിക ശാസ്ത്രവിജ്ഞാനത്തെ സാധൂകരിക്കുന്നതാണ് ഈ വരികൾ. ഇതിനാണ് 'മഹാവിസ്ഫോടന സിദ്ധാന്തം' എന്നു പറയുന്നത്. ആദ്യ വിസ്ഫോടനം മുതൽ ഇപ്പോഴും പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്നും ആധുനിക ശാസ്ത്രം സ്ഥിരീകരിക്കുന്നു.

അല്ലാഹുവിന്റെ സൃഷ്ടികളായ ശതകോടിക്കണക്കിന് ആകാശപഥങ്ങളിലൊന്നാണ് ആൻഡ്രോമേഡ ആകാശപഥം. അത് കണ്ടെത്തിയത് ക്രിസ്ത്വാബ്ദം 964-ൽ പേർഷ്യൻ ഗോളശാസ്ത്ര



ജ്ഞനായ അബ്ദുറഹ്മാൻ അൽസൂഫിയാണ്.

## ഭ്രൂണവളർച്ച

ഭ്രൂണത്തിന്റെ വളർച്ചയാണ് മറ്റൊന്ന്. ഭ്രൂണഘട്ടങ്ങളിലെ കുഞ്ഞിന്റെ വളർച്ച ഖുർആനിൽ നിരവധി ഇടങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്:

**'നിശ്ചയം നാം മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്ന് സൃഷ്ടിക്കുകയും പിന്നീട് ശുക്ലമാക്കി ഭദ്രമായൊരു സ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്തു. അനന്തരം ആ ശുക്ലത്തെ രക്തപിണ്ഡമായും അതിനെ മാംസപിണ്ഡമായും മാറ്റി. തുടർന്ന് അതിൽനിന്ന് അസ്ഥികൾ സൃഷ്ടിച്ചു. അനന്തരം അതിനെ മാംസം കൊണ്ട് ആവരണം ചെയ്തു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാമവന് അസ്തിത്വമേകി. അങ്ങനെ ഏറ്റവും ഉദാത്തമായ സൃഷ്ടികർമം നടത്തുന്ന അല്ലാഹു അനുഗ്രഹ പൂർണനത്രെ" (ഖുർആൻ 23: 12–14).**

ഭ്രൂണത്തിന്റെ ആരംഭം മുതലുള്ള വളർച്ച വ്യക്തമായി വിശദീകരിക്കുന്നുണ്ട് ഈ സൂക്തങ്ങൾ. ആദ്യമായി, ബീജസങ്കലനം ചെയ്യപ്പെട്ട അണ്ഡം, കട്ടപിടിച്ച രക്തക്കട്ട (അലഖ്) ആയി വികസിക്കുന്നു. പിന്നീട് അത് മാംസപിണ്ഡം (മുദ്ഗഃ) ആയി വളരുന്നു. അതിനുശേഷം, പിണ്ഡത്തിൽ അസ്ഥികൾ വളർന്നുതുടങ്ങുന്നു. ശേഷം അസ്ഥികൾക്ക് ചുറ്റും മാംസം വളരുന്നു - ഒരു കുഞ്ഞിന്റെ വളർച്ച ഖുർആൻ വിവരിക്കുന്നത് ഇങ്ങനെയാണ്.

ഖുർആൻ പരാമർശിച്ച രണ്ട് അറബി പദങ്ങളായ 'അലഖ', 'മുദ്ഗഃ' എന്നിവ ഈ വിഷയം ഏറ്റവും കൃത്യമായി പറയുന്നവയാണ്. 'അലഖ' എന്ന പദത്തിന്, 'രക്തക്കട്ട' എന്നതിന് പുറമേ, 'പറ്റിപ്പിടിച്ചുനിൽക്കുന്ന ഒന്ന്' എന്നും 'അട്ട പോലുള്ള ഒരു വസ്തു' എന്നും അർഥമുണ്ട്. ഭ്രൂണത്തെ പ്രാരംഭ ഘട്ടത്തിൽ പരിശോധിച്ചാൽ ഗർഭാശയ ഭിത്തിയിൽ അത് പറ്റിപ്പിടിച്ചിരിക്കുന്നതായി നമുക്ക് കാണാം, പൊങ്ങിക്കിടക്കുകയല്ല. അട്ടയെ പോലെയാണ്

ഈ നിൽപ്. ഒരു ജീവിയുടെ ചർമത്തിൽ പറ്റിപ്പിടിച്ചുകിടന്ന് രക്തം ഊറ്റിക്കുടിക്കുന്ന ജീവിയാണല്ലോ അട്ട. ഗർഭസ്ഥ ശിശുവിന് അമ്മയിൽ നിന്ന് പ്ലാസന്റ വഴിയും രക്തം ലഭിക്കുന്നു.

'അലഖ' പിന്നീട് 'മുദ്ഗഃ' ആയി വളരും. 'ചവച്ച മാംസക്കഷണം' എന്നാണ് 'മുദ്ഗഃ'ക്ക് അർഥം. 'അലഖ'യുടെ ഘട്ടം കഴിഞ്ഞുള്ള ഭ്രൂണം പരിശോധിച്ചാൽ പല്ലിന്റെ അടയാളങ്ങളുള്ള ചവച്ച ഗം പോലെ അത് കാണാം.

ഭ്രൂണത്തിന്റെ വളർച്ചയെ കുറിച്ച് ഏഴാം നൂറ്റാണ്ടിൽ ഖുർആൻ നടത്തുന്ന അത്ഭുതകരമായ ചിത്രീകരണമാണിത്. പത്തൊൻപതാം നൂറ്റാണ്ടിൽ എക്സ്റേ പോലുള്ള ഉപകരണങ്ങൾ കണ്ടുപിടിച്ചശേഷം മാത്രമാണ് ശാസ്ത്രജ്ഞർക്ക് ഈ രൂപങ്ങൾ സ്ഥിരീകരിക്കാൻ കഴിഞ്ഞത്.


'ഗർഭസ്ഥ ശിശു മൂന്ന് ഇരുട്ടുകളുടെ മറകളാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു' എന്നതാണ് ഖുർആൻ പറയുന്ന ശ്രദ്ധേയമായ മറ്റൊരു വിഷയം. അല്ലാഹു പറയുന്നു:

**"മൂന്ന് അന്ധകാരങ്ങൾക്കുള്ളിലായി സൃഷ്ടിയുടെ ഒരു ഘട്ടം കഴിഞ്ഞ് മറ്റൊന്ന് എന്ന നിലയിൽ മാതാക്കളുടെ ഗർഭാശയങ്ങളിൽ നിങ്ങളെയവൻ സൃഷ്ടിക്കുന്നു" (ഖുർആൻ 39:6).**

ഗർഭസ്ഥ ശിശുവിനെ സംരക്ഷിക്കുന്നത് ആദ്യം അമ്മയുടെ വയറിന്റെ ഭിത്തിയും, രണ്ടാമതായി ഗർഭാശയ ഭിത്തിയും, മൂന്നാമതായി അമ്നിയോ - കൊറിയോണക് ചർമവും ആണെന്ന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നമുക്കിപ്പോൾ മനസ്സിലാക്കാം. ഈ മൂന്ന് മറകൾ ഖുർആനിലെ പ്രസ്താവനകളുടെ കൃത്യത ഒരിക്കൽ കൂടി തെളിയിക്കുന്നു.

**ഭ്രൂണം 'മുദ്ഗഃ' ഘട്ടത്തിൽ ചവച്ച ഗം പോലെയാണെന്ന് ഇടതുവശത്തുള്ള ചിത്രം കാണിച്ചുതരുന്നു. വലതുവശത്തെ ചിത്രത്തിൽ ഗർഭാശയത്തിലെ ഭ്രൂണം ഗർഭാശയഭി**






**ത്തിയിൽ പറ്റിപ്പിടിച്ചിരിക്കുന്നതും മൂന്ന് പാളികളാൽ സംര ക്ഷിക്കപ്പെട്ടിരിക്കുന്നതും കാണിക്കുന്നു.**

## പർവതങ്ങളുടെ ദൗത്യം

ഭൂമിയുടെ ഉപരിതലത്തിൽ വളരെ ആകർഷകവും ദൃശ്യസുരഭിലവുമായി ഉയർന്നു നിൽക്കുന്ന പർവതങ്ങളെ നമുക്ക് കാണാം. വാസ്തവത്തിൽ, ഭൂവൽക്കത്തിന്റെ സ്ഥിരത ഉറപ്പാക്കുന്നതിൽ അവ അതിനിർണായക പങ്ക് വഹിക്കുന്നു. ഭൂവൽക്കത്തിന് താഴെ സാന്ദ്രത കുറഞ്ഞതും ദ്രാവകാവസ്ഥയിൽ ഉള്ളതുമായ ഒരു പാളിയുണ്ട്. അതിനാൽ, ഭൂവൽക്കത്തെ അതിന്റെ സ്ഥാനത്ത് നിർത്താനും സ്ഥിരത നിലനിർത്താനും വല്ലതും അനിവാര്യമാണ്. ഭൂവൽക്കത്തെ ഉറപ്പിച്ചു നിലനിർത്തുന്നത് പർവതങ്ങളാണെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്, അവയ്ക്ക് ഭൂമിയുടെ പുറംതോടിനു മുകളിൽ കൊടുമുടികളും താഴെ ആഴ്ന്നുനിൽക്കുന്ന വേരുകളുമുണ്ട്. അങ്ങനെ, പർവതങ്ങൾ ആണി പോലെ പ്രവർത്തിക്കുന്നു. അല്ലാഹു പറയുന്നു:


> **"ഭൂമിക്കു മേൽ നാം പർവതങ്ങൾ സൃഷ്ടിച്ചു, അവരെയും കൊണ്ട് അത് ചലിക്കാതിരിക്കാൻ" (ഖുർആൻ 21:31).**

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

**'നാം ഭൂമിയെ വിരിപ്പും മലകളെ ആണികളുമാക്കിയില്ലേ?'' (ഖുർആൻ 78-ാം അധ്യായം 6,7).**

പർവതങ്ങളുടെ ധർമത്തെക്കുറിച്ച ഈ വാക്യങ്ങൾ ആധുനിക ശാസ്ത്ര ജ്ഞാനവുമായി പൂർണമായി ചേർന്നുപോകുന്നതാണ്. പർവതങ്ങൾക്ക് അടിവേരുകളുണ്ടെന്ന ആശയം 1865-ലാണ് സിദ്ധാന്തമായി അവതരിപ്പിക്കപ്പെടുന്നത്. ഈ വേരുകൾ ഭൂവൽക്കത്തെ സ്ഥിരപ്പെടുത്തുന്നു എന്ന ജ്ഞാനം 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് വികസിക്കുന്നത്.[15]

**ഭൂമിയുടെ മാന്റിലിലേക്കു വരെ എത്തുന്ന അടിവേരുമായി പർവതത്തിന്റെ ചിത്രീകരണം.**




## ജലം ജീവനാണ്

ജലം ജീവ സ്രോതസ്സാണെന്നത് പൊതുവായ അറിവാണ്. ഖുർആൻ ഒരു പടി കൂടി കടന്ന്, ഓരോ ജീവിയും ജലത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. മുൻചൊന്ന സൂക്തത്തിന് പുറമെ മറ്റൊരു സൂക്തത്തിൽ നമുക്ക് ഇങ്ങനെ വായിക്കാം:

**"അവനാണ് മനുഷ്യനെ ജലത്തിൽനിന്ന് (ഇന്ദ്രിയത്തിൽ**

**നിന്ന്) സൃഷ്ടിച്ചത്. എന്നിട്ടവനെ രക്തബന്ധവും വൈവാഹി കബന്ധവുമുള്ളവനാക്കി. താങ്കളുടെ നാഥൻ ഏറെ കഴിവു റ്റവനാണത്രെ'' (ഖുർആൻ 25:54, മറ്റൊരു വചനം 21:30).**

ഒരു ജീവകോശത്തിന്റെ 80 ശതമാനവും വെള്ളത്താൽ സൃഷ്ടിക്ക പ്പെട്ടതാണെന്നും എല്ലാ ജീവവസ്തുക്കളും ഏറ്റ വും ചുരുങ്ങിയത് 50 ശതമാനം ജലം അടങ്ങിയവയാണെന്നും സ്ഥിരീകരിക്കപ്പെട്ടതാ ണ്. അതിലുപരി, എല്ലാ ജീവികൾക്കും നിലനിൽ പിന് ജലം അനിവാര്യമാ ണ്.



മുകളിൽ ഉദ്ധരിച്ച ഈ ശാസ്ത്ര സത്യങ്ങൾ, ജ്യോതിശ്ശാസ്ത്രം, ഭൗ തികശാസ്ത്രം, ജീവശാ സ്ത്രം എന്നിവയെ കുറിച്ച് ജനങ്ങൾക്ക് കാര്യമായി വിവരമില്ലാത്ത 1400 വർഷങ്ങൾക്ക് മുമ്പ് അവതരിച്ച ഖുർആനിൽ കണ്ടെത്താ വുന്നവയിൽ ചിലത്മാത്രമാണ്. ഇവയത്രയും ആധുനിക ശാസ്ത്ര ശാഖകളുമായി സമ്പൂർണമായി പൊരുത്തപ്പെട്ടുനിൽക്കുകയും ചെയ്യുന്നു. ശാസ്ത്രീയ ജ്ഞാനം പുരോഗമിച്ച കഴിഞ്ഞ നൂറ്റാണ്ടി ലാണ് ഇവയിലേറെയും സ്ഥിരീകരിക്കുന്നതെന്ന് മാത്രം.[16]

# ഖുർആനിന്റെ ആധികാരികത

ഖുർആൻ യഥാർഥത്തിൽ ദൈവത്തിൽ നിന്നുള്ള വെളിപാടാണോ? ഇതൊരു ന്യായമായ ചോദ്യമാണ്. കാരണം, ഇന്ന് ലോകത്ത് പരസ്പര വിരുദ്ധമായ നിരവധി വേദഗ്രന്ഥങ്ങളുണ്ട്. അവയെല്ലാം ദൈവത്തിൽ നിന്നുള്ളതാണെന്ന് അനുയായികൾ അവകാശപ്പെടുന്നു. ഇതുകൊണ്ടുതന്നെ ചിലർ ചോദിച്ചേക്കാം: കാലങ്ങളിലൂടെ കൈമാറി വന്ന ഖുർആൻ മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടില്ലെന്ന് നമുക്ക് എങ്ങനെ ഉറപ്പാക്കാൻ കഴിയും?

ഈ ചോദ്യങ്ങളുടെയെല്ലാം ഉത്തരങ്ങൾ ഖുർആനിൽ തന്നെ കാണാനാകും. വിശുദ്ധ ഖുർആൻ മാറ്റമില്ലാത്ത ദൈവിക സത്യമാണ് എന്നതിന് മൂന്ന് മാനദണ്ഡങ്ങൾ ഖുർആൻ മുന്നോട്ട് വെക്കുന്നുണ്ട്.

**ഒന്ന്**

ദൈവത്തിൽ നിന്നുള്ള യഥാർഥ വെളിപാട് പൂർണമായും സ്ഥിരതയുള്ളതും വൈരുധ്യങ്ങളിൽ നിന്ന് മുക്തവുമായിരിക്കും. അല്ലാഹു പറയുന്നു:

**"അവർ ഖുർആൻ (ശ്രദ്ധയോടെ) പരിഗണിക്കുന്നില്ലേ? അത് ദൈവത്തിൽ നിന്നല്ലെങ്കിൽ, തീർച്ചയായും അവർ അതിൽ വളരെയധികം വൈരുധ്യം കണ്ടെത്തുമായിരുന്നു" (ഖുർആൻ 4:82).**

വൈരുധ്യങ്ങളോ പിശകുകളോ ഉള്ള ഏതൊരു വേദഗ്രന്ഥവും ദൈവത്തിൽ നിന്നുള്ളതാവുക സാധ്യമല്ല. ഖുർആൻ എല്ലാതരം

വൈരുധ്യങ്ങളിൽ നിന്നും മുക്തമാണ്. കാലങ്ങളായി ഒരു മനുഷ്യനും അതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. പ്രത്യക്ഷത്തിൽ വൈരുധ്യമെന്ന് തോന്നുന്ന ചില കാര്യങ്ങൾ ചില ഖുർആൻ വിമർശകർ പലപ്പോഴും ഉദ്ധരിക്കാറുണ്ട്. അറബി ഭാഷയെക്കുറിച്ചും ആ പ്രത്യേക വാക്യങ്ങൾ അവതരിപ്പിക്കപ്പെട്ട സന്ദർഭത്തെക്കുറിച്ചും അവർക്ക് ശരിയായ അറിവില്ലാത്തതാണ് ഇതിന്റെ കാരണം.

**രണ്ട്**

നിയമനിർമാണം, ധാർമിക മൂല്യങ്ങൾ, ആത്മീയ മാർഗനിർദേശം എന്നിവയിൽ മനുഷ്യസമൂഹത്തിന്റെ ആവശ്യങ്ങൾ സമഗ്രമായി പൂർത്തീകരിക്കേണ്ടതുണ്ട്. പലതരം ദൗർബല്യങ്ങളുള്ള മനുഷ്യർ തന്നെ ഇതെല്ലാം രൂപപ്പെടുത്തിയാൽ അതിന് ന്യൂനതകൾ ധാരാളം ഉണ്ടാകും. അത്തരം പ്രശ്നങ്ങൾക്കെല്ലാം അതീതമാണ് ദൈവത്തിൽ നിന്നുള്ള യഥാർഥ വെളിപാട്. അപ്രകാരം അന്യൂനമായ അറിവ്, യുക്തിബോധം, വിഷയാവതരണം, വാദ സമർഥനം, ഭാഷാശൈലി എന്നിവയിലെല്ലാം ഖുർആൻ അനുപമമാണ്. ഈ തലത്തിൽ, ഖുർആനിന് സമാനമായ ഒരു പുസ്തകം രചിക്കാൻ അല്ലാഹു മനുഷ്യരാശിയെ വെല്ലുവിളിച്ചത് ഇപ്പോഴും സ്വീകരിക്കപ്പെടാതെ കിടക്കുകയാണ്. അല്ലാഹു ചോദിക്കുന്നു:

**"നമ്മുടെ ദാസനായ മുഹമ്മദിന് നാം അവതരിപ്പിച്ചതിൽ (ഖുർആനിൽ) നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, അതിന് സമാനമായ ഒരു അധ്യായം കൊണ്ടുവരിക. അല്ലാഹുവിന് പുറമെയുള്ള നിങ്ങളുടെ സാക്ഷികളെ (സഹായികളെയും) വിളിക്കുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ. എന്നാൽ നിങ്ങൾ അത് ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഒരിക്കലും അത് ചെയ്യാൻ കഴിയില്ലെങ്കിൽ, മനുഷ്യരും കല്ലുകളും ഇന്ധനമായ നരകത്തെ ഭയപ്പെടുക. സത്യനിഷേധികൾക്കായി ഒരുക്കിവെക്കപ്പെട്ടതാണിത് (ഖുർആൻ 2:23-24)".**

അല്ലാഹു ഈ വെല്ലുവിളി മറ്റൊരിടത്തും ആവർത്തിക്കുന്നു:

**"പറയുക: ഈ ഖുർആൻ പോലെയുള്ളത് കൊണ്ടുവരാൻ മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും, അവർക്കതിന് കഴിയില്ല, അവർ പരസ്പരം സഹായിച്ചാലും (ഖുർആൻ 17:88).**

സർവജ്ഞനായ സ്രഷ്ടാവിന് മാത്രമേ ഈ വെല്ലുവിളി ഉയർത്താൻ കഴിയൂ. ഒരു മനുഷ്യനും ഇതുപോലൊരു പുസ്തകം എഴുതാൻ കഴിയില്ല, സമാനമായ ഒരു പുസ്തകം ഇപ്പോഴോ ഭാവിയിലോ മറ്റാർക്കും രചിക്കാനാവില്ലെന്ന് അവകാശപ്പെടാൻ അല്ലാഹുവിന് മാത്രമേ സാധിക്കൂ. മാത്രമല്ല, കാലങ്ങളായി മനുഷ്യർ ഖുർആൻ മാറ്റിമറിച്ചിട്ടുണ്ടെങ്കിൽ, ആളുകൾക്ക് അതിനോട് സാമ്യമുള്ള ഒരു പുസ്തകം നിർമിക്കാൻ കഴിയുമായിരുന്നു. കഴിഞ്ഞ 1400 വർഷമായി ഈ വെല്ലുവിളി ഇന്നും നിലനിൽക്കുന്നു.


**മൂന്ന്**

ദൈവത്തിൽ നിന്നുള്ള വെളിപാട്, കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുകയും, വൈജ്ഞാനിക വളർച്ചയും ലോകത്തിന്റെ വികാസവും ആവശ്യങ്ങളുടെ മാറ്റവും സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നിത്യപ്രസക്തമായി തുടരുകയും വേണം. നിയമം, നീതി, സാമ്പത്തികശാസ്ത്രം, സാമൂഹിക വ്യവസ്ഥകൾ, ധാർമിക മൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ഖുർആനിക തത്വങ്ങൾ 1400 വർഷങ്ങൾക്ക് മുമ്പ് അവതരിച്ചപ്പോൾ ഉണ്ടായിരുന്നതുപോലെ ഇന്നും പ്രസക്തമാണ്. കൂടാതെ, അധ്യായം ആറിൽ കാണിച്ചിരിക്കുന്നതുപോലെ, പ്രകൃതി ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട ആധുനിക വിജ്ഞാനത്തിന്റെ എല്ലാ വശങ്ങളുമായും ഖുർആൻ പൂർണമായും പൊരുത്തപ്പെടുന്നുണ്ട്.

ഖുർആൻ ദൈവികഗ്രന്ഥം ആയിരുന്നില്ലെങ്കിൽ, അതിൽ മനുഷ്യർ മാറ്റത്തിരുത്തലുകൾ വരുത്തിയിരുന്നെങ്കിൽ, കാലക്രമേണ അത് അപ്രസക്തമാകുമായിരുന്നു. മനുഷ്യന്റെ അറിവിന്റെയും ആവശ്യങ്ങളുടെയും എല്ലാ തലങ്ങളിലും ഖുർആൻ സർവകാല പ്രസക്തമാണ്.

ഖുർആനിലെ ശേഷിക്കുന്ന വെളിപ്പെടുത്തലുകളോടൊപ്പം,

മനുഷ്യന്റെ ആവശ്യങ്ങളിലും മാർഗനിർദേശങ്ങളിലും തീവ്രവും ദൂരവ്യാപകവുമായ സ്വാധീനം ചെലുത്തുന്ന ഈ മാനദണ്ഡങ്ങൾ ഖുർആനിന്റെ അത്ഭുത സ്വഭാവം തെളിയിക്കുകയും ചെയ്യുന്നു. വാ




സ്തവത്തിൽ, മുഹമ്മദ് നബി (സ) അവകാശപ്പെടുന്ന ഒരേയൊരു അത്ഭുതമാണിത്, അല്ലാഹുവിന്റെ ഹിതത്താൽ അദ്ദേഹം തന്റെ പ്രവാചക ദൗത്യത്തിനിടെ മറ്റ് നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും.

അധ്യായം 7, ഖുർആനിലെ 86-87 വാക്യങ്ങൾ മൂല ലിപിയിലും (വലത്) പിൽക്കാല എഴുത്തിലും (ഇടത്). പ്രവാചകന്റെ കാലത്ത്, അറബി എഴുത്ത് സ്വരാക്ഷരങ്ങളോ ഡയാക്രിറ്റിക്കൽ അടയാളങ്ങളോ ഇല്ലാത്ത, വളരെ അടിസ്ഥാന ചിഹ്നങ്ങൾ (അറബിയിൽ തശ്കിൽ, ഇജാം) ഉൾക്കൊള്ളുന്നതായിരുന്നു, ഇസ്‌ലാം അറബി സംസാരിക്കാത്ത ജനങ്ങളിലേക്ക് വ്യാപിച്ചതോടെ, ഖുർആനിന്റെ തെറ്റായ വായനയും ഉച്ചാരണവും സംഭവിക്കാൻ തുടങ്ങി. ഈ അപകടത്തെ നേരിടാൻ പ്രവാചകന്റെ മരണത്തിന് ഏകദേശം ആറ് പതിറ്റാണ്ടുകൾക്ക് ശേഷം സ്വരാക്ഷരങ്ങളും ഡയാക്രിറ്റിക്കൽ അടയാളങ്ങളും വേർതിരിച്ച് കൃത്യപ്പെടുത്തി.

# പ്രവാചകന്റെ അധ്യാപനങ്ങൾ

പ്രവാചകാധ്യാപനങ്ങൾ (അറബിയിൽ 'സുന്നത്ത്', 'സുനൻ', 'ഹദീസ്') എന്നാൽ, ദൈവിക പ്രചോദിതമായി പ്രവാചകൻ പകർന്നുനൽകിയ പാഠങ്ങളും ജീവിത ചര്യകളുമാണ് (ഖുർആൻ 53:3). പ്രവാചകന്റെ അനുചരൻമാരാണ് അവ പിൻതലമുറകൾക്ക് കൈമാറിയത്. ഇവ ഖുർആനിൽനിന്ന് ഭിന്നവും വ്യത്യസ്തവുമാണ്. ഖുർആനു ശേഷം ഇസ്‌ലാമിന്റെ രണ്ടാമത്തെ പ്രധാന അധ്യാപന സ്രോതസ്സാണിത്.

പ്രവാചകന്റെ ജീവിതകാലത്ത് അവതരിപ്പിക്കപ്പെടുകയും രേഖപ്പെടുത്തപ്പെടുകയും സമാഹരിക്കപ്പെടുകയും ചെയ്ത ഖുർആനിൽ നിന്ന് വ്യത്യസ്തമായി, ഹദീസുകൾ പ്രധാനമായും രേഖപ്പെടുത്തുകയും സമാഹരിക്കുകയും ചെയ്തത് പ്രവാചകന്റെ വിയോഗത്തിന് (ക്രിസ്ത്വാബ്ദം 632) ശേഷമാണ്. വിയോഗത്തിന് തൊട്ടുടൻ ഹദീസുകൾ രേഖപ്പെടുത്താൻ തുടങ്ങി. അവയുടെ സമാഹരണം ആരംഭിച്ചത് പക്ഷേ, ക്രിസ്ത്വാബ്ദം എട്ടാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ്. കൂടുതൽ വേഗത്തിലായത് ക്രിസ്ത്വാബ്ദം ഒമ്പതാം നൂറ്റാണ്ടിലും. ഉദാഹരണത്തിന്, മുസ്നദ് റബീഅ് ബിൻ ഹബീബ് സമാഹരിക്കപ്പെടുന്നത് എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും സഹീഹുൽ ബുഖാരി, സഹീഹ് മുസ്‌ലിം എന്നിവ ഒമ്പതാം നൂറ്റാണ്ടിലുമാണ്.

കാലങ്ങളിലൂടെ പരമ്പരയായി ഇവ പറഞ്ഞുകൊടുക്കുകയും കൈമാറുകയും ചെയ്തുവന്നപ്പോൾ സ്വാഭാവികമായി ഹദീസുകളുടെ ആധികാരികത ഉറപ്പാക്കാൻ വിപുലമായ രീതിശാസ്ത്രം

രൂപപ്പെട്ടു. കൈമാറിപ്പോന്ന പരമ്പര, അവയിലെ കണ്ണികൾ, ആ പ്രത്യേക ഹദീസുകൾ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട സന്ദർഭം എന്നിവയെല്ലാം ഈ രീതിശാസ്ത്രം ഉപയോഗിച്ച് സൂക്ഷ്മ പരിശോധന നടത്തി. ഈ രീതിശാസ്ത്രപ്രകാരം ഹദീസുകൾ ആധികാരികതയുടെ പല തട്ടുകളിലായി തരംതിരിക്കപ്പെട്ടു. ആധികാരികതക്കുള്ള ഈ രീതിശാസ്ത്രം (അറബി ഭാഷയിൽ 'ഇസ്നാദ്') ഇന്നും ഉപയോഗിച്ചുവരുന്നുണ്ട്, യഥാർഥ ഹദീസ് ഗ്രന്ഥത്തിൽ പിന്നീട് കടന്നുകൂടാനിടയുള്ളവ കണ്ടെത്തുകയും ഇതിന്റെ ഉദ്ദേശ്യമാണ്.

പ്രവാചകന്റെ ഹദീസുകൾ ഇസ്‌ലാമിക മാർഗദർശനത്തിലും അതിന്റെ നിയമങ്ങൾ രൂപപ്പെടുത്തുന്നതിലും താഴെ പറയുന്ന ദൗത്യങ്ങൾ നിർവഹിക്കുന്നവയാണ്:

1. ഖുർആനിക സൂക്തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുകയും അവയുടെ അർഥങ്ങൾ വിശദീകരിക്കുകയും ചെയ്യുക.
2. ഖുർആനു ശേഷം ഇസ്‌ലാമിക നിയമങ്ങൾക്കുള്ള രണ്ടാമത്തെ പ്രാമാണിക സ്രോതസ്സാണ് അവ. അനുവദനീയവും നിഷിദ്ധവുമായ കാര്യങ്ങളെക്കുറിച്ച് അത് പഠിപ്പിക്കുന്ന വിധികൾ ഖുർആനിന്റെ അതേ സ്ഥാനത്തുനിൽക്കുന്നു.
3. ഖുർആനികാധ്യാപനങ്ങൾ ശക്തിപ്പെടുത്തുക, അതുവഴി അതിന്റെ ആധികാരികത സാക്ഷ്യപ്പെടുത്തുകയും ചെയ്യുക.
4. ഖുർആൻ അനുശാസിക്കുന്ന ആരാധനാ കർമങ്ങൾ നിർവഹിക്കാനുള്ള രീതികൾ വിവരിക്കുക.
5. ഖുർആനിൽ അടങ്ങിയ നൈതിക മൂല്യങ്ങളുടെ പ്രയോഗവത്കരണം വിശദീകരിക്കുകയും ഉദാഹരണങ്ങൾ നൽകുകയും ചെയ്യുക.

പ്രവാചകാധ്യാപനങ്ങളുടെ മൂന്ന് ഉദാഹരണങ്ങളാണ് താഴെ:

**ഇബ്നു അബ്ബാസിൽനിന്ന് ജാബിർ ഇബ്നു സൈദ് പഠിച്ചതായി അബൂ ഉബൈദ നിവേദനം ചെയ്യുന്നു: പ്രവാചകൻ പറയുന്നു: "നമ്മെ വഞ്ചിക്കുന്നവൻ നമ്മിൽ പെട്ടവനല്ല. ഇളയവരോട് കാരുണ്യം കാണിക്കാത്തവരും മുതിർന്നവ**

**രോട് ആദരം പ്രകടിപ്പിക്കാത്തവരും നമ്മിൽ പെട്ടവനല്ല. (മുസ്നദ് റബീഅ് ബിൻ ഹബീബ്, 582-ാം ഹദീസ്).**

**അബുൽ മിൻഹാൽ പറയുന്നു: "ബറാഅ് ബിൻ ആസിബ്, സൈദ് ബിൻ അർഖം എന്നിവരോട് പണമിടപാടിനെ കുറിച്ച് ഞാൻ ചോദിച്ചു. അവർ മറുപടി പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകന്റെ കാലത്ത് ഞങ്ങൾ കച്ചവടക്കാരായിരുന്നു. പണമിടപാടിനെ കുറിച്ച് ഞങ്ങൾ പ്രവാചകനോട് ചോദിച്ചു. മറുപടി ഇങ്ങനെയായിരുന്നു: "കൈകളിലൂടെ പരസ്പരം കൈമാറുന്നതെങ്കിൽ അതിൽ തെറ്റില്ല. അല്ലാത്ത പക്ഷം, അനുവദനീയമല്ല"- (സഹീഹുൽ ബുഖാരി, വിൽപനയുടെ അധ്യായം, ഹദീസ് 276).**

**പ്രവാചകൻ (സ) പറഞ്ഞതായി അബൂഹുറയ്റ നിവേദനം ചെയ്യുന്നു: ഒരു സ്ത്രീയോട് കൂടിയാലോചിക്കാതെ അവളെ വിവാഹം കഴിപ്പിക്കരുത്, കന്യകയുടെ അനുവാദം തേടാതെ അവരെയും വിവാഹം കഴിപ്പിക്കരുത്. അവർ പ്രവാചകനോട് ചോദിച്ചു: 'കന്യകയുടെ സമ്മതം എങ്ങനെ ഉറപ്പാക്കും?' പ്രവാചകൻ പ്രതിവചിച്ചു: 'അവൾ മൗനം ദീക്ഷിച്ചാൽ മതി' (സഹീഹ് മുസ്‌ലിം, വിവാഹ അധ്യായം, ഹദീസ് 3303).**

നിയമം വിശദീകരിക്കുകയും സാമൂഹിക ചട്ടങ്ങളിൽ മാർഗനിർദേശം നൽകുകയും ചെയ്യുന്ന നിരവധി പ്രവാചക വചനങ്ങളുടെ ഉദാഹരണങ്ങളാണിവ.



ഒമാനിലെ സുൽത്താൻ കാബൂസ് ഗ്രാൻഡ് പള്ളിയിലെ പരവതാനി

# മരണാനന്തര ജീവിതം

മരണം അനിവാര്യ സത്യമാണ്. അതിനാൽ തന്നെ മരണാനന്തര ജീവിതമെന്ന യാഥാർഥ്യവുമായി ഓരോരുത്തരും മുഖാമുഖം നിൽക്കേണ്ടവരുമാണ്. ഒരാൾക്ക് വേണമെങ്കിൽ അത് പൂർണമായി നിഷേധിക്കാം. അഥവാ, മരണാനന്തരം ഒന്നുമില്ലെന്ന ധാരണയുമായി കഴിയാം. ഇനി എല്ലാം അഗണ്യമായി നിർത്തി നല്ലതു മാത്രം വരുമെന്ന പ്രതീക്ഷയുമായി കഴിയാം. പക്ഷേ, രണ്ടു സംഭവങ്ങളിലും വലിയ ചൂതാട്ടത്തിന് തലവെക്കുകയാണ് അയാൾ. കാരണം, മരണാനന്തര ജീവിതമെന്നാൽ ശാശ്വതമായി നിലനിൽക്കുന്നതാണ്. അതിനാൽ തന്നെ അതീവ ഗൗരവമുള്ള വിഷയവുമാണ്. ഒരാൾക്ക് ചെയ്യാവുന്ന ഏറ്റവും വിവേകപൂർണമായ കാര്യം, ദീർഘവീക്ഷണത്തോടെ അതിനായി ഒരുങ്ങലാണ്. മതത്തിന്റെ സത്തയും ഇതാണ്. അഥവാ, മരണശേഷമുള്ള ശാശ്വത ജീവിതത്തിനായുള്ള മുന്നൊരുക്കം.

## മരണാനന്തര ജീവിതത്തിന്റെ തെളിവ്

മതവിശ്വാസം മാറ്റിനിർത്തിയാലും മരണാനന്തര ജീവിതത്തിന്റെ യാഥാർഥ്യം യുക്തിയിലൂടെയും സാമാന്യബുദ്ധിയിലൂടെയും അനുമാനിക്കാവുന്നതാണ്. താഴെയുള്ള വാദങ്ങൾ പരിഗണിച്ചു നോക്കാം:

**വാദം ഒന്ന്:** ദൈവത്തിന്റെ സൃഷ്ടികളിൽ മനുഷ്യർക്ക് ബുദ്ധിശക്തിയും യുക്തിചിന്തയും പ്രവർത്തന സ്വാതന്ത്ര്യവുമുണ്ട്. ഈ സ്വഭാവസവിശേഷതകൾ മറ്റെല്ലാ സൃഷ്ടികളെയും ജയിച്ചുനിൽക്കാനുള്ള ആത്മീയവും ഭൗതികവുമായ കഴിവ് നൽകുന്നു. ഇതേ

കാരണത്താലാണ്, ആദമിന്റെ സൃഷ്ടിവേളയിൽ ദൈവം ഈ ശക്തിവിശേഷം അംഗീകരിച്ച് മാലാഖമാരോട് സാഷ്ടാംഗം നമിക്കാൻ ആവശ്യപ്പെടുന്നത്.[17] അങ്ങനെ, മനുഷ്യൻ പ്രപഞ്ചത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ടു, ലോകമെമ്പാടും ആശയവിനിമയം നടത്താനുള്ള ശക്തിയാർജിച്ചു, ജനിതകമാറ്റം വരുത്തിയ ഭക്ഷണം ഉൽപാദിപ്പിച്ചു, കൃത്രിമ ബുദ്ധി കണ്ടുപിടിച്ചു... ഇനിയും മനുഷ്യന്റെ ജ്ഞാന ചക്രവാളം വികസിക്കുന്നതിന് അനുസരിച്ച് സാധ്യമാകാവുന്ന നിരവധി വികസന കുതിച്ചുചാട്ടങ്ങൾ വേറെയും. ഇത്ര അത്യുദാത്തനായ മനുഷ്യനെന്ന ഈ സൃഷ്ടി ദൈവികമായ ഒരു ലക്ഷ്യവും ആസൂത്രണവുമില്ലാതെ സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ, നാം വെറുതെ ജീവിച്ച് മരിച്ചുപോകുന്നവർ മാത്രമായി മാറും. മുൻകാല സമൂഹങ്ങളിൽ ചിലർ ഇങ്ങനെയാണ് ഊഹിച്ചതും. എന്നാൽ അല്ലാഹു നമ്മെ ഉണർത്തുന്നത് ഇങ്ങനെയാണ്:

**“അവർ പറയുന്നു, നാം ജീവിക്കുന്ന ഈ ജീവിതമല്ലാതെ മറ്റൊരു ജീവിതമില്ല. ഇവിടെ നാം ജീവിക്കുന്നു, മരിക്കുന്നു. കാലം മാത്രമാണ് നമ്മെ ഇല്ലാതാക്കുന്നത്. എന്നാൽ, ഇതേ കുറിച്ച് അവർക്ക് ഒന്നും അറിയില്ലെന്നതാണ് വസ്തുത. അവരുടെത് ഊഹാപോഹങ്ങൾ മാത്രമാണ്” (ഖുർആൻ 45:24).**

മരണശേഷം ഒന്നുമില്ലെന്ന ധാരണ വെറും അനുമാനം മാത്രമാണ്!

**വാദം രണ്ട്:** പ്രപഞ്ചത്തിലെ ഓരോ വസ്തുവും ദൈവത്തിന്റെ ജ്ഞാനത്തിലും രൂപകൽപനയിലുമുള്ള ആത്യന്തിക പൂർണതയിലേക്ക് വിരൽ ചൂണ്ടുന്നു. അഥവാ, മനുഷ്യർ എപ്പോഴും ഈ ലോകത്ത് കൂടുതൽ സംതൃപ്തമായ ഒരു ജീവിതം, ഒരുതരം സമാന്തര ജീവിതം പ്രതീക്ഷിച്ചുകൊണ്ടാണ് ജീവിക്കുന്നത്. നമ്മുടെ ഭൗതിക അസ്തിത്വത്തിലെ അപൂർണതയിലേക്കാണല്ലോ ഇത് വിരൽ ചൂണ്ടുന്നത്. നമ്മുടെ ജീവിതം എത്രകണ്ട് സംതൃപ്തവും പൂർണവുമാകാമെങ്കിലും മനുഷ്യർ എപ്പോഴും ഒരു മാതൃകാജീവിതത്തിനായി കൊതിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. അത് നമുക്ക് കൃത്യമായി നിർവചിക്കാൻ കഴിയില്ല. അതിനാൽ, നമുക്ക്

അതിൽ എത്തിച്ചേരാനും കഴിയില്ല. അത് നമ്മിൽ അസംതൃപ്തി സമ്മാനിക്കുന്നു, ചിലപ്പോൾ നിരാശയും. നാം കൊതിക്കുന്ന ഈ സമാന്തര ജീവിതം തന്നെയാണ് യഥാർഥത്തിൽ ഈ മരണാനന്തര ജീവിതം. അവിടെ ദൈവിക സൃഷ്ടിപ്പിന്റെ ആത്യന്തിക പൂർണത സഫലമാകുന്നു. ഈ ലോകത്തെ അപൂർണമായ നമ്മുടെ ജീവിതം വരാനിരിക്കുന്ന ശാശ്വതവും പൂർണവുമായ ജീവിതത്തിനായി നമ്മെ ഒരുക്കുന്ന താത്കാലികമായ ഒന്നാണ്.

**വാദം മൂന്ന്:** മനുഷ്യർ സൃഷ്ടിക്കപ്പെട്ടത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തോടെയാണ്. ചിലർക്ക് ധർമനിഷ്ഠയോടെ ജീവിക്കാം. മറ്റുള്ളവർക്ക് മോശപ്പെട്ടവരും ക്രൂരരുമാകാം. ക്രൂരനായവൻ സഹജീവികളായ മനുഷ്യർക്കുമേൽ മഹാ ദുരിതം അടിച്ചേൽപിക്കുന്നു. എന്നിട്ട് പിടികൊടുക്കാതെ രക്ഷപ്പെടുന്നു. അത് അധികാര സ്ഥാനവും സ്വാധീനവും കൊണ്ടാകാം, മാനുഷിക നിയമങ്ങളിലെ ദൗർബല്യങ്ങളോ നിയമസംവിധാനങ്ങൾക്കു സംഭവിച്ച പാളിച്ചകളോ ആകാം... അങ്ങനെയങ്ങനെ. ഭീതിദമായ കുറ്റകൃത്യങ്ങൾ നടത്തുന്ന വേറെ ചിലർ ഒരു മാനുഷിക നിയമത്തിലും കുറ്റക്കാരാകുന്നില്ല. ഉദാഹരണത്തിന്, 10 ലക്ഷം പേരെ അക്രമത്തിലൂടെ കൊലപ്പെടുത്തിയ ഒരാളെ സങ്കൽപിച്ചുനോക്കുക. പരമമായ നീതി ഈ ലോകത്ത് സാക്ഷാത്കരിക്കാനാകില്ല. യഥാർഥ നീതിക്കായുള്ള നമ്മുടെ പ്രതീക്ഷ പരലോകത്ത് മാത്രമേ സാധ്യമാക്കാനാകൂ. പരലോകം ഇല്ലാതാകുന്നത് തന്നെ സമ്പൂർണ അനീതിയാകുമെന്ന് ഉറപ്പ്.

**വാദം നാല്:** നേരത്തെ പരാമർശിച്ച പ്രകാരം, മനുഷ്യർ സൃഷ്ടിക്കപ്പെടുന്നത് അടിസ്ഥാന പ്രകൃതിയുമായാണ് (അറബി ഭാഷയിൽ 'ഫിത്വ്റ'). അങ്ങനെ, ചരിത്രത്തിലുടനീളം മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷവും മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചതായി നമുക്ക് കാണാം. ഉദാഹരണത്തിന്, പുരാതന നാഗരികതകളുടേതായ ചരിത്രരേഖകൾ കാണിക്കുന്നത്, മരണശേഷമുള്ള അനശ്വര ജീവിതത്തിനായി ആളുകൾ തയ്യാറെടുത്തിരുന്നു എന്നാണ്. അഥവാ, മരണശേഷം ആത്മാവിന്റെ അസ്തിത്വം മറ്റൊരു പ്രതലത്തിൽ, പുതിയ ലോകത്തിൽ തുടങ്ങുന്നുവെന്ന് അവർ തിരിച്ചറിഞ്ഞു.

**വാദം അഞ്ച്:** ഖുർആൻ വിവിധ കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്: (ഒന്ന്) പ്രകൃതിശാസ്ത്രത്തിലെ വിവിധ പ്രതിഭാസങ്ങൾ (അധ്യായം 6 കാണുക). (ബി) ചരിത്ര സംഭവങ്ങൾ. (സി) മാനുഷിക സംസ്കാരത്തെ മികച്ച നിലയിൽ പരിവർത്തിപ്പിച്ച, ഇപ്പോഴും സമൂഹത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തുന്ന നിയമങ്ങളും ധാർമിക ചട്ടങ്ങളും. ഈ വിവരണങ്ങളൊന്നും തെറ്റാണെന്നോ അസാധുവാണെന്നോ ഇതുവരെ കണ്ടെത്തിയിട്ടില്ല. ഖുർആനിന്റെ ഈ സ്ഥിരീകരിക്കപ്പെട്ട കൃത്യതയും സാധുതയും മുന്നിലുണ്ടായിരിക്കെ ഖുർആൻ ആധികാരികമായി വിശദമാക്കിയ മരണാനന്തര ജീവിതമെന്ന യാഥാർഥ്യത്തെ എന്തിന് ഒരാൾ ചോദ്യം ചെയ്യണം?

മുകളിലെ ഈ വാദങ്ങൾ മരണാനന്തര ജീവിതം ഒരു യാഥാർഥ്യം മാത്രമല്ല, ഒരു ആവശ്യകതയുമാണെന്ന് ആരെയും ബോധ്യപ്പെടുത്താൻ പോന്നതാണ്. മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷവും അംഗീകരിക്കുന്ന വസ്തുത കൂടിയാണിത്. അതിലുപരി, അതൊന്നുമില്ലെന്ന് തെളിയിക്കുന്ന വാദങ്ങൾ എന്തൊക്കെയാണ്?

## മരണം, മരണാനന്തര ജീവിതം എന്നിവയെ കുറിച്ച ഇസ്‌ലാമിക അധ്യാപനങ്ങൾ

അവസാനിക്കാത്ത അസ്തിത്വമുള്ള മനുഷ്യാത്മാവ് വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. അടുത്ത ഘട്ടത്തിലെ ജീവിതത്തിനുള്ള ഒരുക്കമാണ് ഭൂമിയിലെ നമ്മുടെ ജീവിതം. മരണത്തിനും പുനരുത്ഥാനത്തിനും ഇടയിലെ ഇടവേളയായിട്ടുള്ള ഒരു ഘട്ടത്തിന്റെ സമാരംഭം കുറിക്കലാണ് മരണം. അറബിയിൽ ഇതിന് 'ബർസഖ്' എന്നാണ് പേര്. ആത്മാവ് പൂർണ ബോധാവസ്ഥയിൽ ഉണർന്നിരിക്കുന്ന തുടർഘട്ടമാണ് കല്ലറയിൽ കഴിയുന്ന കാലം. ഭൗതിക ജീവിതത്തിൽ അതിനായി ഒരുക്കം നടത്തിയവർ അവിടെ സന്തോഷവും ആശ്വാസവും അനുഭവിക്കും. വരാനിരിക്കുന്ന വലിയ സന്തോഷങ്ങളും സുഖാനുഭൂതികളും കാത്തിരിക്കുന്നവരാണ് എന്നതു തന്നെ കാരണം. എന്നാൽ, അനന്തര ജീവിതത്തെ അഗണ്യമായി മാറ്റിനിർത്തിയവർ അവനെ കാത്തിരിക്കുന്ന മഹാ

ദുരന്തമോർത്ത് കടുത്ത നിരാശയിലും പരിതാപത്തിലുമായിരിക്കും. മരണ മുഹൂർത്തത്തിൽ തന്നെ ആത്മാവിനോട് മാലാഖമാർ ഈ വിരുദ്ധാവസ്ഥകളെ കുറിച്ച് അറിയിക്കുമെന്ന് ഖുർആൻ ഉണർത്തുന്നു:

''ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്'' എന്ന് പ്രഖ്യാപിക്കുകയും ആ നിലപാടിൽ ഋജുവായി നിലയുറപ്പിക്കുകയും ചെയ്തവരുടെ അടുക്കൽ മരണമുഹൂർത്തത്തിൽ മാലാഖമാർ ഇറങ്ങിവന്ന് ഇങ്ങനെ ശുഭവാർത്തയറിയിക്കും:

'നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ അരുത്. നിങ്ങൾക്കുള്ള വാഗ്ദത്ത സ്വർഗം കൊണ്ട് സന്തുഷ്ടരായിക്കൊള്ളുക'' (ഖുർആൻ 41:30).

''മുഖത്തും പിറകിലും അടിച്ച്, 'ജ്വലിക്കുന്ന നരകശിക്ഷ ആസ്വദിക്കൂ' എന്ന് ആക്രോശിച്ച് മാലാഖമാർ സത്യനിഷേധികളുടെ ആത്മാവിനെ എടുത്തുകൊണ്ടുപോകുന്ന രംഗം നിങ്ങൾ കാണുന്നുവെങ്കിൽ'' (ഖുർആൻ 8:50).

ഖബറിലെ ഈ ജീവിതമാണ് മരണാനന്തര ജീവിതത്തിന്റെ പ്രഥമ ഘട്ടം. ഭൗതിക ജീവിതത്തിൽ നാം സ്വയമെടുത്ത തീരുമാനങ്ങളുടെ അനന്തരഫലങ്ങളിലേക്കുള്ള സൂചനയാകും അത്. പ്രവാചകൻ പറഞ്ഞതായി കാണാം: ''തുടർ ജീവിതത്തിന്റെ ആദ്യഘട്ടമാണ് ഖബർ. അത് സുരക്ഷിതമായാണ് ഒരാൾ പിന്നിടുന്നതെങ്കിൽ വരാനിരിക്കുന്നത് അതിനെക്കാൾ എളുപ്പമായിരിക്കും. മറിച്ച്, ഈ ഘട്ടം പരാജയമായാൽ വരാനിരിക്കുന്നത് ഇതിനെക്കാൾ ഭീകരമായിരിക്കും''.

ലോകാവസാനം അഥവാ, അന്ത്യമുഹൂർത്തം വരെ ആത്മാവ് കഴിയുന്ന ഇടവേള ഘട്ടമാണിത്. നാമറിയുന്ന ഭൗതിക ലോകം അന്ത്യനാളിൽ ഉൺമയുടെ മറ്റൊരു ഘട്ടമായ 'നവലോകം' ആയി പരിവർത്തിതമാകും. ഖുർആൻ പ്രവിശാലമായി തന്നെ ഈ മഹത്തായ മുഹൂർത്തം വിശദീകരിക്കുന്നുണ്ട്: ഉദാഹരണത്തിന് ഒരു വചനം ഇങ്ങനെ വായിക്കാം:

**"ഹേ ജനങ്ങളേ, നിങ്ങളുടെ നാഥന്റെ രോഷത്തിൽനിന്ന് നിശ്ചയമായും സൂക്ഷിച്ചുകൊള്ളുക. അന്ത്യനാളിന്റെ പ്രകമ്പനം അതീവ ഭയാനകം തന്നെയാണ്. നിങ്ങളത് കാണുന്ന നാളിൽ മുലയൂട്ടുന്ന ഓരോ സ്ത്രീയും ശിശുവിനെപ്പറ്റി അന്ധാളിച്ചുപോകും. ഓരോ ഗർഭിണിയും ഗർഭസ്ഥ ശിശുവിനെ വിസർജിച്ചുപോകും. ലഹരി തലക്ക് പിടിച്ചവരായാണ് മനുഷ്യരെ നീ കാണുക. എന്നാൽ, അവർ ഉന്മത്തരല്ല. പ്രത്യുത, അല്ലാഹുവിന്റെ ശിക്ഷ അത്യന്തം കഠോരമാകുന്നു" (ഖുർആൻ 22:1-2 ).**

ലോകാവസാനത്തോടെ പുതിയൊരു ലോകത്തിലേക്കായിരിക്കും നാം പ്രവേശിക്കുക. മരിച്ചവരുടെ പുനരുത്ഥാനത്തോടെയാകും അതിന് തുടക്കമാവുക. മനുഷ്യരാശി മുഴുവനായും അന്ന് വീണ്ടും സൃഷ്ടിക്കപ്പെടും. അവിശ്വാസികൾക്ക് ഏറെ കഠിനമായ ഒരു നാളായാണ് ഖുർആൻ ആ ദിനത്തെ പരിചയപ്പെടുത്തുന്നത്. എല്ലാ തെറ്റുകളും തിരുത്തി മാതൃകാജീവിതം നയിക്കാൻ ഭൂമിയിൽ ഒരു അവസരം കൂടി നൽകണേ എന്ന് അവർ യാചിക്കുമെന്ന് ഖുർആൻ വിശദീകരിക്കുന്നു. വിശ്വാസികൾക്കാകട്ടെ, ആ നാളിൽ ഒന്നിനെയും ഭയപ്പെടാനുണ്ടാകില്ല.[18]

അതുകഴിഞ്ഞ് അന്ത്യനാളിലെ വിധിന്യായത്തിനായി മനുഷ്യരാശി ഒരുമിച്ചുകൂട്ടപ്പെടും. ഇതാണ് വിധിദിനം. മഹത്തായ ഈ മുഹൂർത്തത്തെ പല പദങ്ങൾ കൊണ്ട് ഖുർആൻ വിശദീകരിക്കുന്നുണ്ട്. 'ഖേദത്തിന്റെ നാൾ' (19:39), വിജയ നാൾ (32:29), ദുരന്ത ദിനം (76:10), ദുർവഹമായ ദിനം (76:27), ഗംഭീര ദിനം (19:37), വിചാരണാനാൾ (38:16, 40:27)... എന്നിങ്ങനെ അതിന് പേരുകൾ പലത്. ആത്മീയമായി ഓരോരുത്തരുടെയും അർഹത ദൈവം കണക്കാക്കുന്ന വിധിദിനമാണത്. നന്മ ചെയ്തവന് അതിസന്തോഷവും വലിയ പ്രതീക്ഷയുമുള്ള ദിനമാണത്. ദൈവത്തെയും അന്ത്യനാളിനെയും നിഷേധിച്ചവർക്ക് ഖേദവും നിരാശയും വരുന്ന ദിനവുമാണ്. ഖുർആൻ ഈ രണ്ട് അവസ്ഥകളെയും ഇങ്ങനെ സംഗ്രഹിക്കുന്നു:

**'ഓ മനുഷ്യാ, നീ രക്ഷിതാവിന്റെ സമക്ഷം പ്രാപിക്കാനായി കഠിന ശ്രമം നടത്തിയവനും അവനെ കണ്ടുമുട്ടുന്നവനുമാണ്. എന്നാൽ, തന്റെ വലതുകൈയിൽ ആർക്ക് പ്രമാണം നൽകപ്പെട്ടുവോ, അവന് ലളിതമായ വിചാരണ മാത്രം ചെയ്യപ്പെടുന്നതും ഉറ്റവരിലേക്ക് സസന്തോഷം തിരിച്ചുപോകുന്നതുമാണ്. ആർക്ക് പിൻഭാഗത്തുകൂടി പ്രമാണം നൽകപ്പെട്ടുവോ അവൻ ആസന്നമായ തന്റെ നാശം പറഞ്ഞ് വിലപിക്കുന്നതും നരകത്തിൽ കടക്കുന്നതുമാണ്. നിശ്ചയം, സ്വന്തക്കാർക്കൊപ്പം സന്തോഷപൂർവം കഴിഞ്ഞുവന്നതായിരുന്നു അവൻ. (നമ്മിലേക്ക്) തിരിച്ചുവരവ് ഒരിക്കലുമുണ്ടാകില്ലെന്നും അവൻ ധരിച്ചു" (ഖുർആൻ 84: 6-14).**

നന്മയിൽ അധിഷ്ഠിതമായ ജീവിതം നയിച്ചവൻ പരലോകത്ത് സന്മാർഗികളായ കുടുംബാംഗങ്ങളുമായും മറ്റ് ഉറ്റവരുമായും ചേരുമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.[19] സ്വർഗത്തിൽ നമ്മുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, മക്കൾ, സുഹൃത്തുക്കൾ എന്നിവരെ കണ്ടുമുട്ടുന്ന സന്തോഷം എന്തുമാത്രമായിരിക്കും!. എന്നാൽ, ക്രൂരത മുദ്രയാക്കിയവർക്ക്, ഭീതിദമായ സാഹചര്യമായിരിക്കും അവിടെ. തങ്ങൾ ഒരിക്കലും പിറവിയെടുത്തില്ലായിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിച്ചുപോകും:

**'ആസന്നമായ ഒരു ശിക്ഷ നിങ്ങൾക്ക് നാം താക്കീത് നൽകിയിട്ടുണ്ട്. ഞാൻ നേരത്തെ എന്തൊക്കെ പ്രവർത്തിച്ചുവെന്ന് ഓരോ മനുഷ്യനും അന്ന് നോക്കിക്കാണും. 'കഷ്ടം! ഞാൻ മണ്ണടിഞ്ഞുപോയിരുന്നെങ്കിൽ' എന്ന് അവിശ്വാസികൾ പരിഭവിക്കും (ഖുർആൻ 78:40)**

# ഇതര മതങ്ങളെ ഇസ്‌ലാം എങ്ങനെ കാണുന്നു?

പ്രകൃത്യാ സ്രഷ്ടാവിനെ കുറിച്ച തിരിച്ചറിവും സഹജമായ അടിസ്ഥാന ധാർമിക മൂല്യങ്ങളും (ഫിത്വ്‌റ) സഹിതമാണ് മനുഷ്യരെല്ലാം പിറന്നുവീഴുന്നത്. ചരിത്രത്തിലുടനീളം എല്ലാ സമൂഹങ്ങളിലേക്കും പ്രവാചകന്മാരുടെ പരമ്പരയെ തന്നെ ദൈവം അയച്ചിട്ടുണ്ട്. എല്ലാ പ്രവാചകന്മാർക്കുമുള്ള ദൈവിക സന്ദേശം 'ഏകദൈവത്വം, അന്ത്യനാളിലും നന്മയിലുമുള്ള വിശ്വാസം' എന്നീ അടിസ്ഥാന മൂല്യങ്ങളിൽ ഒന്നായിരിക്കും. അവർക്കുള്ള ആരാധനാ ക്രമങ്ങളും നിയമങ്ങളും വ്യത്യാസപ്പെടാമെന്നു മാത്രം.[20] അല്ലാഹു പറയുന്നു:

**"നൂഹ് നബി, ഇബ്‌റാഹീം നബി, മൂസാ നബി, ഈസാ നബി എന്നിവരോട് നാം അനുശാസിച്ചതും താങ്കൾക്ക് നാം സന്ദേശം നൽകിയതുമായ ഒരു സംഹിത -നേരായ രീതിയിൽ മതനിഷ്ഠ നിലനിർത്തുകയും അതിൽ പക്ഷാന്തരമുണ്ടാക്കാതിരിക്കുകയും ചെയ്യുക- നിങ്ങൾക്ക് അവൻ നിയമമാക്കിയിരിക്കുന്നു. നിങ്ങൾ ക്ഷണിക്കുന്നതെന്തോ അത് ബഹുദൈവ വിശ്വാസികൾക്ക് ദുഷ്കരമായിരിക്കുന്നു. ഉദ്ദേശിക്കുന്നവരെ അല്ലാഹു തനിക്കായി തെരഞ്ഞെടുക്കുന്നു. വിധേയത്വത്തോടെ അവന് വഴിപ്പെടുന്നവർക്ക് അവൻ മാർഗദർശനം നൽകുകയും ചെയ്യുന്നു" (ഖുർആൻ 42:13).**

കാലംപോകെ, യഥാർഥ സന്ദേശങ്ങളിൽനിന്ന് വ്യതിചലനം

സംഭവിക്കുന്നതിനെ തുടർന്നാണ് വിശ്വാസ, മത വൈവിധ്യങ്ങൾ രൂപപ്പെടുന്നത്. പ്രവാചകൻ ഇബ്‌റാഹീം ക്ഷണിച്ച അടിസ്ഥാന വിശ്വാസത്തിലേക്ക് മടങ്ങാൻ ഖുർആനിൽ അല്ലാഹു മനുഷ്യനെ ക്ഷണിക്കുന്നുണ്ട്. യഥാർഥ ഏകദൈവ വിശ്വാസിയായിരുന്നു ഇബ്‌റാഹീം നബി. മാനവ ചരിത്രത്തിൽ പിൻതലമുറയിൽപ്പെട്ട പ്രവാചകന്മാരുടെയെല്ലാം പിതാമഹനുമായിരുന്നു. അതുകൊണ്ടു തന്നെ, ഇസ്‌ലാമിക കാഴ്ചപ്പാടിൽ വ്യത്യസ്തമായ എല്ലാ മതങ്ങളെയും രണ്ട് വിഭാഗങ്ങളായി തിരിക്കാം.

## 1. ഏകദൈവ വിശ്വാസമുള്ള മതങ്ങൾ

ജൂതമതം, ക്രിസ്തുമതം, ഇസ്‌ലാം എന്നിവയെല്ലാം പ്രവാചകൻ ഇബ്‌റാഹീം പ്രചരിപ്പിച്ച ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ പാരമ്പര്യം പങ്കുവെക്കുന്നവയാണ്. ഇവയുടെയെല്ലാം സംശുദ്ധ രൂപത്തിൽ, മൂന്ന് മതങ്ങളും വിശ്വാസപരമായും മതപരമായും ഒരേ അടിസ്ഥാന സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

ഖുർആനിൽ പലയിടത്തും 'വേദഗ്രന്ഥത്തിന്റെ സമൂഹങ്ങൾ' (അഹ്‌ലുൽ കിതാബ്) എന്നാണ് ജൂതരെയും ക്രിസ്ത്യാനികളെയും പരിചയപ്പെടുത്തുന്നത്.[21] അവർ 'തോറ', ബൈബിൾ എന്നീ ദൈവിക വേദഗ്രന്ഥങ്ങളുടെ ആളുകളാണെന്നു സാരം. ഈ രണ്ട് വേദപുസ്തകങ്ങളുടെയും നിലവിലെ രൂപം പൂർണാർഥത്തിൽ അതത് പ്രവാചകന്മാരായ മോശ, യേശു എന്നിവരുടെ മൗലിക സന്ദേശങ്ങളല്ല.[22] തൽഫലമായി, ജൂതമതവും ക്രിസ്തുമതവും മോശ, യേശു പ്രവാചകന്മാരുടെ ശരിയായ അധ്യാപനങ്ങളുമായി ചേർന്നുപോകുന്നില്ലെന്ന് ഇസ്‌ലാം മനസ്സിലാക്കുന്നു.

പ്രവാചകന്മാരായ മോശ, യേശു എന്നിവരുടെ സന്ദേശങ്ങൾ സത്യപ്പെടുത്താനും പൂർത്തീകരിക്കാനും മാത്രമായല്ല ഖുർആൻ അവതീർണമായത്. അവരുടെ സന്ദേശങ്ങൾ എന്ന പേരിൽ അവശേഷിക്കുന്നവക്ക് സംഭവിച്ച മാർഗഭ്രംശങ്ങൾ തിരുത്താൻ കൂടിയാണ്.[23] ഇക്കാരണത്താൽ, ഇസ്‌ലാമിക കാഴ്ചപ്പാടിൽ മോശയുടെയും യേശുവിന്റെയും സന്ദേശങ്ങളുടെ യഥാർഥ അനുയായികൾ ഖുർആൻ പിന്തുടരുന്നവരാണ്.

## 2. ഇതര മതങ്ങൾ

ജൂതമതം, ക്രിസ്തുമതം എന്നിവയല്ലാത്ത മതങ്ങളായ ഹിന്ദുമതം, ബുദ്ധമതം തുടങ്ങിയവയെ കുറിച്ച് ഇസ്‌ലാമിന്റെ വീക്ഷണം ഇതാണ്: പ്രവാചക സന്ദേശങ്ങളിൽനിന്ന് ഏറെ വിദൂരത്തുള്ളവ ആയതിനാൽ ഇബ്റാഹീമീ പാരമ്പര്യവുമായി ചേർന്നുനിൽക്കാത്തവയാണ് ഇവ. ഇവയിൽ ചിലത് ദൈവ നിഷേധത്തോട് ചേർന്നുനിൽക്കാൻ താൽപര്യപ്പെടുമ്പോൾ മറ്റു ചിലത് ഏകദൈവമായ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് ബഹുദൂരം മാറിസഞ്ചരിക്കുന്നവയാണ്. ഏകനായ യഥാർഥ ദൈവത്തിൽ മറ്റുള്ളവരെ പങ്കുചേർക്കൽ ഇസ്‌ലാമിക തത്വത്തിന് നേർവിപരീതമാണ്.

ഈ വ്യത്യാസങ്ങളൊക്കെ നിലനിൽക്കുന്നുണ്ടെങ്കിലും ഇസ്‌ലാം എല്ലാ വിശ്വാസങ്ങളെയും ആദരിക്കുന്നു. ഈ വിശ്വാസങ്ങൾ പിന്തുടരുന്നവരെയും ബഹുമാനിക്കുന്നു. മാനവരാശിയുടെ സ്രഷ്ടാവ് ഏകനായ അല്ലാഹുവാണ്. വിശ്വാസ വിഷയത്തിൽ അവൻ നമുക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും തന്നു. അല്ലാഹു പറയുന്നു:

**“താങ്കളുടെ നാഥൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂതലത്തിൽ ഉള്ളവരത്രയും സത്യവിശ്വാസം കൈക്കൊള്ളുമായിരുന്നു. എന്നിട്ടും, വിശ്വാസികളാകാനായി താങ്കൾ ആളുകളെ നിർബന്ധിക്കുകയാണോ?” (ഖുർആൻ 10:99).**

മറ്റൊരിടത്ത് ഇത് ആവർത്തിച്ച് ആണയിടുന്നുണ്ട്:

**“മതത്തിൽ അടിച്ചേൽപിക്കലില്ല. ദുർമാർഗത്തിൽ നിന്ന് സന്മാർഗം വ്യതിരിക്തമായി കഴിഞ്ഞിട്ടുണ്ട്” (ഖുർആൻ 2:256).**

വിശ്വാസത്തിലെ വൈവിധ്യം മനുഷ്യവംശത്തിന്റെ സൃഷ്ടിയിലെ അല്ലാഹുവിന്റെ പദ്ധതിയാണ്. ഇത് തിരിച്ചറിഞ്ഞ്, ചരിത്രത്തിലുടനീളം മുസ്‌ലിംകൾ ഇതര മതവിശ്വാസികൾക്കൊപ്പം സമാധാ

നത്തോടെയും സ്നേഹത്തോടെയും സൗഹാർദത്തോടെയും ഐക്യത്തോടെയും ഒന്നിച്ചു ജീവിച്ച് പോന്നിട്ടുണ്ട്. തീർച്ചയായും ശ്രദ്ധേയമായ ഒരു കാര്യം, ഇസ്‌ലാം മനുഷ്യന്റെ അഭിമാനം പരിരക്ഷിക്കുന്ന ദർശനമാണ് എന്നത് പ്രധാനമാണ്. വിശ്വാസ കാര്യങ്ങളിൽ സമത്വത്തിന്റെയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള ധാർമിക മൂല്യങ്ങൾ അത് നടപ്പാക്കുകയും ചെയ്യുന്നു.



**മക്കയിലേക്കുള്ള വാർഷിക തീർഥാടനം - ഹജ്ജ്. വിവിധ രാജ്യക്കാരായ മുപ്പത് ലക്ഷത്തിലധികം ആളുകൾ ഏക ദൈവമായ അല്ലാഹുവിനെ ആരാധിക്കാനായി ഒരിടത്തേക്ക് എത്തിച്ചേരുന്നു. ഇത് വിശ്വ മാനവികതയുടെയും ഇസ് ലാമിക ഐക്യത്തിന്റെയും പ്രായോഗിക പ്രകടനമാണ്.**

# യേശു ഇസ്‌ലാമിൽ

ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്ന് എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കലാണ്. മുസ്‌ലിംകൾ വിശ്വസി ക്കുന്നത്, യേശു അഥവാ ഈസാ നബി അല്ലാഹുവിന്റെ മഹാന്മാ രായ പ്രവാചകന്മാരിൽ ഒരാളാണ് എന്നാകുന്നു.

ബൈബിളിൽ നിന്ന് ലഭിക്കുന്ന യേശുവിന്റെ ജീവിതവും അധ്യാപനങ്ങളും വിടപറഞ്ഞ് പതിറ്റാണ്ടുകൾ കഴിഞ്ഞാണ് രേഖപ്പെടുത്തുന്നത്. അതിനാൽ തന്നെ സംശയങ്ങൾ ഏറെയുള്ള തുമാണ്. യേശുവിനെ 25 തവണ പേരു പറഞ്ഞ് പരാമർശിക്കുന്ന ഖുർആൻ തന്റെ അധ്യാപനവും ജീവിതവും സംബന്ധിച്ച ദുരൂഹത കളും അന്ധവിശ്വാസങ്ങളും നീക്കാനായാണ് അവതരിക്കുന്നത്. അദ്ദേഹത്തിലും തന്റെ മാതാവിലും ആരോപിക്കപ്പെട്ട തെറ്റായ വാദങ്ങളിൽനിന്ന് മുക്തനാക്കാനും, അദ്ദേഹവും മാതാവും അല്ലാ ഹുവിന്റെ സത്യസന്ധരും ഭക്തരുമായ ദാസന്മാരാണെന്ന് വ്യക്ത മാക്കാനുമാണ്. അതുകൊണ്ട് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത് ഇവയാണ്:

★ തന്റെ മാതാവ് കന്യാമറിയം അദ്ഭുതകരമായി ഗർഭം ധരിച്ചാ ണ് ഈസാ നബി ജനിക്കുന്നത്. ഈസാ നബിക്ക് പിതാവി ല്ല. അതിനാൽ തന്നെ പിതാവിലേക്ക് ചേർത്ത കുടുംബ പാ രമ്പര്യവുമില്ല. എന്നാൽ, മാതാവിലേക്ക് ചേർത്ത മഹത്തായ കുടുംബ മഹിമയുണ്ട്. നിരവധി പ്രവാചകന്മാർ പിറന്ന കുടുംബമാണ് അവരുടേത്. അൽഭുതകരമായ ഗർഭധാര ണമാണെങ്കിലും സമ്പൂർണ മനുഷ്യനായിരുന്നു അദ്ദേഹം.

ഖുർആൻ വ്യക്തമാക്കുംപോലെ അല്ലാഹു പ്രവാചകത്വം നൽകിയ മനുഷ്യൻ എന്നതിലപ്പുറം ഒന്നും അദ്ദേഹം അവകാശപ്പെട്ടതുമില്ല.[25] ഉദാഹരണത്തിന്, അല്ലാഹു അന്ത്യനാളിലെ ഒരു രംഗം വിശദീകരിക്കുന്നുണ്ട്:

**“അല്ലാഹു ചോദിക്കുന്ന സന്ദർഭം ഓർത്തുനോക്കൂ: ഓ! ഈസബ്നു മർയം, ‘അല്ലാഹുവിന് പുറമെ എന്നെയും മാതാവിനെയും ദൈവങ്ങളാക്കണം’ എന്ന് താങ്കളാണോ ജനങ്ങളോടാവശ്യപ്പെട്ടത്? അദ്ദേഹം പ്രതികരിക്കും: ‘നീ എത്ര പരിശുദ്ധൻ. എനിക്ക് അർഹതയില്ലാത്തത് ഞാൻ പറയരുതല്ലോ. ഇനി ഞാനത് പറഞ്ഞിരുന്നെങ്കിൽ നിനക്കത് അറിയാതിരിക്കില്ല. എന്റെ മനസ്സിലുള്ളത് നിനക്കറിയാം. എന്നാൽ, നിന്നിലുള്ളത് എനിക്കറിയില്ല. അദൃശ്യകാര്യങ്ങളെ കുറിച്ചെല്ലാം സർവജ്ഞനാണ് നീ’. നീ കൽപിച്ച കാര്യമല്ലാതെ മറ്റൊന്നും ഞാൻ അവരോട് പറഞ്ഞിട്ടില്ല. അഥവാ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ “അല്ലാഹുവിനെ ആരാധിക്കുക”. അവർക്കിടയിൽ കഴിഞ്ഞിരുന്നപ്പോഴൊക്കെ അവരുടെ നിലപാടിന് ഞാൻ സാക്ഷിയായിരുന്നു. എന്നെ തിരിച്ചുവിളിച്ച ശേഷം നീ തന്നെയായിരുന്നു അവരുടെ സാക്ഷി. നീ സർവകാര്യങ്ങൾക്കും സാക്ഷിയാകുന്നു” (ഖുർആൻ 5:116-117).**

എളിമയുള്ള, ദൈവത്തോട് തന്റെ അടിമത്തം ഉറപ്പിച്ചു പറഞ്ഞ വ്യക്തിയായിരുന്നു ഈസാ നബി എന്നും, ഒരിക്കലും ദൈവികത അവകാശപ്പെട്ടില്ലെന്നും വ്യക്തമാക്കുന്ന ധാരാളം തെളിവുകൾ ബൈബിളിൽ തന്നെ ഉണ്ട്. [26]

- ★ യേശു യഥാർഥത്തിൽ മിശിഹ അഥവാ, അല്ലാഹു പ്രവാചകനായി നിയോഗിച്ചവൻ തന്നെയായിരുന്നു.[27]
- ★ നിരവധി അദ്ഭുതവൃത്തികൾ അദ്ദേഹം കാണിച്ചു. അവയെല്ലാം അല്ലാഹുവിന്റെ അനുമതിയോടെയായിരുന്നു. അതിൽ ഒന്നാമത്തേത് മാതാവ് മറിയമിനെ സംരക്ഷിക്കാൻ കു

ഞ്ഞായിരിക്കെ സംസാരിച്ചതാണ്. കന്യാപുത്രത്വമായതിന്റെ പേരിൽ മാതാവ് ആരോപണങ്ങൾ നേരിട്ടപ്പോഴായിരുന്നു അത്. പിന്നീടും ജീവിതത്തിൽ അദ്ദേഹം നിരവധി അദ്ഭുത സംഭവങ്ങൾ കാണിച്ചു. മരിച്ചവർക്ക് ജീവൻ തിരിച്ചുനൽകലും അന്ധരെയും കുഷ്ഠബാധിതരെയും രോഗമുക്തരാക്കലുമെല്ലാം. അതും അല്ലാഹുവിന്റെ അനുമതിയോടെയായിരുന്നു. [28]

- ★ ബൈബിൾ (അറബിയിൽ ഇൻജീൽ)[29] അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ടു. ഉദാഹരണത്തിന് അല്ലാഹു പറയുന്നു:

**''മുൻപ്രവാചകന്മാരുടെ പിൻഗാമിയായി മർയമിന്റെ പുത്രൻ യേശുവിനെ നാം അയച്ചു, തന്റെ മുമ്പേയുള്ള തൗറാത്തിനെ ശരിവെച്ചുകൊണ്ട്. അദ്ദേഹത്തിന് നാം ബൈബിൾ നൽകി. അതിൽ സന്മാർഗവും പ്രകാശവുമുണ്ട്. മുമ്പേയുള്ള തോറയിൽ അവശേഷിക്കുന്ന ശരികളെ അംഗീകരിക്കുന്നതും സൂക്ഷ്മതയുള്ളവർക്ക് മാർഗദർശനവും സദുപദേശവുമാണത്'' (ഖുർആൻ 5:46).**

- ★ ഇസ്രായേൽ സന്തതികളിലേക്കായിരുന്നു അദ്ദേഹത്തിന്റെ നിയോഗം, ഇതര സമൂഹങ്ങൾക്കല്ല. അല്ലാഹു പറയുന്നു:

**'ഇസ്രായേൽ സന്തതികൾക്ക് ഒരു സന്ദേശവാഹകനായി, യേശുവിനെ അയക്കുന്നു'' (ഖുർആൻ - 3:49).**

ആധുനിക ബൈബിളിൽ, അതിന്റെ എല്ലാ വ്യത്യസ്ത പതിപ്പുകളിലും ഇസ്രായേൽ സന്തതികളിലേക്ക് മാത്രമാണ് യേശു അവതരിച്ചതെന്ന് കാണാം.[30]

- ★ അദ്ദേഹം കൊല്ലപ്പെടുകയോ കുരിശിലേറുകയോ ചെയ്തിട്ടില്ല. അല്ലാഹു പറയുന്നു:

**''എന്നിട്ടവർ (അഹന്തയോടെ) പ്രഖ്യാപിച്ചു: അല്ലാഹുവിന്റെ ദൂതനും മർയമിന്റെ പുത്രനുമായ യേശുവിനെ നാം**

**വധിച്ചിരിക്കുന്നു. "യഥാർഥത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല, ക്രൂശിച്ചിട്ടുമില്ല. അവർക്ക് മറ്റൊരാൾ അദ്ദേഹ ത്തെ പോലെ തോന്നിക്കുകയായിരുന്നു. ഈസാ നബിയുടെ കാര്യത്തിൽ ഭിന്ന പക്ഷക്കാരായവർ ആ വിഷയത്തിലും സംശയത്തിൽ തന്നെയാണ്. ഊഹാപോഹങ്ങൾ പിൻപറ്റു ന്നു എന്നല്ലാതെ അവർക്കത് സംബന്ധിച്ച് ഒട്ടും അറിവില്ല. തീർച്ച, അവർ അദ്ദേഹത്തെ വധിച്ചിട്ടില്ല. പ്രത്യുത, തന്റെയ ടുത്തേക്ക് ഉയർത്തുകയായിരുന്നു. അല്ലാഹു ശക്തിമാനും യുക്തിമാനുമാണ്" (ഖുർആൻ 4:157 -158).**

തന്റെ ശത്രുക്കളാൽ യേശുവിനെ ക്രൂശിക്കാൻ ശ്രമം നടന്നിരു ന്നു. തന്റെ പ്രവാചകനെ അപമാനിക്കാൻ അല്ലാഹു അനുവദിച്ചി ല്ല. തന്റെ പ്രവാചകനെ അവൻ സംരക്ഷിച്ചു.



**ഇസ്‌ലാമിലെ മൂന്നാമത്തെ ഏറ്റവും പാവനമായ പള്ളി ജറുസലേമിലെ അൽ-അഖ്സ മസ്ജിദ്. ഖുർആനിൽ (17:1, 53:13-18) പറയുന്നതനുസരിച്ച് മുഹമ്മദ് നബി ക്രിസ്ത്വാബ്ദം 621-ൽ ഈ പള്ളിയിൽ നിന്നാണ് ആകാശാരോഹണം നട ത്തിയത്.**

# എന്തുകൊണ്ട് ഇസ്‌ലാം? എല്ലാ മതങ്ങളും ശരിയല്ലേ!

ആളുകൾക്കിടയിൽ സൗഹാർദം, ഐക്യം, സ്നേഹം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഏതൊരു മതവും ദൈവത്തിലേക്കും ഭക്തിയിലേക്കും നയിക്കുന്നു എന്ന തെറ്റിദ്ധാരണ നിലവിലുണ്ട്. അതിനാൽ, 'അത്തരത്തിലുള്ള ഏതൊരു മതവും സ്വീകാര്യമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എല്ലാ മതങ്ങളും അടിസ്ഥാനപരമായി നല്ലതും/ തുല്യവുമാണ്. അതിനാൽ, ഒരാൾ ഒരു പ്രത്യേക മതം തന്നെ പിന്തുടരേണ്ടതില്ല'- ഇതാണ് ഈ ധാരണയുടെ പൊരുൾ. വികലമായ ഈ ചിന്താഗതി രണ്ട് പ്രധാന കാരണങ്ങളാൽ തെറ്റാണ്.

ഒന്നാമതായി, മതം സ്രഷ്ടാവായ അല്ലാഹുവിനോടുള്ള നമ്മുടെ ഭക്തിയാണ്. നാം അല്ലാഹുവിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു, അവനെ എങ്ങനെ ആരാധിക്കുന്നു, അവന്റെ ഇഷ്ടപ്രകാരം ഈ ഭൂമിയിൽ നാം എങ്ങനെ ജീവിതം നയിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു അത്. ഈ 'എങ്ങനെ' എന്നത് സ്രഷ്ടാവിൽ നിന്നാണ് വരേണ്ടത്. അതിനാൽ, സത്യവും ശരിയുമായ മതം സ്രഷ്ടാവ് നിർദേശിച്ചതായിരിക്കണം, ഉറപ്പായും.

രണ്ടാമതായി, ഇന്ന് നിലനിൽക്കുന്ന എല്ലാ മതങ്ങളും സ്രഷ്ടാവിന്റെ യഥാർഥ മതങ്ങളാണെന്ന് പറയുന്നത് ശരിയല്ല. കാരണം, ഇന്ന് നിലവിലുള്ള വ്യത്യസ്ത മതങ്ങളിൽ സിദ്ധാന്തപരവും പ്രായോഗികവുമായി ഗൗരവപ്പെട്ട ചില വൈരുധ്യങ്ങളുണ്ട്. ചില ഉദാഹരണങ്ങൾ പറയാം: എല്ലാ മതങ്ങളും, അവയുടെ അനുയായി


കൾ ആചരിക്കുന്നതുപോലെ, സ്രഷ്ടാവിന്റെ സമ്പൂർണ ഏകത്വം (ഏകദൈവ വിശ്വാസം) എന്ന ആശയത്തോട് യോജിക്കുന്നില്ല. രണ്ടാമതായി, മനുഷ്യന്റെ രക്ഷയെ കുറിച്ച കാഴ്ചപ്പാടിൽ മതങ്ങൾക്കിടയിൽ ചില പ്രധാന വ്യത്യാസങ്ങളുണ്ട്. മൂന്നാമതായി, ഏതാണ് നിയമാനുസൃതം, ഏതാണ് നിയമവിരുദ്ധം എന്ന കാര്യത്തിലും മതങ്ങൾക്കിടയിൽ വീക്ഷണ വ്യത്യാസങ്ങളുണ്ട്.

സ്രഷ്ടാവ് ഒരിക്കലും സ്വയം റദ്ദ് ചെയ്യില്ല, തന്നെത്തന്നെ തള്ളിപ്പറയില്ല. അതിനാൽ അവന്റെ ദർശനം മുഴുവൻ മനുഷ്യരാശിക്കും ശാശ്വതമായിരിക്കണം. അതിന്റെ അടിസ്ഥാന വിശ്വാസങ്ങളിലും ആചാരങ്ങളിലും സ്ഥിരതയുണ്ടാവണം. അറിവും യുക്തിയും ആസ്പദിച്ച് സത്യം അന്വേഷിക്കേണ്ടത് വ്യക്തിയുടെ ഉത്തരവാദിത്വമാണ്. എല്ലാ മതങ്ങളും അടിസ്ഥാനപരമായി നല്ലതാണെന്നും അതിനാൽ സ്രഷ്ടാവിന് സ്വീകാര്യമാണെന്നുമുള്ള തെറ്റായ പ്രസ്താവങ്ങളിൽ വഞ്ചിക്കപ്പെടരുത്; അവന് സ്വീകാര്യമായ ഒരേയൊരു മതം അവന്റെ ജീവിത ദർശനമാണ്.

ഇസ്‌ലാം മനുഷ്യരാശിയുടെ എല്ലാ മുൻ തലമുറകൾക്കും നൽകിയ അതേ മതമാണ്. പ്രവാചകന്മാരുടെ യഥാർഥ സന്ദേശങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾ മൂലമാണ് മനുഷ്യചരിത്രത്തിൽ മതങ്ങളുടെ വൈവിധ്യത രൂപപ്പെട്ടത്. അന്തിമ ദൂതനായ മുഹമ്മദ്, അന്തിമ സന്ദേശമായ ഖുർആൻ എന്നിവ മനുഷ്യരാശിയെ യഥാർഥ ദൈവിക പാതയിലേക്ക് നയിക്കാനാണ് വന്നത്. അങ്ങനെ, സ്രഷ്ടാവിന് സ്വീകാര്യമായ ഒരേയൊരു ജീവിതദർശനം ഈ അന്തിമ വെളിപാടിൽ നിന്ന് രൂപപ്പെടുന്നതാണ് - ഇസ്‌ലാം. അതായത്, അല്ലാഹുവിന്റെ നീതി വ്യവസ്ഥക്ക് വഴിപ്പെടുക.

**"ഇസ്‌ലാം (അല്ലാഹുവിന്റെ നീതി വ്യവസ്ഥക്ക് സ്വമനസ്സോടെയും ആത്മാർഥമായും സമാധാനപരമായും കീഴ്പെടുന്നത്) അല്ലാത്ത മറ്റൊരു വഴി ആരെങ്കിലും ആഗ്രഹിക്കുന്ന പക്ഷം, അത് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല; പരലോകത്ത് അവൻ (എല്ലാ ആത്മീയ നന്മകളും) നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലായിരിക്കും" (ഖുർആൻ 3:85).**

അവസാനത്തെ ദൂതനായ മുഹമ്മദിന് മുമ്പുള്ള എല്ലാ ദൈവദൂതന്മാരുടെയും മതമായിരുന്നു ഇസ്‌ലാം, അബ്രഹാം, മോശ, യേശു എന്നിവരുൾപ്പെടെ എല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ, കാരണം അവർ സ്രഷ്ടാവിന് കീഴടങ്ങുകയും അവന്റെ ഇഷ്ടത്തിന് പൂർണമായും കീഴടങ്ങുകയും ചെയ്തു. മുൻ പ്രവാചകന്മാരുടെ യഥാർഥ പഠിപ്പിക്കലുകൾ പാലിച്ച ആത്മാർഥതയുള്ള അനുയായികളുടെയും മതമായിരുന്നു ഇസ്‌ലാം.



# നിരീശ്വരവാദവും അജ്ഞേയ ചിന്തയും

നിരീശ്വരവാദം പരമാത്മാവിന്റെ, ദൈവത്തിന്റെ നിഷേധമാണ്. ഇത് പരലോക ജീവിതത്തെയും നിഷേധിക്കുന്നു. അജ്ഞേയവാദം പരമാത്മാവിന്റെ നിലനിൽപ്പിൽ സംശയം പുലർത്തുന്നതാണ്. നിരീശ്വരവാദികളുടെയും അജ്ഞേയവാദികളുടെയും നിഷേധത്തിനും സംശയങ്ങൾക്കും പല കാരണങ്ങളും ഉണ്ടാകാം. ദൈവത്തിന്റെ സാന്നിധ്യം ഭൗതികമായി കാണാനോ, അനുഭവിക്കാനോ കഴിയാത്തതിനെക്കുറിച്ച ചിന്തകൾ, മനുഷ്യന്റെ കഷ്ടപ്പാടുകളും ദുരിതങ്ങളും സംബന്ധിച്ച ചോദ്യങ്ങൾ തുടങ്ങിയവ ഉദാഹരണം. ദൈവം ഉണ്ടെങ്കിൽ നാം എന്തിനാണ് കഷ്ടപ്പെടുന്നത്?പൗരാണിക കാലത്ത് ഉന്നയിക്കപ്പെട്ട വിഷയങ്ങൾ ഇവയൊക്കെയാണ്! എന്നാൽ, ആധുനിക കാലത്ത് ഈ കാരണങ്ങൾ കൂടുതൽ സങ്കീർണമാകുന്നു; ദൈവത്തിന്റെ അസ്തിത്വം ശാസ്ത്രീയമായി തെളിയിക്കാൻ കഴിയാത്തത് എന്തുകൊണ്ട്? പ്രപഞ്ചത്തിലെ പല പ്രതിഭാസങ്ങളെയും ശാസ്ത്രീയമായി വിശദീകരിക്കാൻ കഴിയുന്നതിനാൽ, ദൈവത്തിന്റെ അസ്തിത്വത്തിന് യാതൊരു അടിസ്ഥാനവുമില്ല എന്ന് ചിലർ വാദിക്കുന്നു.

ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് മനുഷ്യന്റെ മനസ്സാക്ഷി, ബുദ്ധി, യുക്തി എന്നിവയോട് ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ്, ചിന്തിക്കാൻ ആവശ്യപ്പെട്ടുകൊണ്ടാണ് ഇസ്‌ലാം തിരസ്കരണത്തെയും സംശയങ്ങളെയും അഭിസംബോധന ചെയ്യുന്നത്. സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും സ്വഭാവങ്ങൾ തീർത്തും വ്യത്യസ്തമാണ്. അതിനാൽ മനുഷ്യർക്ക് ദൈവത്തെ കാണാനുള്ള കഴിവില്ല. നമുക്ക് കാണാൻ കഴിയുന്ന ഒരു ഭൗതിക രൂപം ദൈവത്തിന് ഉണ്ടായിരുന്നെങ്കിൽ, സ്ഥലത്തിലും സമയത്തിലും ദ്രവ്യത്തിലും

ദൈവം പരിമിതപ്പെട്ടു പോകുമായിരുന്നു. ഇതൊരു അസംബന്ധ വാദമാണ്. കാരണം സ്ഥലം, സമയം, ദ്രവ്യം എന്നിവ സൃഷ്ടികളാണ്. അതിനാൽ, അവയ്ക്ക് സ്രഷ്ടാവിനെ പരിമിതപ്പെടുത്താൻ കഴിയില്ല. പകരം, സൃഷ്ടിയെക്കുറിച്ചുള്ള ബൗദ്ധിക അന്വേഷണത്തിലേക്ക് ഖുർആൻ ആളുകളെ ക്ഷണിക്കുകയാണ്. അതുവഴി, ദൈവത്തെ അവന്റെ സൃഷ്ടിയിലൂടെ മനസ്സിലാക്കാൻ അവർക്ക് സാധിക്കും. ദൈവാസ്തിക്യത്തിന്റെ തെളിവുകളെ ഖുർആനിൽ 'അടയാളങ്ങൾ' എന്നാണ് വിശേഷിപ്പിക്കുന്നത് (അറബിയിൽ ആയത്ത്). ഖുർആനിൽ ഇത്തരം നൂറുകണക്കിന് അടയാളങ്ങളുണ്ട്. അല്ലാഹു പറയുന്നു:

**"ഇത് സത്യമാണെന്ന് അവർക്ക് വ്യക്തമാകും വിധത്തിൽ, ചക്രവാളങ്ങളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ രക്ഷിതാവ് എല്ലാറ്റിനും സാക്ഷിയാണെന്നതു തന്നെ അവർക്ക് മതിയായതല്ലേ?" (41: 53).**

ഈ വാദ്ഗാനത്തിലൂടെ, സൃഷ്ടികളിലുള്ള ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ച് നിരവധി തെളിവുകൾ നിരത്തി, മുഴുവൻ മനുഷ്യരാശിയോടും ഖുർആൻ ചിന്തിക്കാൻ ആവശ്യപ്പെടുന്നു. അല്ലാഹു പറയുന്നു:

**"ആകാശഭൂമികളുടെ സൃഷ്ടിയിലും ദിനരാത്രങ്ങൾ മാറി മാറിവരുന്നതിലും, ബുദ്ധിശാലികൾക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്; നിന്നും ഇരുന്നും കിടന്നും ഒക്കെ അല്ലാഹുവിനെ ജപിക്കുകയും ആകാശഭൂമികളുടെ നിർമാണത്തിൽ ചിന്തിക്കുകയും ചെയ്യുന്ന ബുദ്ധിശാലികൾക്ക്. (അവർ അനിച്ഛയാ പറഞ്ഞുപോകുന്നു:) 'ഞങ്ങളുടെ നാഥാ! ഇതൊക്കെയും നീ മിഥ്യയായും വ്യർഥമായും സൃഷ്ടിച്ചതല്ലതന്നെ. നിന്റെ വിശുദ്ധി പാഴ്‌വേലകൾക്കെല്ലാം അതീതമാകുന്നു" (ഖുർആൻ വാക്യം 3:190).**

തീർച്ചയായും, ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടിയിൽ ശാസ്ത്രജ്ഞർ അത്ഭുതകരമായ വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്. ഉദാ: (എ) പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടായിരുന്നു,

അതായത് ഒന്നുമില്ലായ്മയിൽ നിന്നാണ് പ്രപഞ്ചം ആരംഭിച്ചത്. (ബി) കൃത്യവും പരസ്പരബന്ധിതവുമായ ഭൗതിക നിയമങ്ങളും പ്രക്രിയകളും അനുസരിച്ചാണ് പ്രപഞ്ചം പരിണമിച്ചുണ്ടായത്. (സി) ഭൂമിയിൽ ജീവൻ സാധ്യമാക്കുന്ന 200-ലധികം പാരാമീറ്ററുകളുണ്ട്. ഭൂമിക്കും സൂര്യനും ഇടയിലുള്ള ദൂരം, ഭൂമിയുടെ ഗുരുത്വാകർഷണം, അന്തരീക്ഷ ഘടന, ജലത്തിന്റെ അസ്തിത്വം തുടങ്ങിയവ ഉദാഹരണം. അല്ലാഹു പറയുന്നു:

**"ആകാശത്ത് നിന്ന് നിങ്ങൾക്ക് വെള്ളം ചൊരിഞ്ഞുതന്നതും, നിങ്ങൾക്ക് കുടിക്കാൻ വെള്ളം തരുന്നതും, നിങ്ങളുടെ കന്നുകാലികൾക്കുള്ള തീറ്റ ഉൽപാദിപ്പിക്കുന്നതും അവനാണ്. അതുവഴി നിങ്ങൾക്ക് വിളകളും ഒലീവും ഈത്തപ്പനയും മുന്തിരിവള്ളികളും നിരവധി വ്യത്യസ്ത കായ്കനികളും അവൻ മുളപ്പിച്ച് തരുന്നു. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും ഇതിൽ മഹത്തായ ദൃഷ്ടാന്തമുണ്ട്" (ഖുർആൻ 16:10-11).**

ഈ വാക്യത്തിൽ ദൈവാസ്തിക്യത്തിന്റെ നിരവധി അടയാളങ്ങൾ പരാമർശിക്കുന്നുണ്ട്. ഉദാഹരണമായി, മഴയുടെ രൂപീകരണം: ഭൂമിയിൽ നിന്ന് ഈർപ്പം ബാഷ്പീകരിക്കപ്പെടുന്നു, ആകാശത്തേക്ക് ഈർപ്പം ഉയരുന്നു, തുള്ളികളായി ഈർപ്പം ഘനീഭവിക്കുന്നു, തുള്ളികൾ മേഘങ്ങളിലേക്ക് അടിഞ്ഞുകൂടുന്നു, ആയിരക്കണക്കിന് ടൺ വെള്ളം മേഘങ്ങളിലൂടെ ചലിക്കുന്നു, തുള്ളികൾ മഴയായി വീഴുന്നു, ഇതിനെല്ലാം കാരണമാകുന്ന നൂറുകണക്കിന് ഭൗതിക നിയമങ്ങളും കൃത്യമായ പാരാമീറ്ററുകളും ഈ സൂക്തത്തിലെ സൂചനകളിൽ ഉൾപ്പെടുന്നു. ഈ പ്രക്രിയകളെല്ലാം കൃത്യമായ ഭൗതിക നിയമങ്ങളും പാരാമീറ്ററുകളും അനുസരിച്ചാണ് നിയന്ത്രിക്കപ്പെടുന്നത്. സൃഷ്ടിയിലെ ആയിരക്കണക്കിന് ഈ അടയാളങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഖുർആൻ നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്. ന്യായയുക്തിയോടെ ചിന്തിക്കുന്ന ഒരാൾക്ക് ഇതെല്ലാം ഒരു പരമോന്നത ഡിസൈനറും സ്രഷ്ടാവുമായ ദൈവത്തിലേക്ക് വിരൽ ചൂണ്ടുന്നു. സൃഷ്ടിയിലെ ഈ ബുദ്ധിപരമായ രൂപകൽപ്പനയും സങ്കീർണതയും കൃത്യതയും അതിന്റെ എല്ലാ ആഴത്തിലുള്ള

ചലനാത്മകതയും അതിന്റെ ഫലമാണെന്ന് കരുതുന്നത് യുക്തിരഹിതമാണ്.[31]

സ്രഷ്ടാവിനെ തിരിച്ചറിയാനും അവന് കീഴടങ്ങാനുമുള്ള സ്വാഭാവിക മനോഭാവത്തോടെയാണ് എല്ലാ മനുഷ്യരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഖുർആൻ പറയുന്നുണ്ട് (ഇതിനെ അറബിയിൽ ഫിത്വ്റ എന്ന് വിളിക്കുന്നു).[32] നാം ഗുരുതരമായ ഒരു പ്രതിസന്ധി നേരിടുമ്പോൾ, ഒരു മനുഷ്യന്നും നമ്മെ സഹായിക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെടുമ്പോൾ, സഹായത്തിനായി നാം ദൈവത്തിലേക്ക് തിരിയുന്നു എന്നതാണ് ഇതിനുള്ള ഒരു തെളിവ്. നമ്മുടെ സ്രഷ്ടാവ്, അവനെ തിരിച്ചറിയാനായി നമ്മുടെ മനസ്സാക്ഷിയെ ഉണർത്താൻ പ്രവാചകന്മാരെ നിയമിക്കുകയും അവർ വഴി മനുഷ്യർക്ക് തിരുവെഴുത്തുകൾ അയക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും, ദൈവം നമ്മുടെ ഇച്ഛക്ക് സ്വാതന്ത്ര്യം നൽകിയതിനാൽ, അവനെ തിരിച്ചറിയാനുള്ള ഈ സ്വാഭാവിക മനോഭാവത്തെ അടിച്ചമർത്താൻ നമുക്ക് കഴിയും. എന്നാൽ, തന്നിൽ വിശ്വസിക്കാനുള്ള ആന്തരിക ആഹ്വാനത്തോട് പ്രതികരിക്കുന്നവരെ ദൈവം നന്മയിലേക്ക് നയിക്കുമെന്നും, തന്നിൽ വിശ്വസിക്കാതിരിക്കാൻ മനസ്സാക്ഷിയെ അടിച്ചമർത്തുന്നവരെ അവൻ വഴിതെറ്റിക്കുമെന്നും ദൈവം പറയുന്നുണ്ട്. ഇത് നമ്മുടെ സൃഷ്ടിപ്പിൽ തന്നെയുള്ള ദൈവത്തിന്റെ പദ്ധതിയാണ്.[33] മനുഷ്യരാശിക്ക് അയച്ച അവസാന വെളിപാടായ ഖുർആൻ തന്നെ ദൈവാസ്തിക്യത്തിന്റെ അടയാളമാണ്.

**"അവർ ഖുർആനിനെ (ശ്രദ്ധയോടെ) പരിഗണിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരിൽ നിന്നായിരുന്നെങ്കിൽ, തീർച്ചയായും അവർ അതിൽ ധാരാളം വൈരുധ്യങ്ങൾ കണ്ടെത്തുമായിരുന്നു" (ഖുർആൻ 4: 82).**

ഖുർആനിന്റെ വസ്തുനിഷ്ഠമായ പഠനം, അത് മനുഷ്യൻ രചിച്ചതല്ല എന്ന് നമ്മെ ബോധ്യപ്പെടുത്തും (അധ്യായം 7 കാണുക). അഥവാ, ദൈവാസ്തിക്യത്തിന്റെ ശക്തമായ സാക്ഷ്യമാണ് ഖുർആൻ.

ദൈവം നമ്മെ സൃഷ്ടിച്ചത് ഒരു ശാശ്വത ഉദ്ദേശ്യത്തോടെയാണ്. അതിനാൽ, അവന്റെ മിക്ക സൃഷ്ടികളെക്കാളും അവൻ നമ്മെ

അനുഗ്രഹിച്ചിട്ടുണ്ട്.[34] ഈ ഭൂമിയിലെ നമ്മുടെ ജീവിതം ക്ഷണികമാണ്. പരലോകത്തെ നിത്യ വാസസ്ഥലത്തിനായി നമ്മെ ഒരുക്കുക എന്നതാണ് ഇഹലോകത്തെ ദൗത്യം. ഈ തയ്യാറെടുപ്പിൽ, സ്രഷ്ടാവിലുള്ള നമ്മുടെ വിശ്വാസം സമൃദ്ധിയിലൂടെയും പ്രതികൂല സാഹചര്യങ്ങളിലൂടെയും പരീക്ഷിക്കപ്പെടും. കൂടാതെ, സ്വതന്ത്രമായ നമ്മുടെ ഇച്ഛാശക്തി എങ്ങനെ വിനിയോഗിക്കുന്നു എന്നതിനെക്കുറിച്ചും അന്വേഷണങ്ങളുണ്ടാകും.നമ്മുടെ സ്വതന്ത്ര ഇച്ഛാശക്തിയുടെ ഈ പരീക്ഷണത്തിലാണ് നന്മയും തിന്മയും നമ്മുടെ ജീവിതത്തെ സ്പർശിക്കുന്നത്. ദൈവമല്ല, തിന്മ ചെയ്യുന്നത് മനുഷ്യനാണ്. എന്നിരുന്നാലും, ഇതിന്റെയെല്ലാം അനന്തരഫലം, തിന്മയും കഷ്ടപ്പാടുകളും നമ്മുടെ വിശ്വാസത്തിന്റെ പരീക്ഷണമായി വർത്തിക്കുക മാത്രമല്ല, ഇവയെല്ലാം നമുക്കുള്ള ഒരു മുന്നറിയിപ്പ് കൂടിയാണ്. പലപ്പോഴും, പ്രതികൂല സാഹചര്യങ്ങളിലാണ് നമ്മുടെ ആന്തരിക മനസ്സാക്ഷിയിൽ ഗുണാത്മക ചിന്തയും ഉയർന്ന ലക്ഷ്യത്തിന് വേണ്ടിയുള്ള അന്വേഷണവും രൂപപ്പെടുന്നത്.



**സൂര്യഗ്രഹണം:** അത്ഭുതകരമായ ഈ പ്രതിഭാസം സംഭവിക്കുന്നത് സൂര്യൻ ഭൂമിയിൽ നിന്ന് ചന്ദ്രനെക്കാൾ നാനൂറ് മടങ്ങ് അകലെയായതിനാലും ചന്ദ്രനെക്കാൾ നാനൂറ് മടങ്ങ് വലുതായതിനാലുമാണ്. ഈ കൃത്യമായ അനുപാതങ്ങൾ മനോഹരമായ ഈ കാഴ്ച രൂപകൽപ്പന ചെയ്ത ഒരു ഡിസൈനറെ, സ്രഷ്ടാവിനെ നമുക്ക് മുന്നിൽ സാക്ഷ്യപ്പെടുത്തുന്നു.

# ഇസ്‌ലാമിൽ സ്ത്രീയുടെ സ്ഥാനം

ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ സ്രഷ്ടാവിനു മുന്നിൽ സ്ത്രീ-പുരുഷന്മാർ തുല്യരാണ്. ജൈവശാസ്ത്രപരമായ വ്യത്യാസങ്ങൾ സ്ത്രീ-പുരുഷന്മാർക്കിടയിൽ ഉണ്ട്. അതിനാൽ കുടുംബത്തിലും സമൂഹത്തിലും അവരുടെ ഭാഗധേയങ്ങളും വ്യത്യസ്തമാണ്. പക്ഷേ, രണ്ടുപേരിൽ ഒരാൾ മറ്റൊരാളെക്കാൾ ശ്രേഷ്ഠനല്ല. കാരണം, പരസ്പരം ആശ്രയിച്ചു കൊണ്ടാണ് ഇരുവരും ജീവിക്കേണ്ടത്. ഈ തത്വം മനോഹരമായി സംഗ്രഹിക്കുന്ന ഒരു വാക്യമുണ്ട് വിശുദ്ധ വേദഗ്രന്ഥത്തിൽ:

**"മനുഷ്യരേ! നിങ്ങളെ ഒരൊറ്റ വ്യക്തിയിൽ നിന്ന് സൃഷ്ടിച്ച, സമാനമായ പ്രകൃതിയിൽ നിന്ന് തന്നെ ഇണയെ സൃഷ്ടിച്ച, അവരിൽ നിന്ന് എണ്ണമറ്റ പുരുഷന്മാരെയും സ്ത്രീകളെയും വിന്യസിച്ച നിങ്ങളുടെ നാഥനെ ഭയപ്പെടുക. നിങ്ങൾ പരസ്പരം (അവകാശങ്ങൾ) ആവശ്യപ്പെടുന്ന അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങളുടെ ബന്ധങ്ങൾ സൂക്ഷിക്കുക. കാരണം, അല്ലാഹു എപ്പോഴും നിങ്ങളെ നിരീക്ഷിക്കുന്നുണ്ട് (ഖുർആൻ 4:1).**



സ്ത്രീകൾ പുരുഷന്മാരെപ്പോലെ തന്നെയാണ്, രണ്ടുപേർക്കും പരസ്പര അവകാശങ്ങളുണ്ട്. അല്ലാഹു സ്ത്രീകളെ,

പ്രത്യേകിച്ച് നമ്മുടെ അമ്മമാരെ, പ്രത്യേകമായി ബഹുമാനിക്കുന്ന എന്നാണ് ഈ വാക്യം പറയുന്നത്.

ഈ മഹത്തായ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഏഴാം നൂറ്റാണ്ടിൽ ഇസ്‌ലാം സ്ത്രീ സമൂഹത്തെ പുരുഷാടിമത്ത്വത്തിൽ നിന്ന് മോചിപ്പിച്ചത്. ഏഴാം നൂറ്റാണ്ടിൽ ഇസ്‌ലാമിന്റെ ആവിർഭാവം വരെ, പുരുഷന്മാരുടെ വെറും ദാസിമാർ എന്ന ദുഷിച്ച സമീപനമാണ് ലോകമെമ്പാടും സ്ത്രീകളോട് ഉണ്ടായിരുന്നത്.[35] ഈയൊരു സ്ഥിതിയിൽ നിന്ന് ഇസ്‌ലാം സ്ത്രീകളെ സ്വതന്ത്രരാക്കി. ആത്മീയവും സാമൂഹികവും സാമ്പത്തികവുമായ തുല്യതയിലേക്ക് ഇസ്‌ലാം അവളെ ഉയർത്തി.

അങ്ങനെ സ്വത്തവകാശം, അനന്തരാവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, സ്വന്തമായി ജീവിക്കാനുള്ള അവകാശം തുടങ്ങി പുരുഷന്മാർ അനുഭവിക്കുന്ന മറ്റെല്ലാ അവകാശങ്ങളും ഇസ്‌ലാം സ്ത്രീകൾക്ക് നൽകി. ചില മുസ്‌ലിം സമൂഹങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന അനീതികൾ ഇസ്‌ലാം നിർദേശിക്കുന്നതല്ല. മറിച്ച്, ഇസ്‌ലാം എതിർക്കുന്ന സാംസ്‌കാരിക ദുരാചാരങ്ങളാണ് അവ. ഉദാഹരണത്തിന്, നിർബന്ധിത വിവാഹങ്ങൾ, അല്ലെങ്കിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം വിലക്കൽ. രണ്ടും ചില മുസ്‌ലിം സമൂഹങ്ങളിൽ നടക്കുന്നുണ്ടെങ്കിലും അവ ഇസ്‌ലാമിക നിയമങ്ങൾക്ക് വിരുദ്ധമാണ്.

# അക്രമവും മതാതിവാദവും

ലോകത്തെ എല്ലാ മതങ്ങളിലും നിലനിൽക്കുന്ന പ്രതിഭാസമാണ് തീവ്രവാദവും അക്രമവും. മതങ്ങളോളം തന്നെ പഴക്കമുണ്ട് ഇവയ്ക്ക്. എല്ലാ മതങ്ങളിലും എപ്പോഴും തങ്ങളുടെ വിശ്വാസങ്ങളെക്കുറിച്ച് തീവ്രവും പലപ്പോഴും വികലവുമായ വീക്ഷണങ്ങൾ പുലർത്തുന്ന ചിലരെങ്കിലും ഉണ്ടാകും. അത്തരം ആളുകൾ അവരുടെ തീവ്രമായ മത വാദങ്ങളും മനസ്സിന്റെ അബദ്ധവൽക്കരണവും കാരണം നിരവധി യുദ്ധങ്ങൾ നടത്തുകയും ക്രൂരതകൾ ചെയ്ത് കൂട്ടുകയും ചെയ്യുന്നു. ഈ പ്രവണത തടയാൻ, ഇസ്‌ലാം വിശ്വാസത്തെയും അനുഷ്ഠാനത്തെയും സന്തുലിതമാക്കാൻ ജാഗ്രത പുലർത്തുന്നു. ഇച്ഛാസ്വാതന്ത്ര്യം, അന്തസ്സിന്റെ സംരക്ഷണം, എല്ലാ വിശ്വാസങ്ങളോടുമുള്ള ബഹുമാനം, ജീവന്റെ പവിത്രത, എല്ലാ മനുഷ്യർക്കും നീതി ലഭ്യമാക്കൽ എന്നിവയിൽ മനുഷ്യബോധത്തെ രൂപപ്പെടുത്തുന്നത് ഇസ്‌ലാമിന്റെ മൗലിക അടിത്തറയാണ്.

എല്ലാ വിശ്വാസങ്ങളെയും ബഹുമാനിക്കാനും ഇച്ഛാസ്വാതന്ത്ര്യത്തെ അംഗീകരിക്കാനും വിശ്വാസപരമായ കാര്യങ്ങളിൽ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം പ്രയോജനപ്പെടുത്താനും കഴിയും വിധത്തിലാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്. അതിനാൽ, ഒരു മതത്തിലുമുള്ള വിശ്വാസം ആരുടെയും മേൽ അടിച്ചേൽപ്പിക്കാൻ കഴിയില്ല. മുകളിൽ ഉദ്ധരിച്ച -അധ്യായം 10 കാണുക- ഖുർആനിലെ 2:256, 10:99 എന്നീ വാക്യങ്ങൾക്ക് പുറമേ, 11:118 - 119 വാക്യങ്ങളിൽ അല്ലാഹു പറയുന്നതു കൂടി കാണുക:

"നിങ്ങളുടെ നാഥൻ അങ്ങനെ ഉദ്ദേശിച്ചിരുന്നെങ്കിൽ, അവൻ തീർച്ചയായും മനുഷ്യരാശിയെ ഒരൊറ്റ സമൂഹമാക്കുമായിരുന്നു. എന്നാൽ ഇപ്പോൾ കാര്യങ്ങൾ ഇങ്ങനെയാണ്;നിങ്ങളുടെ നാഥൻ കരുണ കാണിച്ചവർ ഒഴികെ അവർ തമ്മിൽ വ്യത്യാസമുണ്ടാകില്ല. ഇതിന് (തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പ്രയോഗിക്കുന്നതിന്) വേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചത്.

വിശ്വാസത്തിലെ വൈവിധ്യത ദൈവത്തിന്റെ സൃഷ്ടിപ്പിൽ തന്നെ അന്തർലീനമാണ്. എല്ലാ മതക്കാരുമായും സഹവർത്തിത്വവും സഹിഷ്ണുതയും സൂക്ഷിക്കാൻ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

## ജീവിത പവിത്രത

നിരപരാധികളെ കൊല്ലുന്നതും നിരപരാധികൾക്കുമേൽ ഏതെങ്കിലും തരത്തിലുള്ള അക്രമവും അനീതിയും കാണിക്കുന്നതും ഇസ്‌ലാം അപലപിക്കുന്നു. അന്യായമായി ഒരാളെ കൊല്ലുന്നത് ഇസ്‌ലാമിൽ ഗുരുതരമായ പാപമാണ്. അല്ലാഹു പറയുന്നു:

**"കൊലപാതകത്തിനോ, നാട്ടിൽ കുഴപ്പങ്ങൾ പടർത്തുന്നതിനോ പകരമായിട്ടല്ലാതെ ആരെങ്കിലും ഒരാളെ കൊന്നാൽ, അവൻ മുഴുവൻ മനുഷ്യരെയും കൊന്നതിന് തുല്യമാണ്. ആരെങ്കിലും ഒരു ജീവൻ രക്ഷിച്ചാൽ, അത് അവൻ മുഴുവൻ മനുഷ്യരെയും രക്ഷിച്ചതിന് തുല്യമാണ് (ഖുർആൻ 5:32).**

ഇസ്‌ലാമിൽ യുദ്ധം അനുവദനീയമായത് ആത്മരക്ഷയ്ക്കും ഏതെങ്കിലും തരത്തിലുള്ള ആക്രമണത്തിനും അടിച്ചമർത്തലിനും എതിരെയും മാത്രമാണ്.[36] അക്രമികൾക്കെതിരെ നീതിപൂർവകമായ യുദ്ധത്തിന് ഇസ്‌ലാം ആഹ്വാനം ചെയ്യും. ഇതൊരിക്കലും നിരപരാധികളായ സാധാരണക്കാർക്കോ അവരുടെ സ്വത്തുക്കൾക്കോ എതിരെയാകില്ല. യുദ്ധത്തിനുള്ള ആഹ്വാനം വ്യക്തികളോ ഗ്രൂപ്പുകളോ അല്ല, നിയമാനുസൃതമായ ഒരു രാഷ്ട്രമായിരിക്കും നടത്തുക എന്നതും പ്രധാനമാണ്. തടവുകാരെയും നിരപരാധികളെയും സ്വത്തുക്കളെയും എങ്ങനെ കൈകാര്യം ചെയ്യണമെന്നതി

നെക്കുറിച്ചും വളരെ കർശനമായ നിയമങ്ങൾ ഇസ്‌ലാമിലുണ്ട്.[37]

## നീതിയും ന്യായവും

അടിസ്ഥാനപരമായി നീതിയും ന്യായവും ഉൾവഹിക്കാത്ത പ്രത്യയശാസ്ത്രങ്ങൾ അക്രമാസക്തി വളർത്തുന്നു. എന്നാൽ, ഇസ്‌ലാം വിശ്വാസ വിവേചനങ്ങളില്ലാതെ എല്ലാവർക്കും നീതിയും ന്യായവും ഉറപ്പാക്കുന്നു. അല്ലാഹു പറയുന്നു:

**"മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യാത്തവരോടും നിങ്ങളെ വീടുകളിൽ നിന്ന് പുറത്താക്കാത്തവരോടും ദയയും നീതിയും പുലർത്തുന്നത് അല്ലാഹു വിലക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിമാന്മാരെ സ്നേഹിക്കുന്നു". (ഖുർആൻ 60:8).**

ഈ അടിസ്ഥാനങ്ങളെ ആസ്പദിച്ച് ചിന്തിച്ചാൽ, ഇസ്‌ലാമിക തത്വങ്ങളെക്കുറിച്ചുള്ള അജ്ഞത, മതത്തിലുള്ള അമിതമായ വൈകാരികത, മതമല്ലാത്ത മറ്റെന്തെങ്കിലും താൽപര്യങ്ങൾ എന്നിവ കാരണം മാത്രമേ ഇസ്‌ലാമിൽ തീവ്രവാദവും അക്രമവും ഉണ്ടാകൂ. ലോകത്ത് മതത്തിന്റെ പേരിൽ ഇന്ന് നാം കാണുന്ന അക്രമം അടിസ്ഥാനപരമായി രാഷ്ട്രീയ പ്രേരിതമാണ്. മതവുമായോ മതത്തിലെ ഏതെങ്കിലും വിഭാഗങ്ങളുമായോ ഇതിന് യാതൊരു ബന്ധവുമില്ല. എന്നിരുന്നാലും ഇവരുടെ യഥാർഥ ലക്ഷ്യങ്ങൾ മറയ്ക്കാനും ജനപിന്തുണ നേടാനും മതത്തിന്റെ പേര് ഇവർ ഉപയോഗിക്കുന്നു. അധികാര പോരാട്ടം, ആധിപത്യ മോഹം, സാമ്പത്തിക താൽപര്യങ്ങൾ, അത്യാഗ്രഹം, പകപോക്കൽ, വിദേശ സൈനിക ഇടപെടലുകൾ എന്നിവയാണ് ഈ സംഘർഷങ്ങളുടെയും അക്രമങ്ങളുടെയും അടിസ്ഥാനം. മതത്തിന്റെ പേരിൽ ഇന്ന് ലോകത്ത് നടക്കുന്ന യുദ്ധങ്ങളിലും മറ്റ് തരത്തിലുള്ള അക്രമങ്ങളിലും ഇസ്‌ലാം തീർത്തും നിരപരാധിയാണ്.

# ഇസ്‌ലാമിക ജിഹാദ്

'ഏതെങ്കിലും ഒരു കാര്യം നേടിയെടുക്കുന്നതിനായി പരിശ്രമിക്കുക' എന്നാണ് 'ജിഹാദ്' എന്ന വാക്കിന്റെ അർഥം. ഇസ്‌ലാമിന്റെ സാങ്കേതിക പ്രയോഗത്തിൽ അതിന്റെ അർഥം 'അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുക' എന്നാണ്. അതായത്, പ്രപഞ്ചനാഥനെ സേവിക്കുന്നതിന് ത്യാഗ പരിശ്രമങ്ങൾ അനുഷ്ഠിക്കുക. ഖുർആനിലെ പല വാക്യങ്ങളും അല്ലാഹുവിന്റെ മാർഗത്തിൽ പരിശ്രമിക്കാൻ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നുണ്ട്.

**"വിശ്വസിച്ചവരേ! അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുക, അവനിലേക്ക് അടുക്കാനുള്ള മാർഗങ്ങൾ തേടുക, ശക്തിയോടെ പോരാടുക, അവന്റെ മാർഗത്തിൽ (അതായത് ജിഹാദിൽ) ഉറച്ചുനിൽക്കുക. നിങ്ങൾ വിജയം വരിക്കട്ടെ" (ഖുർആൻ 5:35).**

അതുകൊണ്ട്, അല്ലാഹുവിന്റെ പ്രീതിയും തൃപ്തിയും നേടുക എന്ന ഉദ്ദേശ്യത്തോടെ ഒരു സത്യവിശ്വാസി ചെയ്യുന്ന ഓരോ പ്രവൃത്തിയും ജിഹാദാണ്. ഇതിൽ ആരാധന, ദാനം, അറിവ് തേടൽ, ജീവിത വിഭവങ്ങളുടെ സമ്പാദ്യം, കുടുംബ പരിപാലനം, നന്മ കൽപ്പിക്കൽ, തിന്മ നിരോധിക്കൽ, ഇച്ഛകളെ നിയന്ത്രിക്കൽ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

ചരിത്ര പുസ്തകങ്ങളിലും ആധുനിക മാധ്യമങ്ങളിലും, 'ജിഹാദ്' എന്ന വാക്ക് പലപ്പോഴും യുദ്ധവുമായോ, അക്രമവുമായോ ബന്ധ

പ്പെടുത്തി പരാമർശിക്കുന്നുണ്ട്. ഇത് തെറ്റാണ്. കാരണം, അറബിയിൽ യുദ്ധത്തെ കുറിക്കുന്ന പദം 'ജിഹാദ്' അല്ല, 'ഖിതാൽ' ആണ്. ഇസ്‌ലാം വാളുകൊണ്ട് പ്രചരിപ്പിച്ചതാണെന്ന് ജിഹാദിന്റെ പേരിൽ ചിലർ ആരോപിക്കുന്നുണ്ട്. ചരിത്ര പുസ്തകങ്ങളിൽ ഇതുവരെ ആവർത്തിച്ചിട്ടുള്ളതിൽ ഏറ്റവും അതിശയകരമായ കെട്ടുകഥയാണിത്. ഇസ്‌ലാം വാളിലൂടെയല്ല, അതിന്റെ ഉദാത്തമായ തത്വങ്ങളും മൂല്യങ്ങളും വഴിയാണ് ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നത്; ഒരു ഇസ്‌ലാമിക കുരിശുയുദ്ധമോ വിചാരണയോ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. 'വിശുദ്ധ യുദ്ധം' എന്ന വാക്ക് ഇസ്‌ലാമിക പദാവലികളിൽ നിലവിലുള്ളതുമല്ല. 1095-ൽ പോപ്പ് അർബൻ രണ്ടാമൻ വഴിയാണ് 'വിശുദ്ധ യുദ്ധം' എന്ന പ്രയോഗം പ്രചാരം നേടിയത്. വിശുദ്ധ ഭൂമി തിരിച്ചുപിടിക്കാൻ മുസ്‌ലിംകൾക്കെതിരെയുള്ള ഒരു 'വിശുദ്ധ യുദ്ധ'ത്തിൽ പങ്കുചേരാൻ അദ്ദേഹം യൂറോപ്പിലെ എല്ലാ ക്രിസ്ത്യാനികളോടും ആഹ്വാനം ചെയ്തു. മുസ്‌ലിംകൾ യുദ്ധം ചെയ്തിരുന്നതായി ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിൽ കാണാം. എന്നാൽ ആക്രമണത്തെ ചെറുക്കുന്നതിനോ, സ്വേച്ഛാധിപത്യം ഇല്ലാതാക്കുന്നതിനോ, വിശ്വാസ കാര്യങ്ങളിൽ മനുഷ്യന്റെ തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിനോ ആയിരുന്നു ഈ യുദ്ധങ്ങൾ. വാസ്തവത്തിൽ അവ വിമോചന സമരങ്ങളായിരുന്നു, മതപരിവർത്തന യുദ്ധങ്ങളല്ല. ഒരു ഉദാഹരണം മാത്രം പറയാം: മുസ്‌ലിംകൾ നൂറുകണക്കിന് വർഷങ്ങൾ ഇന്ത്യ ഭരിച്ചു. ആളുകളെ നിർബന്ധിച്ച് ഇസ്‌ലാമിൽ ചേർക്കുന്ന ഒരു പ്രചാരണവും പ്രവർത്തനവും അക്കാലത്ത് ഉണ്ടായിട്ടില്ല; ഇന്നുവരെ ഇന്ത്യ ഒരു ഹിന്ദു ഭൂരിപക്ഷ രാജ്യമായി തുടരുന്നു!

‘ജിഹാദിസ്റ്റ്’, ‘ജിഹാദിസം’ എന്നീ വാക്കുകൾ മുസ്‌ലിം തീവ്രവാദ ഗ്രൂപ്പുകളെയും അവരുടെ ആശയങ്ങളെയും പരിചയപ്പെടുത്താൻ മാധ്യമങ്ങൾ ഉപയോഗിക്കുന്ന പുതിയ പദങ്ങളാണ്. ഈ പദങ്ങൾ ആധുനിക കണ്ടുപിടിത്തമാണ്, ഇസ്‌ലാമിൽ ചരിത്രപരമായ വേരുകളോ അർഥമോ ഇവയ്ക്കില്ല.

ഇസ്‌ലാം യാതൊരു വിധത്തിലുള്ള അക്രമവും അനുവദിക്കുന്നില്ല. സ്വയരക്ഷയ്ക്കും ആക്രമണത്തെ ചെറുക്കുന്നതിനും

മാത്രമേ മുസ്‌ലിംകൾക്ക് യുദ്ധം ചെയ്യാൻ അനുവാദമുള്ളൂ. ഈ സാഹചര്യത്തിൽ ഒരാൾ സ്വയം പ്രതിരോധത്തിനോ, ആക്രമണത്തെ ചെറുക്കുന്നതിനോ നടത്തുന്ന പോരാട്ടത്തെ ജിഹാദ് എന്ന് വിശേഷിപ്പിക്കും. അല്ലാഹു പറയുന്നു:

**"കലാപമോ, അടിച്ചമർത്തലോ ഇല്ലാതാകുന്നതുവരെയും, അല്ലാഹുവിന്റെ നീതിയും വിശ്വാസവും പുലരുന്നതുവരെയും അവരോട് യുദ്ധം ചെയ്യുക. അവർ അക്രമത്തിൽ നിന്ന് വിരമിച്ചാൽ പിന്നെ, അക്രമം നടത്തുന്നവരോടല്ലാതെ മറ്റാരോടും ശത്രുത ഉണ്ടാകരുത്" (ഖുർആൻ 2:193).**



**തുർക്കിയിലെ ഇസ്തംബൂളിൽ സ്ഥിതി ചെയ്യുന്ന ചരിത്രപ്രസിദ്ധമായ സുൽത്താൻ അഹ്മദ് മസ്ജിദ്. ബാങ്കിന് ശേഷം പുരുഷന്മാർ പള്ളിയുടെ ചുവന്ന പരവതാനിയിൽ മുട്ടുകുത്തി പ്രാർഥിക്കുന്നു. 'നീല പള്ളി' എന്നും ഇത് അറിയപ്പെടുന്നു. 1609-നും 1616-നും ഇടയിൽ അഹ്മദ് ഒന്നാമന്റെ ഭരണകാലത്താണ് ഈ പള്ളി നിർമിച്ചത്. ഈ കോമ്പൗണ്ടിൽ അഹ്മദിന്റെ മഖ്ബറ, മദ്രസ, ഹോസ്പയ്സ് എന്നിവയുമുണ്ട്.**

# ഇസ്‌ലാമിക നിയമസംഹിത

ദൈവഹിതത്തിന് അനുസൃതമായി മനുഷ്യജീവിതത്തെ മുഴുവൻ നിയന്ത്രിക്കുന്ന വിശദമായ ഒരു പെരുമാറ്റച്ചട്ടമാണ് ശരീഅത്ത്. അടിസ്ഥാന വിശ്വാസങ്ങൾ, ആരാധനാരീതികൾ, ധാർമികത, സാമൂഹിക-സാമ്പത്തിക തത്വങ്ങൾ, ശിക്ഷാ നിയമം എന്നിവ ഇതിൽ ഈ നിയമ സംഹിതയിൽ ഉൾപ്പെടുന്നു. 'ശരീഅത്ത്' എന്ന വാക്കിന്റെ അർഥം 'വ്യക്തമായ പാത' അല്ലെങ്കിൽ 'വഴി' എന്നാണ്. അതിനാൽ, ഇസ്‌ലാമിന്റെ സാങ്കേതികാർഥത്തിൽ മോക്ഷത്തിലേക്കും ശാശ്വത വിജയത്തിലേക്കുമുള്ള വഴി എന്നാണ് അർഥമാക്കുന്നത്. ഒരാൾ മുസ്‌ലിമാവുക എന്നാൽ, ദൈവിക ജീവിതരീതിയായ ശരീഅത്ത് അനുസരിച്ച് ജീവിക്കുക എന്നതാണ് ഉദ്ദേശ്യം.

ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഖുർആ



ഒമാൻ, മസ്കറ്റിലെ ഹൈക്കോടതി

നിൽ നിന്നും പ്രവാചക മാതൃകയിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ഈ തത്വങ്ങളുടെ വിശദമായ പ്രയോഗരൂപങ്ങളും, സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള നിയമപരമായ സമീപനങ്ങളും മതപരമായ വിധികളും മതപണ്ഡിതരുടെ അഭിപ്രായങ്ങളുടെ സമവായത്തിലൂടെയാണ് രൂപപ്പെടുത്തുന്നത് (അറബിയിൽ ഇജ്മാഅ് എന്ന് പറയുന്നു).

മുഴുവൻ മനുഷ്യവർഗത്തിനും വേണ്ടിയുള്ള നീതിയുക്തമായ ജീവിതരീതി സ്ഥാപിക്കാൻ മനുഷ്യബുദ്ധി കൊണ്ട്, അവന്റെ ചിന്തകളും വിധിന്യായങ്ങളും വഴി മാത്രം സാധ്യമല്ല. കാരണം, മനുഷ്യന്റെ വിധി തീർപ്പുകളെ അഹങ്കാരം, മുൻവിധി, സ്വാർഥതാൽപര്യം, വികാരങ്ങൾ, ഹ്രസ്വദൃഷ്ടി തുടങ്ങിയ ബലഹീനതകൾ സ്വാധീനിക്കും. സന്തുലിതത്വവും നീതിയും നഷ്ടപ്പെടാൻ ഇത് കാരണമാകും. നമ്മുടെ സ്രഷ്ടാവ് നമ്മെ നയിക്കുകയും നമുക്ക് യഥാർഥവും നീതിയുക്തവുമായ ജീവിതക്രമവും പെരുമാറ്റരീതിയും നൽകുകയും വേണം. ഇതാണ് സമ്പൂർണ ശരീഅത്ത്; മനുഷ്യജീവിതം, അന്തസ്സ്, മനസ്സ്, വിശ്വാസം, കുടുംബം, സ്വത്ത് എന്നിവയെല്ലാം സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ ഇസ്‌ലാമിക നിയമം.

ശരീഅത്തിന് എതിരെ തെറ്റായ ആരോപണങ്ങൾ പലതുമുണ്ട്. സ്ത്രീകളെ തളച്ചിടുന്ന, ശൈശവ വിവാഹം നടത്തുന്ന, മനുഷ്യന്റെ സ്വാതന്ത്ര്യങ്ങൾ തടയുന്ന നിയമങ്ങളാണ് ശരീഅത്ത് തുടങ്ങിയ പ്രചാരണങ്ങൾ ഉദാഹരണം. യാഥാർഥ്യം എന്താണെന്ന് അറിയാതെയും ശരിയായ വശങ്ങൾ മനസ്സിലാക്കാതെയുമാണ് ഇത്തരം വാചാടോപങ്ങൾ ഉയർന്നുവരുന്നത്. യഥാർഥത്തിൽ മനുഷ്യരാശി അനുഭവിക്കുന്ന എല്ലാ തിന്മകളെയും തടയുന്ന, എല്ലാ നന്മകളും ഉറപ്പ് വരുത്തുന്ന നീതിവ്യവസ്ഥയാണ് ശരീഅത്ത്. ഉദാഹരണത്തിന്, ലിംഗനീതി, മാതാപിതാക്കളുടെയും കുട്ടികളുടെയും ദരിദ്രരുടെയും ആവശ്യക്കാരുടെയും അവകാശങ്ങളുടെ സംരക്ഷണം, അക്രമത്തിനെതിരായ പോരാട്ടം, യുദ്ധത്തടവുകാരോട് മാനുഷികമായ പെരുമാറ്റം, ന്യായമായ വ്യാപാര തത്വങ്ങൾ, മതപരമായ സഹിഷ്ണുത, സാമൂഹിക മര്യാദകൾ, നീതിയലധിഷ്ഠിതമായ ക്ഷേമ ഭരണം എന്നിവയെല്ലാം ഉറപ്പ് വരുത്താനുള്ള നിയമങ്ങളും

മാർഗനിർദേശങ്ങളും വ്യവസ്ഥ ചെയ്യുന്ന നിയമമാണിത്.

ഉദാഹരണമായി, മനുഷ്യന്റെ നിത്യജീവിതത്തിന്റെ ഭാഗമാണ് സാമ്പത്തിക ഇടപാടുകളും കച്ചവട സംബന്ധിയായ ക്രയവിക്രയങ്ങളും. ഇവ സത്യസന്ധവും നീതിപൂർവകവും ആകണമെന്ന് ഇസ്‌ലാമിക ശരീഅത്തിന് നിർബന്ധമുണ്ട്. ഇതിന്റെ അടിത്തറയായി വർത്തിച്ചു കൊണ്ട് വ്യാപാര, വാണിജ്യ രംഗത്ത് നീതിയുക്തമായ ഇടപാടുകൾ ഉറപ്പ് വരുത്തുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ ഇവിടെ ഉദ്ധരിക്കാം:

أَوْفُوا لْكَيْلَ وَلَا تَكُونُوا مِنَ لْمُخْسِرِينَ ﴿١٨١﴾ وَزِنُوا بِلْقِسْطَاسِ لْمُسْتَقِيمِ ﴿١٨٢﴾ وَلَا تَبْخَسُوا لنَّاسَ أَشْيَآءَهُمْ وَلَا تَعْثَوْا فِى لْأَرْضِ مُفْسِدِينَ ﴿١٨٣﴾ وَتَّقُوا لَّذِى خَلَقَكُمْ وَلْجِبِلَّةَ لْأَوَّلِينَ ﴿١٨٤﴾

**''അളക്കുമ്പോൾ ശരിക്കും തികച്ചളക്കുക. ആരെയും വെട്ടിക്കാതിരിക്കുക. ശരിയായ ത്രാസുകളിൽ തൂക്കുക. ആളുകൾക്ക് അവരുടെ ചരക്കുകൾ കുറക്കാതിരിക്കുക. ഭൂമിയിൽ നാശം പരത്തുന്നവരായി വിഹരിക്കാതിരിക്കുക. നിങ്ങളെയും നിങ്ങൾക്കുമുമ്പ് കഴിഞ്ഞുപോയ തലമുറകളെയും സൃഷ്ടിച്ചവനെ ഭയപ്പെടുവിൻ" (ഖുർആൻ 26:181-184).**

# ഇസ്‌ലാമിലെ വീക്ഷണ വൈവിധ്യത!

മുഹമ്മദ് നബിയുടെ കാലത്തും അദ്ദേഹത്തിന്റെ മരണശേഷം ആദ്യത്തെ മൂന്ന് നായകൻമാരുടെ (ഖലീഫമാർ) കാലത്തും മുസ്‌ലിംകൾ ഒരൊറ്റ ധാരയായിരുന്നു. ഏക നേതൃത്വത്തിന് കീഴിൽ ഒരേ നിലപാടുകളിൽ യോജിച്ച് മുന്നേറിയവർ. എന്നാൽ, മൂന്നാം ഖലീഫ ഉസ്മാൻ ഇബ്നു അഫ്ഫാന്റെ കാലത്ത് (ക്രി.644-656 ) ഭരണകാര്യങ്ങളിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തു. നാലാമത്തെ നായകൻ (ഖലീഫ) അലിയ്യ്ബ്നു അബീ ത്വാലിബിന്റെ കാലമായപ്പോൾ (ക്രി.656-661) രാഷ്ട്രീയ വിയോജിപ്പുകൾ ആഭ്യന്തര കലാപത്തിലേക്ക് വളർന്നു. തുടർന്നുണ്ടായ സംഘർഷവും യുദ്ധവും ജനങ്ങളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചു: അലിക്കെതിരെ പോരാടുന്നവർ, അലിയും എതിരാളികളും തമ്മിലുള്ള മധ്യസ്ഥ തീരുമാനങ്ങളോട് യോജിക്കുന്നവർ, തുടക്കത്തിൽ അലിയുടെ പക്ഷത്തായിരുന്നെങ്കിലും എതിരാളികളുമായുള്ള അലിയുടെ മധ്യസ്ഥതയോട് വിയോജിച്ചവർ. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരു കാര്യമുണ്ട്: ചരിത്രപരമായി, മുസ്‌ലിം സമൂഹത്തിലെ ഭിന്നതകൾ രാഷ്ട്രീയ സ്വഭാവമുള്ളവയായിരുന്നു. ഈ ചരിത്ര ഘട്ടത്തോടെ രാഷ്ട്രീയ അധികാരത്തെ, മതപരമായ വ്യവഹാരങ്ങളിൽ നിന്ന് വേർപ്പെടുത്തുന്ന പ്രവണത രൂപപ്പെട്ടു തുടങ്ങി. തുടർന്ന്, നിരവധി മുസ്‌ലിം പണ്ഡിതന്മാരുടെ നേതൃത്വത്തിൽ വ്യത്യസ്ത വീക്ഷണ ധാരകൾ ഉയർന്നുവന്നു. അവർ ഇസ്‌ലാമിക നിയമസംഹിതയെ (ശരീഅത്ത്) നിർണയിക്കുന്ന തത്വങ്ങൾക്കും ആശയങ്ങൾക്കും രൂപം നൽകാൻ തുടങ്ങുകയും ചെയ്തു. ജാബിർ ബിൻ സായിദ് (639–709 CE), അബൂ ഹനീഫ (699–767 CE), ജഅ്ഫർ സാദിഖ് (702-765 CE), മാലിക് ബിൻ

അനസ് (711–795 CE), ശാഫിഈ (767–820 CE), അഹ്മദ് ഇബ്നു ഹൻബൽ (780–855 CE) തുടങ്ങി മഹാന്മാരായ നിയമജ്ഞർ രംഗ പ്രവേശം ചെയ്തു. മതപരവും നിയമപരവുമായ പാണ്ഡിത്യത്തി നുള്ള അംഗീകാരമെന്നോണം, 'ഇമാം' എന്ന് വിളിക്കപ്പെടുന്ന ഈ പണ്ഡിതന്മാർ, നിയമങ്ങളും വിധികളും ആവിഷ്കരിക്കുന്നതിനു ള്ള രീതിശാസ്ത്രം വികസിപ്പിച്ചെടുക്കുകയും ഒരു അനുയായിവൃ ന്ദം രൂപപ്പെടുത്തുകയും ചെയ്തു. ഈ മഹാന്മാരായ പണ്ഡിത ന്മാർ മുന്നോട്ടുവെച്ച തത്വങ്ങൾ പത്താം നൂറ്റാണ്ടോടെ, നന്നായി നിർവചിക്കപ്പെട്ട 'നിയമശാസ്ത്ര വിദ്യാലയങ്ങളാ'യി വികസിച്ചു വന്നു. അത് പണ്ഡിതന്മാരെ കൂടുതൽ സ്വീകാര്യരാക്കി. അങ്ങനെ, ജാബിർ ബിൻ സായിദിന്റെ മദ്ഹബ് ഇബാദി എന്നും, അബൂ ഹനീ ഫയുടെ മദ്ഹബ് ഹനഫി എന്നും ജഅ്ഫർ സാദിഖിന്റെ മദ്ഹബ് ശിഈ എന്നും, മാലിക്കിന്റെ മദ്ഹബ് മാലികി എന്നും, ശാഫിഈ യുടെ മദ്ഹബ് ശാഫിഈ എന്നും ഇബ്നു ഹൻബലിന്റെ മദ്ഹബ് ഹൻബലീ എന്നും അറിയപ്പെട്ടു. പക്ഷേ, ഈ ഇമാമുകളൊന്നും ഒരു പ്രത്യേക 'മദ്ഹബ്' സൃഷ്ടിക്കാൻ ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ, അടുത്ത മൂന്ന് നൂറ്റാണ്ടുകളിൽ, മുസ്‌ലിംകൾ പൊതുവെ ഏതെ ങ്കിലുമൊരു പ്രത്യേക മദ്ഹബ് സ്വീകരിക്കുകയും സംശയകരമായ വിഷയങ്ങളിൽ, വിശേഷിച്ചും നിയമപരവും മതപരവുമായ വിധി ന്യായങ്ങളിൽ ആ മദ്ഹബിനോട് പൂർണമായ വിധേയത്വം പുലർ ത്തുകയും ചെയ്തു.

ഈ നിയമശാസ്ത്ര വിദ്യാലയങ്ങളെല്ലാം വിശുദ്ധ ഖുർആനിന്റെ യും പ്രവാചക ചര്യയുടെയും അടിത്തറകളിൽ ഏകീകരിക്കപ്പെട്ടവ യാണ് എന്നത് ശ്രദ്ധേയമാണ്. പതിനാല് നൂറ്റാണ്ടു മുമ്പ് അവതീർ ണമായ വെളിപാട് ഇന്നും യാതൊരു മാറ്റവുമില്ലാതെ തുടരുന്ന ഖുർആനും അതിന്റെ വിശദീകരണമായ മുഹമ്മദ് നബിയുടെ ചര്യയുമാണ് ഈ മദ്ഹബുകളുടെയെല്ലാം അടിസ്ഥാനങ്ങൾ. അഥവാ,ലോകമെമ്പാടുമുള്ള മുസ്‌ലിംകൾ വിശ്വാസത്തിന്റെയും മതത്തിന്റെയും അടിസ്ഥാന തത്വങ്ങളിലൊന്നും ഭിന്നതയുള്ളവ രല്ല. ദൈനംദിന പ്രാർഥന, നിർബന്ധ ദാനം, വ്രതം, തീർഥാടനം തുടങ്ങിയ അടിസ്ഥാന കർമങ്ങളെല്ലാം ഐക്യത്തോടെയാണ് മുസ്‌ലിം ലോകം നിർവഹിക്കുന്നത്.

മതത്തെ ഭിന്നഭാഗങ്ങളായി വിഭജിക്കുന്നത് ഇസ്‌ലാം വിലക്കു

ന്നുണ്ട്. അല്ലാഹു പറയുന്നു:

**"ഒറ്റക്കെട്ടായി അല്ലാഹുവിന്റെ പാശത്തെ[83] മുറുകെ പിടിക്കുവിൻ. ഭിന്നിച്ചുപോകരുത്. അല്ലാഹു നിങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹത്തെ സ്മരിക്കുകയും ചെയ്യുവിൻ" (ഖുർആൻ 3:103).**

ഈ കൽപ്പനയുടെ ആത്മാവ് ഉൾക്കൊണ്ട്, എല്ലാ മുസ്‌ലിം നിയമശാസ്ത്ര ശാഖകളും നൂറ്റാണ്ടുകളായി ഐക്യത്തോടെ ഒരൊറ്റ സമൂഹമായി ജീവിച്ചു. മുസ്‌ലിംകൾക്കിടയിൽ ചരിത്രത്തിൽ നാം കണ്ടതും സമീപകാലത്ത് പൊട്ടിപ്പുറപ്പെട്ടതുമായ നിർഭാഗ്യകരമായ സംഘർഷങ്ങൾക്ക് ഇസ് ലാമുമായി യാതൊരു ബന്ധവുമില്ല. അവയിൽ പലതും രാഷ്ട്രീയ സംഘർഷങ്ങൾ കൂടിയാണ്.



ഡമാസ്കസിലെ പഴയ നഗരത്തിൽ സ്ഥിതി ചെയ്യുന്ന ഉമവി മസ്ജിദ്, വലിയ പള്ളി എന്നും ഇത് അറിയപ്പെടുന്നു. ലോകത്തിലെ ഏറ്റവും വലുതും പഴക്കമേറിയതുമായ പള്ളികളിൽ ഒന്നാണിത്. ഇസ്‌ലാമിലെ നാലാമത്തെ പുണ്യസ്ഥലമായി ചില മുസ്‌ലിംകളിൽ ചിലർ ഇതിനെ പരിഗണിക്കുന്നു.

# മനുഷ്യാവകാശങ്ങൾ ഇസ്‌ലാമിൽ

അല്ലാഹുവിന്റെ സൃഷ്ടിയായ മനുഷ്യന് അന്തസ്സും ആദരവുമുണ്ട്.

**"ആദം സന്തതികളെ നാം ആദരിച്ചിരിക്കുന്നു. നമ്മുടെ സൃഷ്ടികളിൽ വലിയൊരു ഭാഗത്തെക്കാൾ അവർക്ക് പ്രത്യേക അനുഗ്രഹങ്ങൾ നാം നൽകിയിട്ടുണ്ട്" (ഖുർആൻ 17:70).**

ആദരണീയമായ ഈ പദവിയെ ബഹുമാനിക്കുന്നതിലും സംരക്ഷിക്കുന്നതിലും ഇസ്‌ലാം ജാഗ്രത പുലർത്തുന്നു. വിശ്വാസം, വംശം, മതം, ദേശം എന്നിവയുടെയൊന്നും പേരിൽ വിവേചനം കാണിക്കാതെ എല്ലാ മനുഷ്യർക്കും ഇസ്‌ലാം അടിസ്ഥാനപരമായ അവകാശങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഖുർആനിൽ നിർദേശിക്കുന്ന പ്രകാരം, ഇസ്‌ലാമിലെ അടിസ്ഥാന മനുഷ്യാവകാശങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1. ആത്മാവിന്റെ പവിത്രതയും ജീവിക്കാനുള്ള അവകാശവും. പതിനഞ്ചാം അധ്യായത്തിൽ ഉദ്ധരിച്ചിരിക്കുന്ന സൂക്തം 5:32-ന് ശേഷം, അല്ലാഹു പറയുന്നു:

**"ദാരിദ്ര്യം ഭയന്ന് മക്കളെ കൊന്നുകളയാതിരിക്കുക. നാമാകുന്നു നിങ്ങൾക്കും അവർക്കും അന്നം നൽകുന്നത്. നീചവൃത്തികളോട് അടുക്കാതിരിക്കുക. അതു തെളിഞ്ഞതാകട്ടെ, ഒളിഞ്ഞതാകട്ടെ. അല്ലാഹു ആദരണീയമാക്കിയ ഒരു ജീവനെയും അന്യായമായി വധിക്കയുമരുത്. ഈ കാര്യ**

**ങ്ങളാകുന്നു അവൻ നിങ്ങളോട് ഉപദേശിച്ചിട്ടുള്ളത്, നിങ്ങൾ ഗ്രഹിച്ചു പ്രവർത്തിച്ചെങ്കിലോ" (ഖുർആൻ 6:151).**

2. അടിസ്ഥാന ആവശ്യങ്ങൾക്കുള്ള അവകാശം. സഹജീവികൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ കടമയാണ്. ധനികരുടെ സമ്പത്തിലും സ്വത്തുക്കളിലും ദരിദ്രന് അവകാശമുണ്ട് അല്ലാഹു പറയുന്നു:

**"അവരുടെ സമ്പത്തിൽ ചോദിച്ച് വരുന്നവന്നും ആശ്രയമറ്റവന്നും അവകാശമുണ്ട്" (ഖുർആൻ 51:19).**

ദരിദ്രരെ സഹായിക്കുകയും അഗതികളെ പരിഗണിക്കുകയും ചെയ്യുന്നത് ഔദാര്യമല്ല, അവരുടെ അവകാശമാണ്.

3. സ്വാതന്ത്ര്യത്തിനുള്ള അവകാശം. അല്ലാഹു പ്രഖ്യാപിക്കുന്നു:

**"പക്ഷേ, അവൻ ദുർഘടമായ മാർഗം താണ്ടാൻ തയ്യാറായില്ല. ദുർഘടമായ മാർഗമെന്തെന്ന് നിനക്കെന്തറിയാമോ? ഒരു പിരടി (മനുഷ്യനെ) അടിമത്തത്തിൽനിന്ന് മോചിപ്പിക്കുക, അല്ലെങ്കിൽ പട്ടിണിനാളിൽ ബന്ധുവായ അനാഥക്കോ വശംകെട്ട അഗതിക്കോ അന്നം കൊടുക്കുക" (ഖുർആൻ 90:11-13).**

അടിമത്തത്തിന് നിരവധി മുഖങ്ങളുണ്ട്. ശാരീരികവും സാമ്പത്തികവുമായ അടിമത്തമാണ് ഒന്നാമത്തേത്. നിർബന്ധിത തൊഴിൽ, ലൈംഗിക ചൂഷണം, മറ്റു തരത്തിലുള്ള ചൂഷണം എന്നിവ വഴിയുള്ള അടിമത്ത്വവും ഇതിൽ ഉൾപ്പെടുന്നു. മുഹമ്മദ് നബി (സ) പറഞ്ഞു: മൂന്ന് തരം ആളുകളുണ്ട്. അവർക്കെതിരെ ഞാൻ തന്നെ വിധി ദിനത്തിൽ വാദിക്കും. ഇവരിൽ ഒരാൾ; സ്വതന്ത്രനെ അടിമയാക്കുന്നവനാണ്".

ഇത്തരം ശാസനകൾ വഴി ഇസ്‌ലാം ഏഴാം നൂറ്റാണ്ടിൽ തന്നെ അടിമത്തം നിർത്തലാക്കിയിട്ടുണ്ട്. അതേസമയം പടിഞ്ഞാറൻ രാജ്യങ്ങളിൽ അടിമത്തം 19-ാം നൂറ്റാണ്ട് വരെ നിലനിന്നു. പിന്നീടാണ് നിയമം മൂലം നിർത്തലാക്കപ്പെട്ടത്.[38]

4. മനുഷ്യർക്കിടയിലെ തുല്യത. ഇസ്‌ലാം എല്ലാവരെയും തുല്യ

രായി കാണുന്നു. ദൈവത്തിനു മുന്നിൽ മികവിന്റെ ഏക മാനദണ്ഡം സ്വഭാവശുദ്ധിയും ഉയർന്ന ധാർമികതയുമാണ്. അല്ലാഹു പറയുന്നു:

**"മനുഷ്യരേ, നിങ്ങൾ പരസ്പരം അറിയേണ്ടതിന്; നാം നിങ്ങളെ ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽ നിന്നും സൃഷ്ടിച്ചു, നിങ്ങളെ ഒരു ജനതയും ഗോത്രവുമാക്കി. തീർച്ചയായും, ദൈവത്തിന്റെ ദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ നിങ്ങളിൽ ഏറ്റവും ധാർമികതയുള്ളവനാണ്. നോക്കൂ, അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാണ്" (ഖുർആൻ 49:13).**



ചൈനയിലെ സിയാനിലെ വലിയ പള്ളി. ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചൈനയിൽ ഇസ്‌ലാം അവതരിപ്പിക്കപ്പെട്ടു. ഇന്ന് ചൈനയിൽ 20 ദശലക്ഷത്തിലധികം മുസ്‌ലിംകളുണ്ട്.

5. അവകാശ സമത്വം. ഒരാളുടെ പദവി പരിഗണിക്കാതെ, എല്ലാ സാമൂഹിക, സാമ്പത്തിക, നിയമ കാര്യങ്ങളിലും സമത്വത്തിനും നീതിക്കും എല്ലാ മനുഷ്യർക്കും അവകാശമുണ്ട്.

**"അല്ലയോ സത്യവിശ്വാസികളേ, നീതിയുടെ ധ്വജവാഹകരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരും**

**ആയിരിക്കുവിൻ -നിങ്ങളുടെ നീതിനിഷ്ഠയുടെയും സത്യസാക്ഷ്യത്തിന്റെയും ഫലം നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനാവട്ടെ ദരിദ്രനാവട്ടെ, അല്ലാഹുവാകുന്നു നിങ്ങളിലേറെ അവരുടെ ഗുണകാംക്ഷിയായിട്ടുള്ളവൻ. അതിനാൽ, സ്വേച്ഛകളെ പിൻപറ്റി നീതിയിൽനിന്ന് അകന്നുപോകാതിരിക്കുവിൻ. വളച്ചൊടിച്ചു സംസാരിക്കുകയോ സത്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുകയാണെങ്കിൽ, അറിഞ്ഞുകൊള്ളുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹുവിനു വിവരമുണ്ട്" (ഖുർആൻ 4:135).**

6. അന്തസ്സ്, സ്വകാര്യത എന്നിവയുടെ സംരക്ഷണം.

**"അല്ലയോ വിശ്വസിച്ചവരേ, പുരുഷന്മാർ മറ്റു പുരുഷന്മാരെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരെക്കാൾ ശ്രേഷ്ഠരായെന്നുവരാം. സ്ത്രീകൾ മറ്റു സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളെക്കാൾ ശ്രേഷ്ഠകളായെന്നു വരാം. പരസ്പരം അവഹേളിക്കരുത്. ദുഷ്പേരുകൾ വിളിക്കയുമരുത്. വിശ്വാസം കൈക്കൊണ്ടശേഷം ദുഷ്പേരുകൾ വിളിക്കുകയെന്നത് അത്യന്തം മോശപ്പെട്ട കാര്യമത്രെ. ഈ ദുശ്ശീലത്തിൽനിന്നു പിന്തിരിയാത്തവർ ധിക്കാരികൾതന്നെയാകുന്നു" (ഖുർആൻ 49:11).**

ഇതിന്റെ തുടർച്ചയിലുള്ള വചനം കൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

**"അല്ലയോ വിശ്വസിച്ചവരേ, അധികം ഊഹിക്കുന്നതു വർജിക്കുക. എന്തുകൊണ്ടെന്നാൽ, ചില ഊഹങ്ങൾ കുറ്റമാകുന്നു. ചുഴിഞ്ഞന്വേഷിക്കരുത്. ആരും ആരെക്കുറിച്ചും പരദൂഷണം പറയരുത്. നിങ്ങളാരെങ്കിലും മരിച്ച സഹോദരന്റെ മാംസം തിന്നാനിഷ്ടപ്പെടുമോ? നിങ്ങളതു വെറുക്കുകയാണല്ലോ. അല്ലാഹുവിനോട് ഭക്തി പുലർത്തുവിൻ. അല്ലാഹു വളരെ പശ്ചാത്താപം കൈക്കൊള്ളുന്നവനും ദയാപരനുമാകുന്നു"(ഖുർആൻ 49:12).**

7. അഭിപ്രായ സ്വാതന്ത്ര്യം. ശരിയും നീതിയും സംസാരിക്കാനുള്ള സ്വാതന്ത്ര്യം ഓരോ മനുഷ്യന്റെയും മൗലിക അവകാശമാണ്.

**"വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പര സംരക്ഷകരാണ്, അവർ നീതി കൽപ്പിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യുന്നു..." (ഖുർആൻ - 9:71).**

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

**"അനീതി നടന്നിടത്തൊഴികെ, പരസ്യമായി തിന്മ പ്രചരിപ്പിക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല; അല്ലാഹു എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവനാണ്" (ഖുർആൻ 4:148).**

8. വിശ്വാസ സ്വാതന്ത്ര്യം. സ്വന്തം വിശ്വാസം ആചരിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന്റെ മൗലികാവകാശങ്ങളിൽ പ്രധാനമാണ്. ഇസ്‌ലാമിക സത്യത്തിലേക്ക് മനുഷ്യരാശിയെ ക്ഷണിക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. എന്നാൽ, ആരെയും ഒരു വിശ്വാസത്തിലേക്കും നിർബന്ധിക്കാൻ ആർക്കും അവകാശമില്ല. കാരണം, വിശ്വാസം ഒരാളുടെ ആത്മാവിഷ്കാരമാണ്. ബോധപൂർവകമായ തെരഞ്ഞെടുപ്പും അംഗീകാരവുമാണ്. അല്ലാഹു പറയുന്നു:

**"മതത്തിൽ ഒരു നിർബന്ധവും ഉണ്ടാകരുത്; നേർമാർഗം ദുർമാർഗത്തിൽ നിന്ന് വേർതിരിഞ്ഞിരിക്കുന്നു" (ഖുർആൻ 2:256).**

വിശ്വാസ സ്വാതന്ത്ര്യം സംബന്ധിച്ച ഇസ്‌ലാമിന്റെ ഈ നിയമം ഖുർആനിൽ മറ്റു നിരവധി വാക്യങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്.[39]

ഖുർആനിലും പ്രവാചക പാരമ്പര്യത്തിലും അനുശാസിക്കുന്ന മറ്റനവധി ഇസ്‌ലാമിക മൂല്യങ്ങളുണ്ട്. മനുഷ്യാവകാശങ്ങളുടെയും ജനാധിപത്യത്തിന്റെയും അവശ്യ ഘടകങ്ങളാണ് അവ പഠിപ്പിക്കുന്നത്.

# സാംസ്കാരിക വൈവിധ്യത

മനുഷ്യജീവിതത്തിന്റെ ഭാഗമായ ആചാരങ്ങൾ, വംശം, ഭാഷകൾ, വസ്ത്രധാരണം, ഭക്ഷണം, കലകൾ, നാടോടിക്കഥകൾ, മറ്റു സാംസ്കാരിക ആവിഷ്കാരങ്ങൾ തുടങ്ങിയവയിലെ വൈവിധ്യത്തെ ഇസ്‌ലാം അംഗീകരിക്കുന്നു. നിയമാനുസൃതം അനുവദിക്കപ്പെടുന്ന ഈ വൈവിധ്യത, അല്ലാഹുവിന്റെ ഔദാര്യത്തിന്റെ അടയാളം കൂടിയാണ്. അതേ സമയം ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്കും സാംസ്കാരിക മൂല്യങ്ങൾക്കും വിരുദ്ധമായ വശങ്ങളെ നിരാകരിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

**"ആകാശ-ഭൂമികളുടെ നിർമാണവും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വൈവിധ്യങ്ങളും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. തീർച്ചയായും, ജ്ഞാനമുള്ളവർക്ക് ഇതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട് (ഖുർആൻ 30:22).**

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

**"മനുഷ്യരേ, നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ പരസ്പരം തിരിച്ചറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. തീർച്ചയായും, അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ആദരണീയർ അവനെ ഏറ്റവും സൂക്ഷ്മമായി അറിയുന്നവരാണ്. അല്ലാഹു എല്ലാം അറിയു**

**ന്നവനും സൂക്ഷ്മജ്ഞനുമാണ്" (ഖുർആൻ 49:13).**

ആഗോളവൽകൃതമായ ആധുനിക ലോകത്ത്, വ്യത്യസ്ത വംശീയ, സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള മുസ്‌ലിംകളിൽ ദൃശ്യമായ വ്യത്യാസങ്ങൾ പലരും ശ്രദ്ധിക്കാറുണ്ട്. മുസ്‌ലിം ലോകത്ത് നിലനിൽക്കുന്ന സാംസ്കാരിക വൈവിധ്യതയെ മനസ്സിലാക്കുന്നതിന്, സംസ്കാരവും മതവും തമ്മിലുള്ള പരസ്പര ബന്ധവും വ്യത്യാസവും വേർതിരിച്ചറിയേണ്ടത് നിർബന്ധമാണ്.

ലോകമെമ്പാടുമുള്ള സംസ്കാരങ്ങളിൽ സ്വയം പ്രകടമാകുന്ന നിരവധി വ്യത്യാസങ്ങളുണ്ട്. ഇസ്‌ലാമിനും ഇത് ബാധകമാണ്. ആരെയും ഇത് ആശ്ചര്യപ്പെടുത്തേണ്ടതില്ല. കാരണം, ഒരു സാർവത്രിക മതമായതിനാൽ ഇസ്‌ലാം ലോകത്തിന്റെ എല്ലാ കോണുകളിലും വ്യാപിച്ചിട്ടുണ്ട്. ഈ വ്യാപനത്തിൽ വൈവിധ്യമാർന്ന സംസ്കാരങ്ങളെയും ഇസ്‌ലാം ഉൾക്കൊള്ളുന്നു. ആദർശ വിരുദ്ധമല്ലാത്തിടത്തോളം അവയെ എല്ലാം ഇസ്‌ലാമിക ചട്ടക്കൂടിനുള്ളിൽ തന്നെ പരിഗണിക്കുകയും ചെയ്യുന്നു. അതായത്, ദേശാതിർത്തികൾക്ക് അതീതമായി, ഇസ്‌ലാമിക വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും അടിസ്ഥാനകാര്യങ്ങൾ വിശ്വാസികളായ മുഴുവൻ മുസ്‌ലിംകൾക്കും ഒന്നു തന്നെയായിരിക്കും. ഉദാഹരണത്തിന്, എല്ലാ മുസ്‌ലിംകളും ഏകദൈവത്തിൽ വിശ്വസിക്കുന്നു, എല്ലാവരും മാലാഖമാരിൽ വിശ്വസിക്കുന്നു.

അവരെല്ലാം ഒരേ ഖുർആൻ വായിക്കുകയും ധ്യാനം അനുഷ്ഠിക്കുകയും ചെയ്യുന്നു. എല്ലാവരും മുഹമ്മദ് നബിയെ (സ) വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുന്നു. മരണാനന്തര ജീവിതത്തിലും ന്യായവിധി ദിനത്തിലെ വ്യക്തിപരമായ ഉത്തരവാദിത്വവും എല്ലാവരും അംഗീകരിക്കുന്നു. അവരെല്ലാം ദൈവിക നിശ്ചയത്തിലും വിധിയിലും വിശ്വസിക്കുന്നു. ഇസ്‌ലാമിന്റെ അഞ്ച് സ്തംഭങ്ങളുടെ അടിസ്ഥാന രൂപങ്ങൾ ലോകമെമ്പാടുമുള്ള മുസ്‌ലിംകൾക്ക് ഒരുപോലെയാണ്. നിങ്ങൾ ഒമാനിലോ ഇന്തോനേഷ്യയിലോ സെനഗലിലോ ചൈനയിലോ ആകട്ടെ, നിങ്ങൾക്ക് ഒരേ ബാങ്ക് വിളി (പ്രാർഥനക്കുള്ള ആഹ്വാനം) കേൾക്കാം. ലോകമെമ്പാടുമുള്ള

മുസ്‌ലിംകൾ റമദാൻ മാസത്തിൽ ഒരുമിച്ച് ഉപവസിക്കുകയും വാർഷിക തീർഥാടനമായ ഹജ്ജിൽ മക്കയിൽ ഒത്തുചേരുകയും ചെയ്യുന്നു. അതിനാൽ, സാംസ്കാരിക വൈവിധ്യതയെ പരിപാലിച്ചുകൊണ്ടുതന്നെ,അടിസ്ഥാന വിശ്വാസത്തിലും ആചാരങ്ങളിലും ശക്തമായ ഐക്യബോധം ഇസ്‌ലാമിൽ നിലനിൽക്കുന്നുണ്ട്.

തീർച്ചയായും, സംസ്കാരമില്ലാതെ മതം ഒരിക്കലും ശൂന്യതയിൽ നിലനിൽക്കില്ല. അത് എല്ലായ്പ്പോഴും ആവിഷ്കാരത്തിന് ഒരു സാംസ്കാരിക പ്രതലം കണ്ടെത്തുന്നു. അതേസമയം, ഭൂരിഭാഗം ആളുകളും വെച്ചുപുലർത്തുന്ന ധാർമിക മൂല്യങ്ങളും മതപരമായ അധ്യാപനങ്ങളും പരിഗണിക്കാതെ ഒരിക്കലും സംസ്കാരങ്ങൾ രൂപപ്പെടുകയോ, പരിണമിക്കുകയോ ചെയ്യുകയില്ല. "അതിനാൽ, മതപരമായി നിഷ്പക്ഷമായ സംസ്കാരങ്ങളോ, സംസ്കാര രഹിതമായ മതങ്ങളോ ഇല്ല."[40]. ഏതൊരു കാലത്തും ദേശത്തും മുസ്‌ലിംകളും അല്ലാത്തവരും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന്, ഇസ്‌ലാമിന്റെ കാലാതീതവും സാർവത്രികവുമായ അധ്യാപനങ്ങളെയും തത്വങ്ങളെയും, അവയുടെ പ്രായോഗിക ആഖ്യാനത്തിന്റെ സാംസ്കാരിക പാളികളിൽ നിന്ന് വേർതിരിച്ചറിയുക എന്നതാണ്. ഖുർആനിലോ സുന്നത്തിലോ വിവരിക്കാത്ത സാഹചര്യങ്ങൾ മുസ്‌ലിംകൾ അനിവാര്യമായും നേരിടേണ്ടിവരുമെന്ന് പ്രവാചകൻ മുഹമ്മദ് നബി (സ) തന്നെയും തിരിച്ചറിഞ്ഞിരുന്നു, പ്രതീക്ഷിച്ചിരുന്നു. ഉൾക്കാഴ്ചയുള്ളവരും സംവേദനക്ഷമതയുള്ളവരുമായ നിയമ പണ്ഡിതരുടെ വിമർശനാത്മക വിശകലനവും ബുദ്ധിയും ആവശ്യമുള്ള, സാംസ്കാരികവും നിയമപരവുമായ പുതിയ സാഹചര്യങ്ങൾ എപ്പോഴും ഉണ്ടായേക്കും. തീർച്ചയായും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും കാലഘട്ടങ്ങളിലും പ്രവാചകന്റെ കാലത്ത് അനുഭവപ്പെട്ടതിനെക്കാൾ വലിയ പ്രശ്നങ്ങൾ പുതുതായി ഉണ്ടാകും. അതിനാൽ, വികസിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക സൂക്ഷ്മതകളെ വ്യാഖ്യാനിക്കുകയും അവയോട് പ്രതികരിക്കുകയും ചെയ്യാൻ മുസ്‌ലിംകൾക്ക് എപ്പോഴും ബാധ്യതയുണ്ട്.

പ്രത്യേകിച്ച്, പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നുള്ള നിരീക്ഷകർ, മുസ്‌ലിം സമൂഹങ്ങളെ വിലയിരുത്തുകയും അവരുടെ യുക്തി മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ രണ്ടിലൊരു സമീപനമാണ് സ്വീകരിക്കുന്നത്. ആദ്യത്തെത്, മുസ്‌ലിംകളെ ഏകവും മാറ്റമില്ലാത്തതുമായ അസ്തിത്വമായിട്ടാണ് അവർ കാണുന്നത്. ഭൂമിശാസ്ത്ര, കാല വൈവിധ്യതകൾ പരിഗണിക്കാതെ, എന്നും എവിടെയും അവർ ഒന്നുതന്നെയാണ്.[41] ഈ സമീപനം ആധുനിക മുസ്‌ലിം ലോകത്തെ ദൃശ്യമായ സാംസ്കാരിക വൈവിധ്യത്തെ അവഗണിക്കുന്നു. ആദ്യത്തേതിൽ നിന്ന് വലിയ അളവിൽ വ്യത്യസ്തമാണ് രണ്ടാമത്തെ വീക്ഷണം. ഇസ്‌ലാം അതിന്റെ പ്രമാണങ്ങളിൽ നിന്ന് വേർപ്പെട്ടതും അനുയായികൾ വഴി തിരിച്ചറിയപ്പെടുന്നതുമാണ്. അഥവാ, പ്രമാണങ്ങളല്ല, സമുദായമാണ് ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നത്. മുസ്‌ലിംകൾ വൈവിധ്യമാർന്ന ജനതയായതിനാൽ, തുർക്കിഷ് ഇസ്‌ലാം, ലബനീസ് ഇസ്‌ലാം, ഒമാനി ഇസ്‌ലാം, ഇന്തോനേഷ്യൻ ഇസ്‌ലാം തുടങ്ങി വ്യത്യസ്ത 'ഇസ്‌ലാമുകൾ' ലോകത്തുണ്ട്. ഈ വീക്ഷണമനുസരിച്ച്, ഇസ്‌ലാം എന്ന ഏകീകൃത ലോകമില്ല, മറിച്ച് നിരവധി 'ഇസ്‌ലാമുകളുടെ' ലോകമാണുള്ളത്. സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതും നിലനിർത്തുന്നതുമായ അത്രയും തന്നെ 'ഇസ്‌ലാമുകൾ'ഉണ്ട്.[42] ഇവിടെ, സാംസ്കാരിക വൈവിധ്യങ്ങളുടെ അതിർരേഖ വരച്ച് ഇസ്‌ലാമിനെ ദേശീയ സ്വത്വങ്ങളായി വിഭജിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, സ്ഥല - കാല വ്യത്യാസങ്ങളിലെ ഇസ്‌ലാമിന്റെ അനുപമമായ ആവിഷ്കാരങ്ങളെക്കുറിച്ച് സംസാരിക്കുക എന്നതാണ് കൂടുതൽ ശരിയായ സമീപനം. ഖുർആനും ഹദീസും എന്ന പ്രമാണ സ്രോതസ്സുകളിലൂടെ ഇസ്‌ലാം സംരക്ഷിക്കപ്പെടുന്നു. ഹദീസുകളിൽ നിന്നാണ് പ്രവാചകന്റെ പ്രായോഗിക ജീവിത മാതൃക (സുന്നത്ത്) സ്വാംശീകരിക്കപ്പെടുന്നത്. പ്രമാണപാഠങ്ങളിൽ ഇസ്‌ലാം മാറുന്നില്ല. പക്ഷേ, മുസ്‌ലിംകൾ ഒരു ശൂന്യതാ ബോധത്തിൽ നിലനിൽക്കുന്നുമില്ല. അവർ ഒരു നിശ്ചിത സമയത്തും സവിശേഷമായ ഇടങ്ങളിലുമാണ് ജീവിക്കുന്നത്. തങ്ങൾ ജീവിക്കുന്ന ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളെയും സമകാലികമായ

വെല്ലുവിളികളെയും ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള പ്രചോദനങ്ങളിലൂടെ അഭിമുഖീകരിക്കുകയാണ് മുസ്‌ലിം സമൂഹം ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളിൽ, ഇസ്‌ലാമിന്റെ അതുല്യമായ അനുഭവങ്ങൾ, നവ ചിന്തകളും ഉൾക്കാഴ്ചയുള്ള വ്യാഖ്യാനങ്ങളും നമുക്ക് പ്രദാനം ചെയ്യുന്നു. ഇസ്‌ലാമിന്റെ മാറ്റമില്ലാത്ത പാഠങ്ങളും (text), പശ്ചാത്തലങ്ങളുമാണ് (Context) ഇതിന് അടിത്തറയായി വർത്തിക്കുന്നത് [43].

ഇസ്‌ലാമിന്റെ അധ്യാപനങ്ങളെക്കുറിച്ച ഒരു മുസ്‌ലിമിന്റെ അറിവ്, ആ പാഠങ്ങളെക്കുറിച്ച അവന്റെ ബോധ്യങ്ങൾ, അതിന്റെ ആശയങ്ങളെ ഉൾക്കൊള്ളൽ, ആ പാഠങ്ങളുടെ പ്രയോഗവൽക്കരണം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. വ്യക്തിഗത തലത്തിൽ ഒരു മുസ്‌ലിമിന്റെ ഇസ്‌ലാം അനുഭവം[44]. അതുപോലെ, ഓരോ മുസ്‌ലിം സമൂഹവും ഇസ്‌ലാമിനെ അനുഭവിക്കുന്നത് അതിന്റെ കാലത്തും ഭൂമിശാസ്ത്രത്തിലും നിലനിൽക്കുന്ന ഘടകങ്ങളെ ആശ്രയിച്ചാണ്. അതിനാൽ, മുസ്‌ലിംകൾ ഏകശിലാ അസ്തിത്വമല്ല, ഒന്നിലധികം 'ഇസ്‌ലാമുകൾ' ഇല്ല താനും. മറിച്ച്, വ്യത്യസ്ത വ്യക്തികൾക്കും മുസ്‌ലിം സമൂഹങ്ങൾക്കും ഇസ്‌ലാമിന്റെ അതുല്യമായ അനുഭവങ്ങൾ ലഭിക്കുകയാണ് ചെയ്യുന്നത്.ഈ അനുഭവങ്ങളെല്ലാം അനിവാര്യമാണ്, മുസ്‌ലിം ലോകത്ത് നാം കാണുന്ന സാംസ്‌കാരിക വൈവിധ്യത്തെയാണ് അവ വിശദീകരിക്കുന്നത്. വാസ്തവത്തിൽ, ഇസ്‌ലാമിന്റെ പ്രധാന തത്വങ്ങളും അധ്യാപനങ്ങളും നിലനിർത്തിക്കൊണ്ടു തന്നെ വ്യത്യസ്ത സംസ്‌കാരങ്ങളുമായി പൊരുത്തപ്പെടാനുള്ള അതിന്റെ ശേഷിയെയാണ് ഈ വൈവിധ്യത തെളിയിക്കുന്നത്. മുസ്‌ലിംകളാകട്ടെ ദൈവത്തിന്റെ ദീർഘദൃഷ്ടിയും കാരുണ്യവുമായാണ് ഈ സന്തുലിതത്വത്തെ കാണുന്നത്. ഇസ്‌ലാം ഏറെ സാംസ്‌കാരിക സൗഹൃദമാണ്. സംസ്‌കാരങ്ങളുടെ വളർച്ചയെ അത് ഏറെ വില മതിക്കുകയും ചെയ്യുന്നു.ഖേദകരമെന്നു പറയട്ടെ, മുസ്‌ലിംകളിൽ ചിലർ സാംസ്‌കാരിക മാനദണ്ഡങ്ങളെ അവരുടെ ഇസ്‌ലാമിക വേരുകളുമായി ബന്ധിപ്പിക്കാൻ മറക്കുകയോ, അതിൽ പരാജയപ്പെടുകയോ ചെയ്യുകയാണ്. അജ്ഞതയോ, ചരിത്രപരമായ അവബോധത്തിന്റെ

അഭാവമോ കാരണമാകാം ഇത്. ഇങ്ങനെ സംഭവിക്കുമ്പോൾ, ഇസ്‌ലാമിന്റെ ആത്മാവിനും അധ്യാപനങ്ങൾക്കും വിരുദ്ധമായ സാംസ്കാരിക ശീലങ്ങൾ വികസിച്ചേക്കാം. വികലമോ, വിനാശകരമോ ആയ ഒരു സമ്പ്രദായം യഥാർഥത്തിൽ ഇസ്‌ലാമികമാണെന്ന ധാരണ ഇതുവഴി രൂപപ്പെടാം.[44] ഇസ്‌ലാമിനോട് തെറ്റായ രീതിയിൽ ബന്ധപ്പെടുത്തിയതോ, അതിന്റെ അധ്യാപനങ്ങളുമായി ചേരാത്തതോ ആയ നിരവധി മോശം സാംസ്കാരിക ആചാരങ്ങൾ ചില മുസ്‌ലിം സമൂഹങ്ങളിൽ കാണപ്പെടുന്നുണ്ട്. നിർബന്ധിത വിവാഹങ്ങൾ, ശൈശവ വിവാഹങ്ങൾ, ദുരഭിമാന കൊലകൾ, ആൺകുഞ്ഞിന് മുൻഗണന നൽകൽ, സ്ത്രീ ജനനേന്ദ്രിയം ഛേദിക്കൽ എന്നിവ ഇതിൽപ്പെടുന്നു. ഈ ആചാരങ്ങളെല്ലാം ഇസ്‌ലാമിക വിരുദ്ധമാണ്. അവ ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ വർധിപ്പിക്കാനും നിഷേധാത്മകമായ പതിവ് പല്ലവികൾ ശക്തിപ്പെടാനുമാണ് സഹായകമാകുന്നത്.



യുവ മുസ്‌ലിം വിദ്യാർഥികൾ പള്ളിയിലെ പഠനകേന്ദ്രത്തിൽ ഖുർആൻ പാരായണം ചെയ്യുന്നു. തായ്‌ലാൻഡിലെ നെഖോൺ-ശ്രീ-തമ്മറത്ത്

# മതം പ്രധാനമാകുന്നത്

മതം പ്രധാനമാകുന്നതിന് ആറ് കാരണങ്ങളുണ്ട്:

1. നമ്മുടെ ഹൃദയാന്തരാളത്തിൽ നാം വിശ്വസിക്കുന്ന ആദർശത്തിലൂടെയാണ് നമ്മുടെ മൂല്യങ്ങൾ, പെരുമാറ്റം, പ്രവൃത്തികൾ എന്നിവ നിർണയിക്കപ്പെടുന്നത്. ഈ ആദർശം നമുക്ക് പാരമ്പര്യമായി ലഭിക്കുന്ന നമ്മുടെ സംസ്കാരത്തിൽ നിന്നാണ് രൂപപ്പെടുന്നത്. സാംസ്കാരിക അടയാളങ്ങളെ വിശ്വാസദർശനം വളരെയധികം സ്വാധീനിക്കുന്നു; ആ വിശ്വാസം എന്തുതന്നെയായിരുന്നാലും. ഒരു സാംസ്കാരിക ദർശനം ഇല്ലെങ്കിൽ, നമ്മുടെ ജീവിതത്തിന്റെ ദിശാബോധം സംബന്ധിച്ച് നമുക്ക് ആശയക്കുഴപ്പങ്ങളുണ്ടാകും. ഇത് ശരിയായ ദിശാബോധം നഷ്ടപ്പെടാനും, സമൂഹം മനസ്സിലാക്കുന്ന മൂല്യങ്ങളുടെയും മാനദണ്ഡങ്ങളുടെയും തകർച്ചക്കും കാരണമാകും. അങ്ങനെ വ്യക്തിപരവും സാമൂഹികവുമായ അസ്വസ്ഥതകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. അതിനാൽ, ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ മതം പ്രധാനമാണ്. കാരണം, അത് നമ്മുടെ സാംസ്കാരിക ദർശനത്തെയും ലോകവീക്ഷണത്തെയും നിർണയിക്കുന്ന വിശ്വാസത്തെ രൂപപ്പെടുത്തുന്നു. ഇത് നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ സമഗ്രതയെ ഉറപ്പു വരുത്തുന്നു.
2. ദൈവത്തെക്കുറിച്ചുള്ള അറിവിന്റെ ഏക ഉറവിടം മതമാണ്. സാക്ഷാൽ ദൈവം ആരാണ്, അവന്റെ ഗുണങ്ങൾ എന്തൊക്കെയാണ്, അവന്റെ സ്വഭാവം എന്താണ്? ഇത്തരം ചോദ്യങ്ങൾക്ക് മതത്തിൽ നിന്നാണ് ഉത്തരം ലഭിക്കുക. അതിനാൽ, മതം പ്രധാനമാണ്. കാരണം, മതത്തെ നിഷേ

ധിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമാണ്.

3. മനുഷ്യന്റെ ധാരണയ്ക്ക് അതീതവും എന്നാൽ യഥാർഥ വുമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവിന്റെ ഏക ഉറവിടം മതമാണ്. മനുഷ്യാത്മാവിന്റെ ശാശ്വത സ്വഭാവം, മരണാന ന്തര ജീവിതം, മാലാഖമാർ തുടങ്ങിയവയെക്കുറിച്ച് മതമാണ് സംസാരിക്കുന്നത്. അതിനാൽ, നമ്മുടെ ശാരീരിക ധാരണ യ്ക്ക് അതീതമായ ഈ യാഥാർഥ്യങ്ങളെക്കുറിച്ച് മതമില്ലാ ത്ത ഒരാൾ പൂർണമായും അജ്ഞനായിരിക്കും.
4. ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് നമ്മോട് പറയുന്നത് മതമാണ്. ഞാൻ എന്തിനാണ് ഈ ഭൂമിയിൽ വന്നത്? അവസാനം ഞാൻ എവിടേക്കാണ് പോകുന്നത്? ഈ ജീവി തത്തിലെ എന്റെ തിരഞ്ഞെടുപ്പുകളുടെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്? ജീവിതത്തിന്റെ ഈ ലക്ഷ്യബോധം ഇല്ലാത്തതിനാൽ പല മനുഷ്യരും നിരാശയിൽ അകപ്പെട്ടിരി ക്കുകയാണിന്ന്.
5. മതം മനുഷ്യന്റെ ജീവിതരീതിയെ നിർവചിക്കുന്നു. മനുഷ്യന്റെ അന്തസ്സും സുരക്ഷയും ഉറപ്പ് വരുത്തുകയും സൗഹാർദപൂർ ണവും സന്തോഷകരവുമായ ജീവിതത്തിനുള്ള സാഹചര്യ ങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു ജീവിതക്രമം മതം നമുക്ക് നൽകുന്നു. നമുക്ക് ജീവിക്കാ നാവശ്യമായ ധാർമിക മൂല്യങ്ങളും തുല്യമായ നീതിന്യായ വ്യവസ്ഥയും മതം നമുക്ക് നൽകുന്നു. മതത്തെ അവഗ ണിക്കുന്നത് മനുഷ്യനെ തിന്മകളുടെ ലോകത്തേക്ക് നയി ക്കുന്നു; ചൂഷണം, അനീതി, അടിച്ചമർത്തൽ, അത്യാഗ്ര ഹം, വിവേചനം, അഴിമതി... ആ പട്ടിക നീളുന്നു. നമ്മുടെ സാമൂഹിക നന്മയ്ക്ക് മതം ആവശ്യമാണ്.
6. അവസാനമായി, പക്ഷേ ഏറ്റവും മുഖ്യമായി, മതം പ്രധാനമാ ണ്. കാരണം, നമ്മുടെ അടുത്ത ജീവിതത്തിനായി എങ്ങനെ തയ്യാറെടുക്കാമെന്ന് അത് പഠിപ്പിക്കുന്നു. ഒമ്പതാം ലേഖ നത്തിൽ പറഞ്ഞതുപോലെ, മരണാനന്തര ജീവിതം ഒരു യാഥാർഥ്യമാണ്. ഈ ജീവിതത്തിൽ നാം എടുക്കുന്ന തിര ഞ്ഞെടുപ്പുകളെ ആശ്രയിച്ചിരിക്കുന്നു വരാനുള്ള ജീവിതം. നമ്മുടെ സ്രഷ്ടാവ് നമ്മിൽ നിന്ന് എന്താണ് പ്രതീക്ഷിക്കു

ന്നത്? നമ്മുടെ ജീവിതം എങ്ങനെ നയിക്കണം? നമ്മുടെ പ്രവൃത്തികളുടെ പരലോകത്തെ അനന്തരഫലങ്ങൾ എന്തൊക്കെയായിരിക്കും? ഇതിനെല്ലാമുള്ള ഉത്തരം മതം കൃത്യമായി നമ്മോട് പറയുന്നുണ്ട്.

നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യത്തെയും നിലനിൽപ്പിനെയും കുറിച്ചുള്ള വിശാലമായ കാഴ്ചപ്പാട് സംബന്ധിച്ച അജ്ഞതയാണ് മതമില്ലാത്ത ജീവിതത്തിന്റെ മുഖമുദ്ര. അതുപോലെ, വരാനിരിക്കുന്ന ലോകത്തെക്കുറിച്ച ബോധ്യമില്ലാത്ത ജീവിതവുമായിരിക്കും അത്. മതത്തെ തള്ളിക്കളയുന്നത് ബുദ്ധിപരമല്ല എന്നാണ് ഈ വേദസാരം നമ്മെ പഠിപ്പിക്കുന്നത്;

**"സ്വന്തം നാഥനെ ധിക്കരിച്ചവരുണ്ടല്ലോ, അവർക്കുള്ളത് നരകശിക്ഷയത്രെ. എത്ര ദുഷിച്ച സങ്കേതം! അവർ അതിൽ എറിയപ്പെടുമ്പോൾ അതിന്റെ ഭയാനകമായ ഇരമ്പം കേൾക്കുന്നുണ്ടാകും. അത് തിളച്ചുമറിയുകയായിരിക്കും. ക്ഷോഭത്താൽ പൊട്ടിത്തെറിക്കാറാകും. ഓരോ സംഘം തള്ളപ്പെടുമ്പോഴും അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും: 'നിങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ ആരും വന്നിരുന്നില്ലയോ?' അവർ പറയും: 'അതെ, മുന്നറിയിപ്പുകാരൻ വന്നിട്ടുണ്ടായിരുന്നു. പക്ഷേ, ഞങ്ങളദ്ദേഹത്തെ നിഷേധിച്ചുകളഞ്ഞു. ഞങ്ങൾ പറഞ്ഞു: അല്ലാഹു ഒന്നുംതന്നെ അവതരിപ്പിച്ചിട്ടില്ല; നിങ്ങൾ വലിയ വഴികേടിലകപ്പെട്ടിരിക്കുകയാണ്.' അവർ കേഴും: 'കഷ്ടം! ഞങ്ങൾ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്തിരുന്നുവെങ്കിൽ! എങ്കിൽ ഇന്ന് ഈ കത്തിക്കാളുന്ന നരകത്താൽ ശിക്ഷിക്കപ്പെട്ടവരിൽ ഞങ്ങൾ ഉൾപ്പെടുമായിരുന്നില്ലല്ലോ?' അവർ സ്വന്തം കുറ്റം ഈവിധം ഏറ്റുപറയുന്നു. ആ നരകാവകാശികൾക്കല്ലോ ശാപം! തങ്ങളുടെ റബ്ബിനെ കാണാതെത്തന്നെ ഭയപ്പെടുന്നവരുണ്ടല്ലോ, നിശ്ചയം അവർക്കുള്ളതത്രെ പാപമുക്തിയും മഹത്തായ പ്രതിഫലവും" (67: 6-12).**

# ഇസ്‌ലാമിൽ പ്രവേശിക്കാൻ

ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ആറ് വിശ്വാസ സ്തംഭങ്ങളും അഞ്ച് അനുഷ്ഠാന കർമങ്ങളുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനം. ഈ തത്വങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തുകഴിഞ്ഞാൽ, താഴെ പറയുന്ന കാര്യങ്ങൾ ലളിതമായി പ്രഖ്യാപിക്കുന്നതിലൂടെ ഒരാൾക്ക് മുസ്‌ലിമാകാം:

**അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്,**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

**അല്ലാഹു അല്ലാതെ ആരാധനയ്ക്ക് യോഗ്യനായ ഒരു ദൈവമില്ലെന്നും**
**മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും**
**ഞാൻ സാക്ഷ്യം വഹിക്കുന്നു.**

ഈ പ്രസ്താവനയെ അറബിയിൽ 'ശഹാദ' എന്ന് വിളിക്കുന്നു. അതായത്, വിശ്വാസത്തിന്റെ പ്രതിജ്ഞയും സ്ഥിരീകരണവും. ആദ്യം അറബിയിലും പിന്നീട് പുതുതായി ഇസ്‌ലാം സ്വീകരിക്കുന്ന

മുസ്‌ലിമിന് മനസ്സിലാകുന്ന ഭാഷയിലുമാണ് ഇത് പറയുന്നത്.

ശഹാദ ഉച്ചരിച്ചുകഴിഞ്ഞാൽ, ഒരാൾ മുസ്‌ലിമായി മാറുകയും അതു മുതൽ വിശ്വാസത്തിലും പ്രവൃത്തിയിലും മതനിഷ്ഠ പുലർത്താൻ പ്രതിജ്ഞാബദ്ധനാവുകയും ചെയ്യുന്നു.

ഒരാൾ ഇസ്‌ലാം സ്വീകരിക്കുമ്പോൾ, യഥാർഥത്തിൽ തന്റെ ജന്മമതത്തിലേക്ക് മടങ്ങുകയാണ് ചെയ്യുന്നത്. കാരണം, എല്ലാവരും ജനിക്കുന്നത് മുസ്‌ലിംകളായാണ്. അതായത്, ജനനസമയത്ത് എല്ലാവരും അല്ലാഹുവിന്റെ ഇഷ്ടത്തിന് പൂർണമായി കീഴടങ്ങുകയും അടിസ്ഥാന ധാർമികതയെക്കുറിച്ച് ജന്മനാ അവബോധം ഉണ്ടാവുകയും ചെയ്യുന്നു, (അറബിയിൽ ഫിത്വ്‌റ എന്ന് പറയും).

എന്നാൽ വളർന്നു വരുമ്പോൾ, പ്രത്യേക മതത്തിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നത് മാതാപിതാക്കളും ചുറ്റുമുള്ള സംസ്കാരവുമാണ്. അതിനാൽ, സത്യം അന്വേഷിക്കുകയും വിശ്വാസത്തിന്റെയും മതത്തിന്റെയും കാര്യങ്ങളിൽ യുക്തിസഹവും അർഥവത്തുമായ സമീപനം സ്വീകരിക്കുകയും ചെയ്യേണ്ടത് വ്യക്തിയുടെ ഉത്തരവാദിത്തമാണ്.

# വിശ്വാസത്തെക്കുറിച്ച സത്യം

1. ജനിച്ച സാഹചര്യം കൊണ്ടോ
   പൂർവ്വികരെ പിന്തുടരുന്നത്
   കൊണ്ടോ ഉണ്ടാകുന്ന അന്ധമായ
   വിശ്വാസം ശരിയായ വിശ്വാസമല്ല.

2. യഥാർത്ഥ വിശ്വാസം അറിവ്,
   യുക്തി, ചിന്ത എന്നിവയിൽ
   അധിഷ്ഠിതമായിരിക്കണം.

3. ഒരാളുടെ വിശ്വാസത്തിന്റെ
   അടിത്തറ ശക്തമായ തെളിവുകളുടെ
   പിൻബലം ഉള്ളതാകണം

കുറിപ്പ്:
ഇസ്‌ലാമിൽ വിശ്വാസവും യുക്തിയും പരസ്പര
വിരുദ്ധമല്ല. ഒരാളുടെ വിശ്വാസം തെളിയിക്കാനും
അത് കൂടുതൽ ദൃഢമാക്കാനും യുക്തി
ഉപയോഗിക്കേണ്ടത് അനിവാര്യമാണ്.

# പദാവലി

**അല്ലാഹു:** സ്രഷ്ടാവും പ്രപഞ്ചനാഥനുമായ ദൈവത്തിന്റെ വ്യക്തിപരമായ നാമം.

**ആയത്ത്:** ഖുർആനിലെ വാക്യം, സൂക്തം. 'ദൈവത്തിന്റെ അടയാളം' എന്നും ഇതിന് അർഥമുണ്ട്.

**ഖലീഫ:** മുസ്‌ലിം സമൂഹത്തിന്റെ നേതാവ്. ഈ വാക്ക് 'ഖലീഫ' എന്ന അറബി പദത്തിൽ നിന്നാണ് നിഷ്പന്നമായത്. 'പ്രതിനിധി' എന്നും ഇതിന് അർഥമുണ്ട്.

**ഹദീസ്:** ഹദീസ്, സുന്നത്ത് എന്നിവ യഥാക്രമം, പ്രവാചകൻ മുഹമ്മദ് നബിയുടെ വാക്കുകളും ജീവിതത്തിലെ ചര്യകളുമാണ്. അവ പ്രവാചകന്റെ അധ്യാപനങ്ങളുടെ സമാഹാരമാണ്. അവയെ മൊത്തത്തിൽ 'പ്രവാചകന്റെ സുന്നത്ത്' എന്ന് വിളിക്കുന്നു.

**ഹജ്ജ്:** മക്കയിലേക്കുള്ള മുസ്‌ലിംകളുടെ വാർഷിക തീർഥാടനം.

**ഹിജ്റ:** മക്കയിൽ നിന്ന് മദീനയിലേക്കുള്ള മുസ്‌ലിംകളുടെ കുടിയേറ്റം. ക്രിസ്ത്വാബ്ദം 622-ലാണ് ഇത് നടന്നത്. ഹിജ്റ കലണ്ടർ എന്നറിയപ്പെടുന്ന മുസ്‌ലിം ചാന്ദ്ര കലണ്ടറിന് തുടക്കം കുറിച്ചത് ഇതിനെ ആസ്പദിച്ചാണ്.

**ഇബാദി:** ഇസ്‌ലാമിക നിയമ വിദ്യാലയങ്ങളിൽ ഒന്ന്.

**ഇസ്‌ലാം:** സ്രഷ്ടാവായ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കാനും അവന്റെ ഇഷ്ടത്തെ പൂർണമായി

അംഗീകരിക്കാനും അനുസരിക്കാനും ആഹ്വാനം ചെയ്യുന്ന ദർശനത്തിന്റെ നാമം.

**ജിഹാദ്:** അല്ലാഹുവിന്റെ മാർഗത്തിൽ പരിശ്രമിക്കുകയോ പോരാടുകയോ ചെയ്യുക. അങ്ങനെ, അല്ലാഹുവിന്റെ പ്രീതിയും അംഗീകാരവും നേടുക എന്ന ലക്ഷ്യത്തോടെ ഒരു വിശ്വാസി ചെയ്യുന്ന ഓരോ പ്രവൃത്തിയും ജിഹാദാണ്.

**ജിന്ന്:** അല്ലാഹുവിന്റെ മറ്റൊരു സൃഷ്ടിയാണ് ജിന്ന്. ആത്മാക്കളായ അവയ്ക്ക് ഭൗതിക ശരീരങ്ങളില്ല. അവർക്ക് ഇച്ഛാ സ്വാതന്ത്ര്യമുണ്ട്. അതിനാൽ സത്യവിശ്വാസം സ്വീകരിക്കുകയോ, തിരസ്കരിക്കുകയോ ചെയ്യാം.

**കഅ്ബ:** ഏകദൈവത്തെ ആരാധിക്കുന്നതിനായി ഭൂമിയിൽ നിർമിച്ച ആദ്യത്തെ ഭവനം. മക്കയിലെ വലിയ പള്ളിയുടെ അങ്കണത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. സാധാരണയായി ഇത് കറുത്ത തുണിയിൽ പൊതിഞ്ഞിരിക്കും.

**മദീന:** മക്കയിൽ നിന്ന് ഏകദേശം 400 കിലോമീറ്റർ വടക്ക് സ്ഥിതി ചെയ്യുന്ന സൗദി അറേബ്യയിലെ ഒരു നഗരം. ഇസ്‌ലാമിലെ രണ്ടാമത്തെ ഏറ്റവും പുണ്യമായ പ്രവാചകന്റെ പള്ളി സ്ഥിതി ചെയ്യുന്ന ഇടം (അറബിയിൽ മസ്ജിദ് അന്നബവി എന്ന് പറയും).

**മക്ക:** സൗദി അറേബ്യയുടെ പടിഞ്ഞാറൻ ഭാഗത്ത് സ്ഥിതി ചെയ്യുന്ന നഗരം. ഇസ്‌ലാമിലെ ആദ്യത്തെ പുണ്യ പള്ളിയുടെ സ്ഥാനമാണിവിടം. പവിത്രമായ പള്ളി (അറബിയിൽ മസ്ജിദ് അൽഹറം എന്നാണ് ഇത് വിളിക്കപ്പെടുന്നത്).

**മുസ്‌ലിം:** ഇസ്‌ലാമിന്റെ തത്വങ്ങളിൽ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുന്ന വ്യക്തി.

**ഖിബ്‌ല:** മുസ്‌ലിംകൾ പ്രാർഥനകളിൽ അഭിമുഖീകരിക്കുന്ന മക്കയിലെ കഅ്ബയുടെ ദിശ.

**ഖുർആൻ:** മുഹമ്മദ് നബിക്ക് അവതീർണമായ അവസാനത്തെ ദിവ്യ സന്ദേശം.

**ശരീഅത്ത്:** അടിസ്ഥാന വിശ്വാസങ്ങൾ, ആരാധനാരീതികൾ, ധാർമികത, സാമൂഹിക-സാമ്പത്തിക തത്വങ്ങൾ, ശിക്ഷാ നിയമം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഇസ്‌ലാമിക പെരുമാറ്റച്ചട്ടം.

**ശീഅ:** ഇസ്‌ലാമിക നിയമപാഠശാലകളിൽ ഒന്ന്.

**സുന്നി:** ഇസ്‌ലാമിക നിയമപാഠശാലകളിൽ ഒന്ന്.

**സൂറ:** ഖുർആനിലെ അധ്യായത്തിന് പറയുന്ന പേര്.

**ഉമ്മ:** ലോകത്തിലെ മുഴുവൻ മുസ്‌ലിം സമൂഹവും ഉൾക്കൊള്ളുന്ന ജനത.

**അർ-റഹ്മാൻ:** പരമ കാരുണികൻ. ഇത് അല്ലാഹുവിന്റെ ഗുണങ്ങളിൽ ഒന്നാണ്.

# കുറിപ്പുകൾ

1. പ്രവാചകന്മാരുടെ പേരുകൾ പരാമർശിക്കുമ്പോഴെല്ലാം, മുസ്‌ലിംകൾ "അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും ഉണ്ടാകട്ടെ" എന്ന് പ്രാർഥിക്കുന്നു (ഖുർആൻ 33:56, 37:181 എന്നിവ കാണുക).
2. ഖുർആൻ 2:132, 136, 22:78
3. ഖുർആനിലെ നിരവധി വാക്യങ്ങളിൽ വിശ്വാസ പ്രമാണങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ഉദാഹരണമായി; 2:3-4, 2:285, 4:136, 54:49, മറ്റ് വാക്യങ്ങൾ.
4. നമ്മുടെ പ്രവൃത്തികൾ ദൈവം മുൻകൂട്ടി നിശ്ചയിച്ചിട്ടില്ലെന്ന് ഖുർആനിൽ വ്യക്തമാണ്. ഉദാഹരണത്തിന്; 4:62, 10:44, 13:11, 18:29, 30:41, മറ്റ് വാക്യങ്ങൾ കാണുക.
5. ഖുർആനിലെ നിരവധി വാക്യങ്ങളിൽ മത പ്രമാണങ്ങൾ പ്രതിപാദിക്കുന്നുണ്ട്, ഉദാഹരണത്തിന്; 2:3, 2:43, 2:183, 2:196, 3:97, 22:78 തുടങ്ങിയ വാക്യങ്ങൾ.
6. തഖ്‌വ എന്നാൽ സൂക്ഷ്മത പാലിക്കുക, ഭയപ്പെടുക, സംരക്ഷിക്കുക എന്നാണ് അർത്ഥമാക്കുന്നത്. അല്ലാഹുവിന്റെ കോപത്തിൽ നിന്ന് സ്വയം സംരക്ഷിക്കാനും അവന്റെ സാന്നിധ്യത്തെക്കുറിച്ച് ബോധവാന്മാരാകാനുമുള്ള ശ്രമമാണ് തഖ് വ. ഈ ദൈവബോധം ഭക്തിയും സൂക്ഷ്മതയും കൈവരിക്കുന്നതിനുള്ള പ്രേരകശക്തിയാണ്. അഥവാ, നന്മ ചെയ്യാനും, തിന്മ ഉപേക്ഷിക്കാനുമുള്ള പ്രേരണ.
7. പ്രവാചകന്റെ സന്ദേശം ജിന്നുകൾക്കും ബാധകമാണ്. ഖുർആൻ 7:158, 21:107, 33:40, 34:28.

8. മക്കയിലെ പ്രമുഖരിൽ ഒരാളായിരുന്ന ഉത്ബ ബിൻ റബീഅ് (അബു സുഫ്‌യാന്റെ ഭാര്യാപിതാവ്) ആണ് നേതൃത്വം സംബന്ധിച്ച് ഈ വാഗ്ദാനം നൽകിയത്.

9. ഖുർആൻ 29:50-51

10. എ. യൂസഫ് അലി എഴുതിയ വിശുദ്ധ ഖുർആൻ, വിവർത്തനവും വ്യാഖ്യാനവും - ദി ഇസ്‌ലാമിക് ഫൗണ്ടേഷൻ, ലണ്ടൻ, 1975. 7:157 ആയത്തിന്റെ വ്യാഖ്യാനം.

11. ഖുർആൻ 3:3, 4:47, 5:48, 15:9, 26:192-196, 76:23, മറ്റ് വാക്യങ്ങൾ.

12. അല്ലാഹുവുമായും മറ്റ് സൃഷ്ടികളുമായും മനുഷ്യനുള്ള ബന്ധം ഖുർആനിലെ നിരവധി വാക്യങ്ങളിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ഉദാഹരണത്തിന്; 1:2, 2:21-22, 2:257, 7:54, 50:21, 82:10-12, 18:50, 6:112, 12:5, 6:38, 2:164, 31:10, 36:71-73.

13. ഖുർആൻ 2:38-39, 2:81-82, 17:9-10.

14. ഖുർആൻ 3:137, 10:71–73; 11:25–49, 12: 1–113, 17:2-8, 71:1–28.

15. ഖുർആനിലെ പർവതങ്ങളുടെ ഭൂമിശാസ്ത്രപരമായ ആശയം, എൽ-നഗ്ഗർ, പേജ് 5.

16. ഈ വിഷയത്തെക്കുറിച്ച അധിക വായനയ്ക്ക്: (1) ഡോ. സാക്കിർ നായിക്കിന്റെ ഖുർആനും ആധുനിക ശാസ്ത്രങ്ങളും, (2) മൗറീസ് ബുക്കൈലിന്റെ ബൈബിൾ, ഖുർആൻ ആൻഡ് സയൻസ്, (3) കാനർ തസ്‌ലമാൻ എഴുതിയ ഖുർആൻ: വെല്ലുവിളിക്കാനാവാത്ത അത്ഭുതം, എൻഡർ ഗുറോൾ വിവർത്തനം ചെയ്തത്.

17. ഖുർആൻ 2:34, 17:61

18. ഖുർആൻ 14:44-46, 74:8-10, 80:33-46

19. ഖുർആൻ 13:22-23, 36:55-56, 52:21

20. ഖുർആൻ 5:48, 16:36, 10:47

21. ഖുർആൻ 3:64–65; 3:98–100, 4:47, മറ്റ് വാക്യങ്ങൾ.

22. ക്രിസ്തീയ പശ്ചാത്തലമുള്ള ബൈബിൾ പണ്ഡിതന്മാരും ഈ

വസ്തുത ഉറപ്പിച്ചു പറയുന്നു. ഉദാഹരണത്തിന് ഖുർആൻ 2:75, 2:79, 2:146, 159, 174, 3:71, 4:46, 5:13, 5:15.

(1) 'യേശുവിനെ തെറ്റായി ഉദ്ധരിക്കുന്നു', (2) ബാർട്ട് ഡി. എഹ്ർ മാൻ എഴുതിയ 'യേശു തടസ്സപ്പെടുത്തി' എന്നിവ കാണുക.

23. ഖുർആൻ 5:48.

24. ഖുർആൻ 11:118-119

25. ഖുർആൻ 3:59, 4:171, 5:75, 5:116-117, 19:30,

26. ബൈബിൾ (KJV); മത്തായി 24:36, യോഹന്നാൻ 5:30, 14:28, 17:3, 20:17, പ്രവൃത്തികൾ 2:22. ഈ വിഷയത്തെക്കുറിച്ചുള്ള അധിക വായനയ്ക്ക് സന്ദർശിക്കുക: http://www.islam-guide.com/ch3-10-1.htm. ഡോ. ലോറൻസ് ബ്രൗണിന്റെ 'ദി ഫസ്റ്റ് ആൻഡ് ഫൈനൽ ടെസ്റ്റമെന്റ്' എന്ന പുസ്തകവും വായിക്കാം.

27. ഖുർആൻ 3:45, 4:171, 5:72, 19:30.

28. ഖുർആൻ 19:27–33, ഖുർആൻ 3:49; 5:110.

29. ഖുർആൻ 5:110, 57:27.

30. യേശുവിനെ 'ഇസ്രായേൽ മക്കൾ'ക്ക് വേണ്ടിയാണ് അയച്ചതെന്ന് ബൈബിളിന്റെ എല്ലാ പതിപ്പുകളും സാക്ഷ്യപ്പെടുത്തുന്നു. ഉദാഹരണത്തിന്, ബൈബിൾ (KJV), മത്തായി 10:5–6, മത്തായി 15:22–26 എന്നിവ കാണുക.

31. നിരീശ്വരവാദത്തിന്റെ ശക്തമായ വക്താവായിരുന്ന സർ ആന്റണി ഫ്ലൂവും ശാസ്ത്രജ്ഞനായിരുന്നു. 2004-ൽ അദ്ദേഹം ദൈവ വിശ്വാസം പ്രഖ്യാപിക്കുകയും 2007-ൽ 'ദൈവമുണ്ട്: ലോകത്തിലെ ഏറ്റവും കുപ്രസിദ്ധനായ നിരീശ്വരവാദി തന്റെ മനസ്സ് മാറ്റിയതെങ്ങനെ' എന്ന പേരിൽ ഒരു പുസ്തകം എഴുതുകയും ചെയ്തു.

32. ഖുർആൻ 7:172 ഉം 30:30 ഉം

33. ഖുർആൻ 3:86, 10:9, 13:27, 17:97, 18:17, 48:4, 74:31.

34. ഖുർആൻ 17:70, 23:115, 29:2, 30:8

35. ചരിത്രത്തിൽ സ്ത്രീകൾ അനുഭവിച്ച അനീതിക്ക് നിരവധി ഉദാഹരണങ്ങളുണ്ട്; (1) ഇസ്‌ലാമിന് മുമ്പുള്ള അറേബ്യയിൽ ശി

ശുക്കളായ പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. (2) റോമൻ നാഗരികത സ്ത്രീകളെ അടിമകളായും, ഗ്രീക്കുകാർ സ്ത്രീകളെ ഉപഭോഗവസ്തുവായും കണക്കാക്കിയിരുന്നു. (3) ഫ്രാൻസിൽക്രി. 587-ൽ സ്ത്രീകൾ മനുഷ്യരാണോ അല്ലയോ എന്ന് തീരുമാനിക്കാൻ ഒരു സമ്മേളനം നടക്കുകയുണ്ടായി. (4) 1850-ന് മുമ്പ് ഇംഗ്ലണ്ടിൽ സ്ത്രീകളെ പൗരന്മാരായി കണക്കാക്കിയിരുന്നില്ല, 1882 വരെ അവർക്ക് വ്യക്തിപരമായ അവകാശങ്ങളൊന്നും ഉണ്ടായിരുന്നില്ല. (5) ചൈനീസ് സംസ്കാരത്തിൽ പുരുഷന്മാർക്ക് ഭാര്യമാരെ അടിമകളായി വിൽക്കാൻ മാത്രമല്ല, അവരെ ജീവനോടെ കുഴിച്ചുമൂടാനും അനുവാദമുണ്ടായിരുന്നു. (6) ഹിന്ദുക്കൾ സ്ത്രീകളെ മരണം, നരകം, വിഷം, തീ എന്നിവയേക്കാൾ മോശമായ ദുരിതമായാണ് കണ്ടിരുന്നത്.

36. ഖുർആൻ 2:190, 2:193, 2:217, 4:75, 8:39

37. ഖുർആൻ 8:67-70. 8, 9 അധ്യായങ്ങളിലെ വലിയൊരു ഭാഗം യുദ്ധത്തിനുള്ള സാഹചര്യങ്ങൾ, യുദ്ധം എങ്ങനെ നടത്തണം, യുദ്ധത്തിലെ വെടിനിർത്തൽ സംബന്ധിച്ച നിയമങ്ങൾ, അഭയം തേടുന്നവർ, യുദ്ധത്തിൽ കൊള്ളയടിക്കപ്പെട്ട വസ്തുക്കളുടെ മാനേജ്മെന്റ്, യുദ്ധത്തടവുകാരുടെ പെരുമാറ്റം എന്നിവ കൈകാര്യം ചെയ്യുന്നുണ്ട്. യുദ്ധത്തടവുകാരുടെ പെരുമാറ്റം സംബന്ധിച്ച് ചരിത്രത്തിൽ ആദ്യമായി നിയമങ്ങൾ കൊണ്ടുവന്നത് ഇസ് ലാമാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്.

38. വധശിക്ഷ നിർത്തലാക്കൽ സമയക്രമം കാണുക: http://en.wikipedia.org/wiki/Abolition_of_slavery_timeline

39. ഖുർആൻ 10:99, 109:1–6.

40. റഫറൻസ് VI, പേജ് 183

41. റഫറൻസ് VII, പേജ് 4

42. റഫറൻസ് VII, പേജ് 4

43. റഫറൻസ് VIII, പേജ് 110-114

44. റഫറൻസ് VIII, പേജ് 116-118

# അവലംബം

I. വിശുദ്ധ ഖുറാൻ, പരിഭാഷയും വ്യാഖ്യാനവും, എ. യൂസഫ് അലി, ഇസ്‌ലാമിക് ഫൗണ്ടേഷൻ, ലണ്ടൻ, 1975.

II. സയ്യിദ് അബുൽ അലാ മൗദൂദിയുടെ തഫ്ഹീമുൽ ഖുർആൻ. ഇസ്‌ലാമിക് ഫൗണ്ടേഷൻ, ലണ്ടൻ, 1992.

III. ഖുർആനും ആധുനിക ശാസ്ത്രവും: സംഘർഷമോ, അനുരഞ്ജനമോ? ഡോ. സാക്കിർ നായിക് (2008), ഇസ്‌ലാമിക് റിസർച്ച് ഫൗണ്ടേഷൻ, മുംബൈ, ഇന്ത്യ.

IV. ഉലൂമുൽ-ഖുർആൻ, ഖുർആനിക ശാസ്ത്രത്തിന് ഒരു ആമുഖം. അഹമ്മദ് വോൺ ഡെൻഫർ, ദി ഇസ്‌ലാമിക് ഫൗണ്ടേഷൻ, ലണ്ടൻ, 1983.

മുഹമ്മദ് ഹിന്ദു ഗ്രന്ഥങ്ങളിൽ - ഡോ. വേദ് പ്രകാശ് ഉപാദ്ധ്യായ, എ.എസ്. നൂറുദ്ദീൻ പ്രസിദ്ധീകരിച്ചത്, മലേഷ്യ, 2007

VI. താരിഖ് റമദാൻ, റാഡിക്കൽ റിഫോം: ഇസ്‌ലാമിക് എത്തിക്സ് ആൻഡ് ലിബറേഷൻ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ഓക്സ്ഫോർഡ്, 2009.

VII. ക്ലിന്റൺ ബെന്നറ്റ്, മുസ് ലിംകളും ആധുനികതയും: ഒരു ആമുഖം. പ്രശ്നങ്ങളും സംവാദങ്ങളും, കോണ്ടിനം, ന്യൂയോർക്ക്, 2005.

VIII. മെഹ്മെത് ഒസാൾപ്പ്, പാരമ്പര്യത്തിനും ആധുനികതയ്ക്കും ഇടയിലുള്ള ഇസ്‌ലാം, ബാർട്ടൺ ബുക്സ്, ഓസ്ട്രേലിയ, 2012.




"അർ-റഹ്മാൻ", പരമകാരുണികൻ.
ഇത് അല്ലാഹുവിന്റെ ഗുണങ്ങളിൽ ഒന്നാണ്